വാസിലി മസോവ്

*

# സമാധാനത്തിൽ കഴിയാൻ രാഷ്ട്രങ്ങൾക്കുള്ള അവകാശം

SR. 755

**PUBLIC LIBRARY**..................................

Cat No:

Accession No:

## പ്രിയ വായനക്കാരെ, ശ്രദ്ധിക്കുക.

★ പുസ്തകം കേടുവരുത്തരുത്,

★ മുഷിപ്പിക്കരുത്,

★ അലക്ഷ്യമായിടരുത്,

★ കൈമാററരുത്,

★ പേജുകളുടെ മൂല മടക്കരുത്,

★ നിങ്ങൾ വായന കഴിഞ്ഞാൽ താഴെ കാണുന്ന തീയതിക്കോ, അതിനുമുമ്പോ പുസ്തകം വായനശാലയിൽ തിരിച്ചേൽപിക്കുക.

എന്നു സസ്നേഹം,

നിങ്ങളുടെ L. L. A. ലൈബ്രേറിയൻ

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

**THE RIGHT OF NATIONS TO LIVE IN PEACE**

By

**Vasili Mazov**

*Malayalam (1975)*

Price: 50 Paise | വില: 50 പൈസ

Printed by L. V. Sorokin and Published by him at Soviet Nadu Office, 44, Theagaraya Road, Madras-600017, for the Information Department of the USSR Embassy in India. Printed at the Janatha Press, Madras-600014.

BRANCH LIBRARY
HG-25
DEVELOPMENT COMMITTEE

# ഉള്ളടക്കം

അദ്ധ്യായം I

സാവ്വദേശീയ നിയമം—സമാധാനാജ്ജനത്തിന്നുള്ള
ഒരു സാമൂഹ്യോപകരണം 5

ആക്രമണയുദ്ധനിരോധനം 5

ആക്രമണത്തിന്നുള്ള ഉത്തരവാദിത്വം 12

അദ്ധ്യായം II

സമാധാനസംരക്ഷണത്തിന്നു് ഐ. രാ. സംഘടനയ്ക്കുള്ള
കഴിവു് 21

ബലപ്രയോഗത്തിന്റെയും ബലപ്രയോഗ
ഭീഷണിയുടെയും നിരാകരണപ്രശ്നവും
ഐക്യരാഷ്ട്രസംഘടനയും 21

നിരായുധീകരണവും ഐക്യരാഷ്ട്രസംഘടനയും 34

അദ്ധ്യായം III

സമാധാനപരിപാടിയുടെ ഊർജ്ജസ്വലത 44

യാഥാത്ഥ്യബോധത്തോടുകൂടിയ
ഒരു നിലപാടിൽനിന്നു് 45

സോഷ്യലിസ്റ്റ് സാവ്വദേശീയവാദം
പ്രവത്തനത്തിൽ 62

SR 755

അദ്ധ്യായം I

# സാർവദേശീയനിയമം— സമാധാനാർജ്ജനത്തിന്നുള്ള ഒരു സാമൂഹ്യോപകരണം

## ആക്രമണയുദ്ധനിരോധനം

നമ്മുടെ കാലഘട്ടത്തിലെ കേന്ദ്രപ്രശ്നം സമാധാനവും സാർവ്വദേശീയസഹകരണവും കൈവരുത്തുന്നതിന്നുവേണ്ടി പ്രയത്നിക്കുകയെന്നതാണ്.

1973 ഒക്ടോബർ 25-ാംനു- മുതൽ 31-ാംനു- വരെ മോസ്കോവിൽവെച്ച നടന്ന ലോകസമാധാനകോൺഗ്രസ്സിന്റെ ശ്രദ്ധാകേന്ദ്രവും ഈ പ്രശ്നംതന്നെയായിരുന്നു.

ഇത്രയും പ്രാതിനിദ്ധ്യസ്വഭാവത്തോടെയുള്ള ഒരു സമ്മേളനവും ചരിത്രത്തിലിന്നേവരെ നടന്നിട്ടില്ല. 143 രാഷ്ട്രങ്ങളിൽനിന്നായി 120 സാർവ്വദേശീയസംഘടനകളേയും 1110 ദേശീയസംഘടനകളേയും പ്രസ്ഥാനങ്ങളേയും പ്രതിനിധീകരിച്ചുകൊണ്ട് സോഷ്യലിസ്റ്റ്രാഷ്ട്രങ്ങളിൽനിന്നും മുതലാളിത്തരാഷ്ട്രങ്ങളിൽനിന്നും വികസ്വരരാഷ്ട്രങ്ങളിൽനിന്നും വന്ന പ്രതിനിധികൾ കോൺഗ്രസ്സിൽ സംബന്ധിച്ചിരുന്നു. സമാധാനത്തിന്നുള്ള രാഷ്ട്രങ്ങളുടെ അവകാശം കോൺഗ്രസ്സിലെ പ്രതിനിധികൾ പ്രഖ്യാപിച്ചു; ഇന്നത്തെകാലത്ത് സമാധാനവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന്നു അംഗീകരിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾക്ക് അവർ രൂപംനൽകുകയും ചെയ്തു.

ലോകത്തിൽ 150-ഓളം പരമാധികാരരാഷ്ട്രങ്ങളാണുള്ളത്. സാമ്പത്തികമായും രാഷ്ട്രീയമായും അവ വ്യത്യസ്തങ്ങളാണ്. അവയുടെ സാമൂഹ്യവ്യവസ്ഥകളും വ്യത്യസ്തങ്ങളാകുന്നു. അതിനാൽ ഇങ്ങിനെ വ്യത്യസ്ത സാമൂഹ്യവ്യവസ്ഥകളുള്ള രാഷ്ട്രങ്ങൾ തമ്മിൽ അന്യോന്യം ബന്ധപ്പെട്ടുകൊണ്ട് സമാധാനപരമായ വികാസത്തിലേക്ക് മുന്നേറുന്നതിന്നു സാർവ്വദേശീയനിയമങ്ങൾ അനുസരിക്കാതെ നിവൃത്തിയില്ല. അതുകൊണ്ടുതന്നെയാണ്, സമാ

ധാനത്തിൻെറ പ്രശ്നം വരുമ്പോൾ സാർവ്വദേശീയനിയമങ്ങളോടുള്ള ബഹുമാനം ഇന്നു് ഒരു മുഖ്യോപാധിയായിത്തീർന്നിട്ടുള്ളതു്. രാഷ്ട്രങ്ങൾ തമ്മിൽ സമാധാനം കൈവരുത്തുന്നതിന്നും നിലനിർത്തുന്നതിന്നും എന്തെല്ലാം ചട്ടങ്ങളും തത്വങ്ങളുമാണു് ഈ നിയമം അനുശാസിക്കുന്നതു്? ഇത്രയെല്ലാമായിട്ടും ഇപ്പോഴും എന്തുകൊണ്ടാണു് സായുധസംഘട്ടനകൾ അടിക്കടി നടക്കുന്നതു്? അവ എങ്ങിനെ എന്നെന്നേയ്ക്കുമായി അവസാനിപ്പിക്കാം? രാഷ്ട്രങ്ങൾക്കു് സമാധാനത്തോടെ കഴിയാനുള്ള അവകാശം എങ്ങിനെ ഉറപ്പിയ്ക്കാം? ഈ പ്രശ്നങ്ങൾക്കു് മറുപടി പറയാനാണു് ഈ ലഘുലേഖ ശ്രമിയ്ക്കുന്നതു്.

മുതലാളിത്തത്തിൽനിന്നു് സോഷ്യലിസത്തിലേക്കുള്ള പരിവർത്തനത്തിൻേറതായ ഇന്നത്തെ കാലഘട്ടത്തിൽ സോഷ്യലിസത്തിൻെറയും ജനാധിപത്യത്തിൻെറയും ശക്തികളും സാമ്രാജ്യത്വത്തിൻെറയും പ്രതിലോമകാരികളുടേയും ശക്തികളും തമ്മിലുള്ള കടുത്ത സമരത്തെ പ്രതിഫലിപ്പിക്കുന്ന ഒരു മണ്ഡലമായിത്തീർന്നിരിക്കുന്നു സാർവ്വദേശീയ നിയമം. സാർവ്വദേശീയബന്ധങ്ങളിൽ നിയമവിധേയമെന്നു് ഗണിയ്ക്കാവുന്നതെന്താണെന്ന കാര്യത്തിൽ എല്ലാവർക്കും സ്വീകാര്യമായ ഒരു തീരുമാനമെടുക്കുന്നതിന്നു് ഗണ്യമായ ഒട്ടേറെ പ്രതിബന്ധങ്ങൾ തരണംചെയ്യേണ്ടതുണ്ടു്; അത്തരമൊരു തീരുമാനം നടപ്പാക്കാനും അത്രതന്നെ വിഷമമുണ്ടു്. യുദ്ധവും സമാധാനവുമെന്ന പ്രശ്നത്തിൻെറ കാര്യത്തിലും സമാധാനപരമായ സഹവർത്തിത്വത്തിൻെറ കാര്യത്തിലും സാർവ്വദേശീയ നിയമത്തിൻെറ തത്വങ്ങളും ചട്ടങ്ങളും നിർണ്ണയിക്കുന്നതിന്നു്, അപരിഹൃതങ്ങളായ ഈ പ്രതിബന്ധങ്ങൾ തീർച്ചയായും കണക്കിലെടുക്കേണ്ടതുണ്ടു്.

സമാധാനപരമായ സഹവർത്തിത്വമെന്ന ലെനിൻെറ ആശയം പ്രഥമവും പ്രധാനവുമായി രാഷ്ട്രങ്ങൾ തമ്മിലുള്ള സമാധാനപരമായ ബന്ധങ്ങൾക്കു് വഴികാട്ടുന്നു. എങ്കിലും അതു് അവിടെയും അവസാനിക്കുന്നില്ല. സഹവർത്തിത്വമെന്നാൽ വിവാദപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്നു് യുദ്ധത്തെ ഉപകരണമാക്കാതിരിക്കുകയെന്നു മാത്രമല്ല, അർത്ഥം; സഹകരണവും അതു് അനുശാസിക്കുന്നുണ്ടു്; രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ മേഖലകളിൽ സോഷ്യലിസ്റ്റു് രാഷ്ട്രങ്ങളും മുതലാളിത്തരാഷ്ട്രങ്ങളും തമ്മിൽ സഹകരിക്കണമെന്നും അതു് നിർദ്ദേശിക്കുന്നു. സമാധാനവും സഹവർത്തിത്വവും ശക്തിപ്പെടുത്തുന്നതിന്നു് ലോകവാണിജ്യത്തെ അതിപ്രധാനമായ ഒരു ഉപാധിയായി ലെനിൻ ചൂണ്ടിക്കാട്ടി. സമാധാനപരമായ സഹവർത്തിത്വമെന്നാൽ കൂടിയാലോചനകളിലൂടെയും കരാറുകളിലൂടെയും തർക്കങ്ങൾ പരിഹരിക്കുകയെന്നാണർത്ഥം. പക്ഷെ തികച്ചും പരസ്പരവിരുദ്ധങ്ങളായ സാമൂഹ്യവ്യവസ്ഥകളോടുകൂടിയ രാഷ്ട്രങ്ങൾ തമ്മിൽ കരാറുണ്ടാക്കുമ്പോൾ ആശയപരമായ ഒത്തുതീർപ്പു് ഒരു മുന്നുപാധിയായി സ്വീകരിക്കാൻ പററുകയില്ലെന്നോർക്കണം.

സോഷ്യലിസവും മുതലാളിത്തവും ലോകവ്യാപകമായ തോതിൽ സമാധാനപരമായി മത്സരിക്കുന്നതിന്നു് സമാധാനപരമായ സഹവർത്തിത്വം ഒരടിസ്ഥാനമായിത്തീരുന്നുവെന്നാണു് സോവിയററ് കമ്യൂണിസ്റ്റു പാർട്ടിപരിപാടി പറയുന്നതു്. അവ തമ്മിലുള്ള വർഗ്ഗസമരത്തിൻെറ ഒരു സവിശേഷരൂപമായി അതു് നിലകൊള്ളുന്നു.

സമാധാനപരമായ സഹവർത്തിത്വത്തിൻെറ തത്വം ഒരു സാർവ്വദേശീയതത്വമാണു്. വൻശക്തികൾ തമ്മിലും മററു രാഷ്ട്രങ്ങൾ തമ്മിലും ബന്ധങ്ങൾ ഉണ്ടാക്കുന്നതു് ഇതിൻെറ അടിസ്ഥാനത്തിലായിരിക്കണം. താല്ക്കാലികമായ രാഷ്ട്രീയാവശ്യം നിറവേററുന്നതിന്നുവേണ്ടിയുള്ള ഒരു ഉപായമല്ല സമാധാനപരമായ സഹവർത്തിത്വമെന്ന ആശയം; നേരേമറിച്ചു് പുതിയ, സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥയുടെ സ്വഭാവത്തിൽനിന്നാണതിൻെറ ഉത്ഭവം. സമാധാനം സോവിയററ്രാഷ്ട്രത്തിൻെറ ലക്ഷ്യമാകുന്നു; കമ്മ്യൂണിസത്തിൻെറ ചരിത്രപരമായ ദൗത്യമാകട്ടെ, മററു പലതിൻെറയും കൂട്ടത്തിൽ, മനുഷ്യസമുദായത്തെ എന്നെന്നേയ്ക്കുമായി യുദ്ധത്തിൽനിന്നു് വിമുക്തമാക്കുകയെന്നതാണു്. സോവിയററ്രാഷ്ട്രത്തിന്നു് സമാധാനമാവശ്യമാണു്; കാരണം കമ്യൂണിസ്റ്റ് സമൂഹം പടുത്തുയർത്തുന്നതിന്നു് അതു് സഹായിക്കുന്നു. സോവിയററ്സമൂഹത്തിൻെറ സ്വഭാവം തന്നെ സമാധാനത്തിന്നും സഹവർത്തിത്വത്തിന്നുമുള്ള അടങ്ങാത്ത അഭിവാഞ്ഛ പ്രകടമാക്കുന്നതാണു്. യു. എസ്. എസ്. ആറിൽ യുദ്ധമാഗ്രഹിക്കുന്ന വർഗ്ഗങ്ങളൊന്നുമില്ല; അതുകൊണ്ടാണു് സോവിയററ് വിദേശനയം എല്ലായ്പോഴും സമാധാനത്തിലൂന്നിനിൽക്കുന്നതു്. സി. പി. എസ്. യു.വിൻെറ 24-ാം കോൺഗ്രസ്സിനെ അഭിസംബോധനം ചെയ്തുകൊണ്ടു് കേന്ദ്രക്കമ്മിററി ജനറൽ സിക്രട്ടറി എൽ. ഐ. ബ്രെഷ്നേവ് പറഞ്ഞു: ''മുമ്പത്തെപ്പോലെ നമ്മൾ എല്ലായ്പോഴും സാമൂഹ്യവ്യവസ്ഥകൾ പരിഗണിക്കാതെ സമാധാനപരമായി സഹവർത്തിയ്ക്കുകയെന്ന ലെനിനിസ്റ്റ് പ്രമാണത്തിൽ അടിയുറച്ചുനിന്നിട്ടുണ്ടു്. ഈ പ്രമാണം ഇപ്പോൾ സാർവ്വദേശീയ സ്ഥിതിവികാസത്തിന്നുള്ള ഒരു സജീവശക്തിയായിത്തീർന്നിട്ടുണ്ടു്.''

ലോകരാഷ്ട്രങ്ങളെ രണ്ടു വ്യത്യസ്ത ചേരികളായി തിരിച്ചു നിർത്തുകയെന്നതു് യുദ്ധത്തിന്നു് കളമൊരുക്കുന്ന സുപ്രധാനമായ ഒരു നടപടിയാണെന്ന ഒരു ചിന്താഗതി പാശ്ചാത്യലോകത്തു് നിലനില്ക്കുന്നുണ്ടു്. എന്നാൽ നമുക്കറിയാം, ഒന്നാം ലോകമഹായുദ്ധം സോഷ്യലിസ്റ്റ് വ്യവസ്ഥ നിലവിൽവരുന്നതിന്നുമുമ്പാണു് പൊട്ടിപ്പുറപ്പെട്ടതെന്നു്. മാത്രമല്ല, രണ്ടാം ലോകമഹായുദ്ധം തുടങ്ങിയതു് സാമ്രാജ്യത്വരാഷ്ട്രങ്ങൾ തമ്മിലാണെന്നും നമുക്കറിയാം. പക്ഷെ ഇന്നത്തെ കാലഘട്ടത്തിൽ മൗലികമായ വൈരുദ്ധ്യം സോഷ്യലിസവും മുതലാളിത്തവും തമ്മിലുള്ള സമരമാണു്. ഈ വസ്തുത അവഗണിയ്ക്കുന്നതു് നിഷ്ഫലമാണെന്നു മാത്രമല്ല, സമാ

ധാനതാല്പര്യത്തിന്നു ഹാനികരംകൂടിയാകുന്നു. എന്നാൽ സമാധാനപരമായ സഹവർത്തിത്വം രാഷ്ട്രങ്ങാം തമ്മിൽ എല്ലാ സമര മാർഗ്ഗങ്ങളെയും അനുവദിക്കുന്നില്ല; അതു് സായുധസമരത്തെ നിരാകരിക്കുന്നു; സമാധാനപരമായ മത്സരത്തെയും സമാധാനരൂപത്തിലുള്ള സഹകരണത്തെയും മാത്രമേ അതു് അനുവദിക്കുന്നുള്ളു.

''സോവിയററുസോഷ്യലിസ്റ്റ്റിപ്പബ്ലിക്കുകളുടെ യൂണിയന്റെ 50-ാം വാർഷികം'' എന്ന ശീർഷകത്തിലുള്ള തന്റെ റിപ്പോർട്ടിൽ എൽ. ഐ. ബ്രെഷ്നേവ് പറഞ്ഞു: ''മുതലാളിത്തവ്യവസ്ഥയും സോഷ്യലിസ്റ്റ്വ്യവസ്ഥയും തമ്മിൽ സാമ്പത്തികരംഗത്തും രാഷ്ട്രീയരംഗത്തും, മാത്രമല്ല, ആശയരംഗത്തും തീർച്ചയായും വർഗ്ഗസമരം തുടൻു നടക്കുകതന്നെ ചെയ്യുമെന്നു് സി. പി. എസ്. യു. ഏതു കാലത്തും, പറഞ്ഞുവന്നിട്ടുണ്ടു്, ഇന്നും അതു പറയുന്നുണ്ടു്. അതങ്ങിനെയേ വരു; കാരണം, സോഷ്യലിസത്തിന്റെയും മുതലാളിത്തത്തിന്റെയും ലോകവീക്ഷണങ്ങളും വർഗ്ഗതാല്പര്യങ്ങളും പരസ്പരവിരുദ്ധവും പൊരുത്തപ്പെടുത്താൻ വയ്യാത്തതുമാകുന്നു. എങ്കിലും ചരിത്രപരമായി അനിവാര്യമായ ഈ സമരത്തെ യുദ്ധത്തിന്റെ വിപത്തും അപകടകരങ്ങളായ സംഘട്ടനങ്ങളും അനിയന്ത്രിതമായ ആയുധപ്പന്തയവും കൂടാതെയുള്ള ഒരു മാർഗ്ഗത്തിലേക്കു് തിരിച്ചുവിടാൻ നാം യത്നിക്കുന്നതാണു്. ലോകസമാധാനത്തിന്നും ജനതകളുടെ താല്പര്യത്തിന്നും രാഷ്ട്രങ്ങളുടെ നന്മയ്ക്കും ഇതു് വമ്പിച്ച ഒരു നേട്ടമായിരിക്കും.''

ഇന്നത്തെ എല്ലാ മുഖ്യ സംഘട്ടനങ്ങളും യുദ്ധത്തിന്റെയും സമാധാനത്തിന്റെയും പ്രശ്നമാണു്. നമ്മുടെ കാലഘട്ടത്തിലെ ഏററവും പ്രധാനപ്പെട്ട പ്രശ്നവും അതുതന്നെ.

മഹത്തായ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്നുമുമ്പു് ലോകം പൂർണ്ണമായും മുതലാളിത്തത്തിന്റെ ചവിട്ടടിയിലായിരുന്നു. യുദ്ധത്തിന്നു പുറപ്പെടുകയെന്നതു് ഓരോ രാഷ്ട്രത്തിന്റെയും ജന്മാവകാശംപോലെയായിരുന്നു.

ആ കാലത്തെ സാർവ്വദേശീയനിയമമനുസരിച്ചു് രണ്ടുതരത്തിലുള്ള ബന്ധങ്ങളാണു് രാഷ്ട്രങ്ങാം തമ്മിൽ നിലനിന്നിരുന്നതു്: യുദ്ധത്തിന്റേതും സമാധാനത്തിന്റേതും. മാത്രമല്ല, സമാധാനപരമായ ബന്ധങ്ങാംക്കു് നിർദ്ദേശിച്ചിരുന്ന ചട്ടങ്ങളേക്കാളെത്രയോ അധികം സ്ഥലവും പ്രാധാന്യവും യുദ്ധത്തിന്റെ പ്രശ്നത്തിന്നു നൽകിയിരുന്നു. 19-ാം നൂററാണ്ടിന്റെ 2-ാം പകുതിയിലും 20-ാം നൂററാണ്ടിന്റെ ആദ്യത്തിലും അംഗീകരിച്ച മിക്ക സാർവ്വദേശീയ കൺവൻഷനുകളും യുദ്ധത്തിന്റെ നിയമങ്ങളുമായി ബന്ധപ്പെട്ടവയായിരുന്നു.

മുമ്പത്തെ രാഷ്ട്രങ്ങളിൽ നിലവിലുണ്ടായിരുന്നതിൽനിന്നു് തികച്ചും വ്യത്യസ്തമായ ഒരു വർഗ്ഗവീക്ഷണം സ്വീകരിച്ചിട്ടുള്ള സോവിയററു് സോഷ്യലിസ്റ്റ് രാഷ്ട്രം ജനങ്ങളും രാജ്യങ്ങളും തമ്മിലുണ്ടാകേണ്ട ബന്ധത്തിന്റെ കാര്യത്തിൽ മൌലികമായി പുതിയ പ്രമാണങ്ങാം സ്ഥാപിച്ചുറപ്പിച്ചു. അങ്ങിനെയാണു് സമാധാന

ത്തെ സംബന്ധിച്ച ഡിക്രീയിൽ, ആക്രമണപരമായ യുദ്ധം പ്രഖ്യാപിക്കുകയെന്നതു് ഒരു സാർവ്വദേശീയ കുററമായി ലെനിൻ തറപ്പിച്ചുപറഞ്ഞതു്. 1917 ഒക്ടോബർ 25-ാംനു- (നവമ്പർ 7) റഷ്യയിൽ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവം കഴിഞ്ഞ ഉടനെ നടന്ന സോവിയററുകളുടെ രണ്ടാം കോൺഗ്രസ്സു് അംഗീകരിച്ചതാണു് ഈ സമാധാന ഡിക്രി. ഒന്നാം ലോകമഹായുദ്ധത്തിൻെറ സത്തയെ പ്രസ്തുത പ്രഖ്യാപനത്തിൽ ഇപ്രകാരമാണു് നിർവ്വചിച്ചിട്ടുള്ളതു്: ''തങ്ങൾ പിടിച്ചടക്കിയ ശക്തികുറഞ്ഞ രാജ്യങ്ങളെ തങ്ങൾക്കിടയിൽ എങ്ങിനെ പങ്കിടണമെന്ന പ്രശ്നത്തെച്ചൊല്ലി കരുത്തുററ ധനികരാഷ്ട്രങ്ങൾ ഈ യുദ്ധം ഇങ്ങിനെ തുടരുന്നതു് മാനവരാശിയോടു ചെയ്യുന്ന ഏററവും വലിയ പാതകമായി ഗവർമ്മെണ്ടു കരുതുന്നു. അതുകൊണ്ടു് ഈ യുദ്ധം അവസാനിപ്പിക്കുന്നതിന്നു് ഉടൻ സമാധാനത്തിന്നുള്ള വ്യവസ്ഥകളിലൊപ്പുവെയ്ക്കാനുള്ള ദൃഢനിശ്ചയം ഈ ഗവമ്മെണ്ടു് പ്രഖ്യാപിക്കുന്നു...'' സമാധാനഡിക്രീയിലും സോവിയററുകളുടെ രണ്ടാം കോൺഗ്രസ്സിലേക്കുള്ള തൻെറ റിപ്പോർട്ടിലും സോവിയററു് വിദേശനയത്തിൻെറ അടിത്തറയായി സമാധാനത്തിന്നുവേണ്ടിയുള്ള പോരാട്ടത്തെ ലെനിൻ ഉയർത്തിപ്പിടിച്ചു. ''വെട്ടിപ്പിടുത്തവും നഷ്ടപരിഹാരവും ഒന്നുമില്ലാത്ത (വിദേശരാജ്യങ്ങളെ വെട്ടിപ്പിടിക്കലും, അന്യജനതകളെ കീഴടക്കി ഭരിക്കലുമില്ലാത്ത) ഒരു സമാധാനം ഉടനടി വേണ''മെന്നാണു് റഷ്യയിലെ തൊഴിലാളികളും കൃഷ്കരും ആവശ്യപ്പെടുന്നതെന്നു് ഗവമ്മെണ്ടു് ഊന്നിപ്പറഞ്ഞു.

രാഷ്ട്രത്തിൻെറ നയം അനുവർത്തിയ്ക്കുന്നതിനുള്ള മറെറാരു ഉപാധിയായാണു് സാർവ്വദേശീയ നിയമത്തെസ്സംബന്ധിച്ചുള്ള സോവിയററു് സിദ്ധാന്തത്തിൽ യുദ്ധത്തെ വീക്ഷിക്കുന്നതു്. അതായതു് മറെറാരു രാഷ്ട്രത്തിൻെറ കൈവശത്തിലുള്ള ഭൂമി പിടിച്ചടക്കണമെന്നും ആ രാജ്യത്തിന്നു് സ്വതന്ത്രമായ നിലനില്പു് പൂർണ്ണമായും നിഷേധിക്കണമെന്നുമുള്ള ലക്ഷ്യത്തോടെയാണു് ഒരു ആക്രമണയുദ്ധം നടത്തപ്പെടുന്നതു്. ഒന്നാം ലോകമഹായുദ്ധത്തെക്കുറിച്ചു് ലെനിൻ എഴുതിയതു് ഇങ്ങിനെയാണു്: ''വെട്ടിപ്പിടുത്തങ്ങളെക്കുറിച്ചു് നാം സംസാരിക്കുമ്പോൾ, സാധാരണയായി, ഈയാവശ്യത്തിന്നുവേണ്ടിയാണു് യുദ്ധങ്ങൾ നടക്കുന്നതെന്ന വസ്തുത നാം മറന്നുപോകുന്നു; പിടിച്ചടക്കിയ പ്രദേശങ്ങൾ പങ്കിടുന്നതിന്നുവേണ്ടിയാണതു്; കുറച്ചുകൂടി തെളിച്ചുപറഞ്ഞാൽ, രണ്ടു തസ്കരസംഘങ്ങൾ കൊള്ളചെയ്തു നേടിയ മുതൽ പങ്കുവെയ്ക്കുന്നതിന്നുവേണ്ടിയാണതു്.''1 നയതന്ത്രത്തെക്കുറിച്ചു് സോവിയററുയൂണിയനിൽ പ്രസിദ്ധപ്പെടുത്തിയ ഒരു നിഘണ്ടുവിൽ യുദ്ധത്തെ നിർവ്വചിച്ചിട്ടുള്ളതിങ്ങിനെയാണു്: ''രാഷ്ട്രങ്ങളോ വർഗ്ഗങ്ങളോ തമ്മിൽ സായുധബലപ്രയോഗം വഴി നടത്തുന്ന സമരമാണു് യുദ്ധം. സാമൂഹ്യദൃഷ്ട്യാ നോക്കിയാൽ, ഈ രാഷ്ട്രങ്ങളോ വർഗ്ഗങ്ങളോ, ശത്രുത പൊ

---

1. ലെനിൻ *സമാഹൃതകൃതികൾ*, വാല്യം 24, പേജ് 405.

ട്ടിപ്പുറപ്പെടുന്നതിനുമുമ്പ് അനുവർത്തിച്ചിരുന്ന നയത്തിന്റെ തുടർച്ചയാണ് യുദ്ധം. മാർക്സിസം-ലെനിനിസം യുദ്ധത്തെ രണ്ടായി തരംതിരിച്ചിട്ടുണ്ട്; ന്യായീകരിക്കാവുന്ന യുദ്ധങ്ങൾ അഥവാ വിമോചനയുദ്ധങ്ങൾ എന്നും അന്യായമായ, അഥവാ കൊള്ളയടിസ്ഥാനമുള്ള, യുദ്ധങ്ങൾ എന്നും''.

ആക്രമണയുദ്ധങ്ങൾ നിരോധിക്കുന്നതിനും യുദ്ധം നടത്തിയതിനും യുദ്ധത്തിന്റെ അനന്തരഫലങ്ങൾക്കും ആക്രമണകാരിയെ ഉത്തരവാദിയാക്കുന്നതിനും വേണ്ട ഒരു സാർവ്വദേശീയനിയമം കൊണ്ടുവരുന്നതിന്നാവശ്യമായ വഴിയൊരുക്കുന്ന കാര്യത്തിൽ സുപ്രധാനമായ നടപടികൾ സോവിയററുയൂണിയൻ കൈക്കൊണ്ടു സമാധാനപരമായ സഹവർത്തനം സംബന്ധിച്ച സോവിയററ് പ്രഖ്യാപനവും, ആക്രമണയുദ്ധം സാർവ്വദേശീയമായ ഒരു കുററമാണെന്ന അതിന്റെ പ്രഖ്യാപനവും, അതിന്റെ സ്ഥിരമായ സമാധാനനയവും ഇതിൽപെടുന്നു.

1928 ആഗസ്റ്റ് 27-ന്‌യുണ്ടായ പാരീസ് ഉടമ്പടി ആക്രമണസ്വഭാവത്തോടെയുള്ള യുദ്ധങ്ങൾ നിരോധിക്കുന്ന നിയമങ്ങളുടെ കൂട്ടത്തിൽ സവിശേഷസ്ഥാനമർഹിക്കുന്നുണ്ട്. സോവിയററ് യൂണിയന്റെ മുൻകയ്യോടുകൂടിയും നിർബ്ബന്ധത്താലും പാസ്സാക്കപ്പെട്ട ഈ ഉടമ്പടി ആക്രമണയുദ്ധങ്ങൾ നിരോധിക്കുകയെന്ന തത്വം ഉറപ്പിച്ച ആദ്യത്തെ ബഹുരാഷ്ട്രഉടമ്പടിയായിരുന്നു. ഈ ഉടമ്പടിയിലെ ആദ്യത്തെ വകുപ്പിൽ പറയുന്നു: ''ലോകരംഗത്തുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന്നു യുദ്ധം ഒരു മാർഗ്ഗമായി സ്വീകരിക്കുന്നതിനെ തങ്ങളുടെ രാഷ്ട്രങ്ങളിലെ ജനങ്ങൾക്കുവേണ്ടി കരാറിലൊപ്പുവെയ്ക്കുന്ന രാഷ്ട്രങ്ങൾ ശക്തിയായി അധിക്ഷേപിക്കുമെന്നും തങ്ങൾക്കിടയിൽ ബന്ധങ്ങൾ സ്ഥാപിക്കുമ്പോൾ യുദ്ധത്തെ ഒരു ദേശീയ നയമായി അംഗീകരിക്കുന്നതിനെ കർശനമായി നിരാകരിക്കുമെന്നും ഇതിനാൽ പ്രഖ്യാപിക്കുന്നു.''അങ്ങിനെ ''ദേശീയനയത്തിന്റെ ഒരുപകരണ''മെന്നനിലയിൽ യുദ്ധത്തെ വജ്ജിജ്ജിക്കുകയെന്ന പുതിയതും അതിപ്രധാനവുമായ തത്വം സാർവ്വദേശീയനിയമത്തിൽ ഉൾക്കൊള്ളിച്ചതു് പാരീസ് ഉടമ്പടിയായിരുന്നു. എങ്കിലും ആക്രമണത്തിന്നെതിരായ പ്രതിരോധയുദ്ധം, സ്വരക്ഷയ്ക്കുള്ള അവകാശം, അതായതു് ആത്മരക്ഷയ്ക്കുവേണ്ടിയുള്ള യുദ്ധം നിഷേധിക്കപ്പെട്ടിട്ടില്ല. ഉടമ്പടിയിലെ രണ്ടാം വകുപ്പ് ഇങ്ങിനെ പറയുന്നു: ''രാഷ്ട്രങ്ങൾക്കിടയിൽ ഉയർന്നുവരുന്ന പ്രശ്നങ്ങളും തർക്കങ്ങളും സംഘട്ടനങ്ങളും, അവ ഏതുതരത്തിൽപെട്ടതായാലും എന്തു കാരണംകൊണ്ടുണ്ടായതായാലും, സമാധാനപരമായ മാർഗ്ഗത്തിൽ കൂടിയല്ലാതെ പരിഹരിക്കാൻ ശ്രമിക്കുകയില്ലെന്നു് ഉടമ്പടിയിലൊപ്പുവെയ്ക്കുന്ന രാഷ്ട്രങ്ങൾ സമ്മതിക്കുന്നു.''

ആക്രമണത്തെ നിരോധിച്ചുകൊണ്ടുള്ള പാരീസ് ഉടമ്പടിയെ വിശകലനം ചെയ്തുകൊണ്ടു് സോവിയററ് എഴുത്തുകാർ ഊന്നിപ്പറയുന്നതു് ആക്രമണയുദ്ധങ്ങളെ സാർവ്വദേശീയമായ ഒരു ഹീനപാതകമായി വിശേഷിപ്പിച്ചതു് രണ്ടു ഉദ്ദേശങ്ങളോടുകൂടിയാണെന്നും

ണ്ട്: ഒന്നു്, യുദ്ധംമൂലം മനുഷ്യരാശിയ്ക്കുണ്ടാകുന്ന ആപത്തുകളിലേക്കു് ജനശ്രദ്ധയാകർഷിക്കുക; രണ്ടു്, ആക്രമണം നടത്തുന്ന രാഷ്ട്രം ചുമക്കേണ്ടിവരുന്ന ഗുരുതരവും ഭാരിച്ചതുമായ ഉത്തരവാദിത്വം എടുത്തുകാട്ടുക. ഈ കാരണംകൊണ്ടാണു് ആക്രമണയുദ്ധങ്ങൾ സാർവ്വദേശീയമായ ഒരു പാതകമായി പ്രഖ്യാപിക്കപ്പെട്ടതു്.

ആക്രമണത്തെ നിർവ്വചിക്കുന്നതിന്നു് സമഗ്രമായ ഒരു നിർദ്ദേശം ലോകസമാധാനത്തിൻെറ താൽപര്യം മുൻനിർത്തി സോവിയററു് ഗവർമ്മേണ്ടു് 1933 ഫിബ്രവരി 6-ാംനു- ചേൎന്ന നിരായുധീകരണസമ്മേളനത്തിൻെറ പൊതുക്കമ്മീഷനിൽ സമർപ്പിച്ചിരുന്നു. അന്തർദേശീയമായ ഒരു സംഘട്ടനത്തിൽ ആദ്യമായി വ്യക്തവും സുനിശ്ചിതവും ആയ ആക്രമണസ്വഭാവമുള്ള നടപടി സ്വീകരിക്കുന്ന ഒരു രാഷ്ട്രത്തെയാണു് ഈ നിർദ്ദേശം ആക്രമണകാരിയായി നിർവ്വചിച്ചിട്ടുള്ളതു്. മറെറാരു രാജ്യത്തിൻെറ നേരെ യുദ്ധം പ്രഖ്യാപിക്കുക, മറെറാരു രാജ്യത്തിന്നെതിരായി യുദ്ധപ്രഖ്യാപനം കൂടാതെ സായുധാക്രമണം നടത്തുക എന്നിവയാണു് ആക്രമണ നടപടിയായി പരിഗണിക്കപ്പെടുക.

1933 മേയ് മാസത്തിൽ നിരായുധീകരണസമ്മേളനത്തിൻെറ രക്ഷാസമിതി ഈ നിർവ്വചനമംഗീകരിക്കുകയുണ്ടായി. അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ് എന്നിവയടക്കം 17 രാഷ്ട്രങ്ങൾ സമിതിയിൽ പ്രതിനിധീകരിക്കപ്പെട്ടിരുന്നു. ജർമ്മനിയും ജാപ്പാനും സോവിയററു് നിർവ്വചനത്തെ എതിർത്തു. ഈ നിർവ്വചനത്തിൻെറ അടിസ്ഥാനത്തിൽ 1933 ജൂലായ് മാസത്തിൽ ലണ്ടനിൽ ചേൎന്ന ലോകസാമ്പത്തികസമ്മേളനക്കാലത്തു് സക്കാർ നിലവാരത്തിലുള്ള മൂന്നു കരാറുകൾ സോവിയററുയൂണിയൻ ഒപ്പുവെയ്ക്കുകയുണ്ടായി. 1945—46-കാലത്തു്, കുപ്രസിദ്ധരായ ജർമ്മൻ യുദ്ധക്കുററവാളികളുടെ വിചാരണവേളയിൽ ന്യൂറെംബർഗിൽ വെച്ചു് യു. എസ്. എസ്. ആർ., അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ് എന്നീ രാഷ്ട്രങ്ങളുടെ വിചാരണഉദ്യോഗസ്ഥന്മാർ ഈ സോവിയററു് നിർവ്വചനത്തെ ഏററവും ആധികാരികമായ പ്രഖ്യാപനമെന്നു വിശേഷിപ്പിക്കുകയുണ്ടായെങ്കിലും ആക്രമണകാരികളായ രാഷ്ട്രങ്ങളുടെ നിഷേധാത്മകമായ നിലപാടു കാരണം ഈ നിർവ്വചനത്തിന്നു് സാർവ്വദേശീയനിയമത്തിലെ പരക്കെ അംഗീകരിക്കപ്പെട്ട ചട്ടമായിത്തീരാൻ സാധിച്ചില്ല.

1934-ൽ ലീഗ് ഓഫ് നേഷൻസിൽ ചേൎന്നപ്പോൾ യുദ്ധത്തിൻെറ മാർഗ്ഗത്തിന്നു അനുമതി നൽകുന്ന ലീഗിൻെറ കവനൻറിലെ ഭാഗങ്ങളോടു് സോവിയററുയൂണിയൻ എതിർപ്പു പ്രകടിപ്പിച്ചു. കവനൻറിലെ 16.ാം വകുപ്പിൽ പറയുന്നപോലെ ഏതെങ്കിലുമൊരക്രമിരാഷ്ട്രത്തിന്നെതിരായി കൂട്ടായ നടപടികൾ ഫലപ്രദമായി സ്വീകരിക്കുന്നതിന്നു് 1936-ൽ സോവിയററുഗവർമ്മേണ്ടു് മൂർത്തമായ ഒരു നിർദ്ദേശം സമർപ്പിച്ചു. പക്ഷെ ആ നിർദ്ദേശം അംഗീകരിക്കപ്പെട്ടില്ല. പിന്നീടു് അതിൻെറ പ്രവർത്തനങ്ങൾതന്നെ വ്യക്തമാക്കിയതുപോലെ, സമാധാനവചനങ്ങളെക്കൊണ്ടു് കപ

ടവേഷമണിഞ്ഞ ലീഗ് ഓഫ് നേഷൻസിന്നു ആക്രമണത്തെ ചെറുക്കുന്നതിന്നു് യാതൊരു താല്പര്യവുമുണ്ടായിരുന്നില്ല. നിരായുധീകരണത്തെക്കുറിച്ചും സാർവ്വദേശീയതർക്കങ്ങൾ മാദ്ധ്യസ്ഥം മുഖേന പരിഹരിക്കുന്നതിനെക്കുറിച്ചും അന്തമില്ലാത്ത സംഭാഷണങ്ങൾ, കയ്യൂക്കിന്റെ ആധിപത്യം ക്രമേണനിയമത്തിന്റെ ആധിപത്യത്തിന്നു് വഴിമാറിക്കൊടുക്കുന്നുവെന്ന വ്യാമോഹം സൃഷ്ടിക്കുന്നതിന്നുവേണ്ടി മാത്രമായിരുന്നു. ഉപരോധനടപടികളെക്കുറിച്ചുള്ള ലീഗിന്റെ കവനൻറിലെ നിർദ്ദേശങ്ങളൊന്നും പ്രയോഗത്തിൽ കൊണ്ടുവന്നിട്ടില്ല. നേരെമറിച്ച് പലപ്പോഴും ആക്രമണത്തിന്നു നേരെ കണ്ണുചിമ്മിക്കൊണ്ടു് അക്രമിരാഷ്ട്രങ്ങൾ ശിക്ഷിക്കപ്പെടാതെ പോകാൻ ലീഗ് അനുവദിക്കുകയാണു് ചെയ്തിരുന്നതു്. ചൈനയിൽ ജപ്പാന്റെ ആക്രമണം, സ്പെയിനിയിൽ ഇററലിയും ജർമ്മനിയും നടത്തിയ ആക്രമണം, അബിസീനിയയിലും ആൽബേനിയയിലും ഇററലി നടത്തിയ ആക്രമണം, ആസ്ട്രിയയ്ക്കും ചെക്കോസ്ലോവാക്യയ്ക്കുമെതിരായി ഹിററ്ലർ നടത്തിയ ആക്രമണം എന്നിവയെല്ലാം ഇതിന്നു തെളിവുകളാണു്.

രണ്ടു ലോകമഹായുദ്ധങ്ങൾക്കുമിടയിലുള്ള കാലഘട്ടത്തിൽ മിക്ക രാഷ്ട്രങ്ങളും കരാറുകളിലൊപ്പുവെക്കുമ്പോഴും ഉടമ്പടിയിലേർപ്പെടുമ്പോഴും മററു സാർവ്വദേശീയനടപടികൾ സ്വീകരിക്കുമ്പോഴും ആക്രമണപരമായ യുദ്ധത്തെ ശക്തിയായി അധിക്ഷേപിച്ചിട്ടുണ്ടായിരുന്നു. ഈയൊരു അവസ്ഥ അനാക്രമണതത്വത്തിന്നു് പ്രാബല്യം നൽകാൻ സഹായിച്ചുവെന്നതു് സാർവ്വദേശീയനിയമത്തിന്റെ ആ കാലത്തെ വമ്പിച്ച ഒരു നേട്ടമായിരുന്നു. ആക്രമണപരമായ യുദ്ധം നിരോധിച്ചുവെന്നു മാത്രമല്ല, ആക്രമണകാരികൾക്കെതിരെ നടപടികളെടുക്കാനും അതു് ഉത്തേജനം നൽകി. ഇതോടൊപ്പം ആക്രമണത്തിന്നു് വ്യക്തമായ ഒരു നിർവ്വചനം രൂപപ്പെടുത്തുവാൻ സാധിച്ചുവെന്നതും സമാധാനശ്രമങ്ങൾക്കു് ആക്കം കൂട്ടാൻ സഹായിച്ചു.

രണ്ടു ലോകയുദ്ധങ്ങൾക്കിടയിലുള്ള കാലത്തു് യുദ്ധങ്ങൾ നിരോധിക്കുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടായതുതന്നെ സാർവ്വദേശീയബന്ധങ്ങൾക്കു രൂപംനൽകുന്നതിൽ ബഹുജനങ്ങൾക്കുള്ള പങ്ക് വദ്ധിച്ചുവന്നതുകൊണ്ടാകുന്നു. ലോകത്തിലെ ആദ്യത്തെ സോഷ്യലിസ്റ്റ് രാഷ്ട്രവും സമാധാനം ലക്ഷ്യമാക്കിയുള്ള അതിന്റെ വിദേശനയവും സാർവ്വദേശീയജീവിതത്തിൽ വരുത്തിവെച്ച വിപ്ലവാത്മകമായ പരിവർത്തനങ്ങളുടെ പ്രത്യക്ഷമായ പ്രകടനമായിരുന്നു അതു്.

## ആക്രമണത്തിന്നുള്ള ഉത്തരവാദിത്വം

ഒരു രാഷ്ട്രം മറെറാരു രാഷ്ട്രത്തിന്റെ നേരെ ആക്രമണം നടത്തിയതിന്നു് ആ രാഷ്ട്രത്തെ സാർവ്വദേശീയനിയമത്തിന്റെ മുമ്പാകെ

മറുപടിപറയാൻ ബാദ്ധ്യസ്ഥമാക്കുകയെന്ന തത്വം ആദ്യമായി നടപ്പായതു് ഒട്ടേറെ രാഷ്ട്രങ്ങളെ ആക്രമിച്ച കുററത്തിന്നു് നാസി ജർമ്മനിക്കെതിരെ നടപടിയെടുത്തപ്പോളാണു്. ''യുദ്ധംചെയ്യാനുള്ള അവകാശ''ത്തിന്റെ ബീഭത്സരൂപം ലോകത്തിന്നുമുമ്പാകെ തുറന്നുകാട്ടപ്പെട്ടു. രണ്ടാം ലോകമഹായുദ്ധകാലത്തു് ആക്രമണകാരിരാഷ്ട്രം ലോകചരിത്രത്തിൽ കേട്ടുകേൾവിപോലുമില്ലാത്തവിധം കടുത്ത ക്രൂരതകൾ നടത്തിയതിന്നു് മാനവരാശി സാക്ഷ്യംവഹിച്ചു. ജർമ്മൻ ആക്രമികളുടെ ക്രിമിനൽ ലക്ഷ്യങ്ങളെസ്സംബന്ധിച്ചിടത്തോളവും, ഹിററ്ലർഗവർമ്മെണ്ടും സൈനികമേധാവിത്വവും മററു നാസിസംഘടനകളും യുദ്ധം നടത്തുന്ന കാര്യത്തിൽ സ്വീകരിച്ചിരുന്ന തികച്ചും ആസൂത്രിതമായ, സുസജ്ജമായ മനുഷ്യത്വവിഹീനമായ മാർഗ്ഗങ്ങളെസ്സംബന്ധിച്ചിടത്തോളവും ഈ യുദ്ധം അഭൂതപൂർവ്വമായിരുന്നു.

ആസ്ത്രിയയെയും ചെക്കോസ്ലോവാക്യയെയും പിടിച്ചടക്കിയതും, പോളണ്ടു്, ഫ്രാൻസ്, ഡെൻമാർക്ക്, ബെൽജിയം, നോർവേ, യൂഗോസ്ലാവ്യ എന്നീ രാജ്യങ്ങളുടെ നേർക്കു നടന്ന ആക്രമണവും പിന്നീടവയെ പിടിച്ചടക്കിയതും ഗുരുതരമായ സാർവ്വദേശീയസ്വഭാവമുള്ള പാതകങ്ങളായിരുന്നു. 1941 ജൂൺ 22-ന്നു് ഹിററ്ലരുടെ ജർമ്മനി യുദ്ധപ്രഖ്യാപനമൊന്നുമില്ലാതെതന്നെ അനാക്രമണ ഉടമ്പടി പിച്ചിച്ചീന്തിക്കൊണ്ടു് സോവിയററ്യൂണിയനെ ചതിച്ചു് ആക്രമിക്കുകയുണ്ടായി. ഈ ആക്രമണനടപടികൾകൊണ്ടു് മുകളിൽപറഞ്ഞ കരാറുകൾ ലംഘിക്കുക മാത്രമല്ല ജർമ്മനി ചെയ്തതു്; അതോടൊപ്പം അതു് പഴയ പല സാർവ്വദേശീയ ഉടമ്പടികളേയും അതിലംഘിക്കുകയും ചെയ്തു. ഉദാഹരണമായി, 1925-ൽ ബെൽജിയം, ഫ്രാൻസ്, ബ്രിട്ടൻ, ഇററലി എന്നീ രാജ്യങ്ങളുമായി ജർമ്മനി ഒപ്പുവെച്ചു. പരസ്പരമുന്നുറപ്പുകളെ സംബന്ധിച്ച, ലൊക്കാർണോ കരാർ. ഇതനുസരിച്ചു് ജർമ്മനി ഈ രാജ്യങ്ങളുടെ രാഷ്ട്രീയഭദ്രതയംഗീകരിച്ചിരുന്നു. അതുപോലെ ചെക്കോസ്ലോവാക്യ, ബെൽജിയം, പോളണ്ടു് എന്നീ രാജ്യങ്ങളുമായുണ്ടാക്കിയ കരാറുകളനുസരിച്ചു് ജർമ്മനി അവയുമായിട്ടുള്ള എല്ലാ തക്കങ്ങളും മാദ്ധ്യസ്ഥ്യം മുഖേന പരിഹരിക്കാമെന്നുറപ്പു നൽകിയിരുന്നതാണു്. അവക്കെതിരായി ബലപ്രയോഗം നടത്തുകയില്ലെന്നും 1928-ലെ പാരീസ്ഉടമ്പടിയനുസരിച്ചു് നടന്നുകൊള്ളാമെന്നും ജർമ്മനി വാക്കുകൊടുത്തിരുന്നതാണു്.

1899-ലേയും 1907-ലേയും ഹേഗ്കൺവെൻഷൻപ്രകാരം ശത്രുരാഷ്ട്രത്തിന്റെ സായുധസേനകൾക്കെതിരായി മാത്രമേ സൈനികനടപടിയെടുക്കാൻ പാടുള്ളുവെന്നും ജനങ്ങൾക്കെതിരായി യുദ്ധംചെയ്യാൻ പാടില്ലെന്നും ഉള്ള ഒരു സാർവ്വദേശീയനിയമം നിലവിലുണ്ടായിരുന്നു. ഇതിനെ അപ്പടി തള്ളിക്കളഞ്ഞുകൊണ്ടാണു് നാസികൾ നഗരങ്ങളും ഗ്രാമങ്ങളും അടിക്കടി ചുട്ടുകരിക്കുകയും കൊള്ളയടിക്കുകയും സിവിലിയൻമാരെ കൊന്നൊടുക്കുകയും ചെയ്തിരുന്നതു്. അവർ കയ്യടക്കിയ വിദേശരാജ്യങ്ങളിൽ സ്റ്റേ

ററിൻെറയും പൊതുജനങ്ങളുടേയും വ്യക്തികളുടേയും സ്വത്തുക്കറം അവർ കൊള്ളയടിക്കുകയും നശിപ്പിക്കുകയുംചെയ്തു. സോവിയററ് ജനതയുടെ ഭൌതികവും സാംസ്കാരികവുമായ സമ്പത്തു് നശിപ്പിച്ചതിന്നും കൊള്ളയടിച്ചതിന്നും കയ്യും കണക്കുമില്ല. ആറംക്കാരെ വാതകഅറകളിൽ കുത്തിനിറച്ചു കൂട്ടക്കൊലനടത്തുക, തൂക്കിലിടുക, തടങ്ങൽ ക്യാമ്പുകളും ഘെററോകളും മരണസങ്കേതങ്ങളാക്കി മാററുക, കരുതിക്കൂട്ടി പകർച്ചവ്യാധികറം കുത്തിവെയ്ക്കുക തുടങ്ങിയ അതിക്രൂരമായ മാർഗ്ഗങ്ങളിലൂടെയാണു് ജർമ്മൻ സൈനികാധികാരികറം ജനങ്ങളെ കൊന്നൊടുക്കിയിട്ടുള്ളതു്. അതുപോലെ പുരുഷന്മാരും സ്ത്രീകളും കുട്ടികളുമായ സിവിലിയന്മാരെ അടിമവേലയ്ക്കുവേണ്ടി ജർമ്മനിയിലേയ്ക്കയക്കുക പതിവായിരുന്നു. അവിടെ അവക്കു് സഹിക്കേണ്ടിവന്ന കഷ്ടപ്പാടുകറംക്കും അപമാനങ്ങറംക്കും അതിരില്ലായിരുന്നു. ജർമ്മനി യുദ്ധത്തടവുകാരുടെ നേരെ കൈക്കൊണ്ട പെരുമാററവും കുററകരമായ രീതിയിലായിരുന്നു. സാർവ്വദേശീയനിയമങ്ങളോ യുദ്ധമര്യാദകളോ ഒന്നും അതിന്നു ബാധകമായിരുന്നില്ല. തടവുകാരെ പട്ടിണിക്കിടുകയും സൈനികജോലിക്കു് നിർബ്ബന്ധിക്കുകയും ചെയ്തിരുന്നു. ബലഹീനരെ വെടിവെച്ചുകൊന്നു. യുദ്ധത്തടവുകാരെ കൊന്നൊടുക്കുകയെന്ന കല്പിച്ചുകൂട്ടിയുള്ള ഒരു നടപടിയായിരുന്നു അതു്. കീഴടക്കിയ എല്ലാ രാജ്യങ്ങളിലും ഫാസിസ്റ്റുകറം നിരവധി സിവിലിയൻമാരെ തടവുകാരായിപ്പിടിക്കുകയും പലപ്പോഴും കൂട്ടത്തോടെ കൊന്നൊടുക്കുകയും ചെയ്തിരുന്നു.

ആക്രമണനടപടികറംക്കും, നാസിപ്പടയാളികളുടെ മനുഷ്യത്വവിഹീനമായ കൊള്ളയ്ക്കും മററു ഹീനകൃത്യങ്ങറംക്കും ജർമ്മനിയാണുത്തരവാദിയെന്ന പരമാർത്ഥം ഹിററ്ലർവിരുദ്ധസഖ്യരാഷ്ട്രങ്ങറം യുദ്ധകാലത്തും പിന്നീടും ഒട്ടേറെ ഏകപക്ഷീയപ്രഖ്യാപനങ്ങളിലൂടെയും ബഹുരാഷ്ട്രക്കരാറുകളിലൂടെയും വ്യക്തമാക്കിയിട്ടുള്ളതാകുന്നു.

ജർമ്മനിയുടെ പരാജയവും ജർമ്മനിയുടെമേൽ സഖ്യകക്ഷികളുടെ പരമാധികാരവും പ്രഖ്യാപിക്കുന്ന 1945 ജൂൺ 5-ാംനു-ലെ കരാറു്പ്രകാരം ജർമ്മനിയെ പൂർണ്ണമായും നിരായുധീകരിക്കുവാനും ആ രാജ്യത്തു് താൽക്കാലികമായി യു. എസ്. എസ്. ആർ., അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ് എന്നീ രാജ്യങ്ങളിലെ ഗവർമ്മേണ്ടുകറം അധികാരം ഏറെറടുക്കാനും തീരുമാനിക്കുകയുണ്ടായി. ഈ നടപടിക്കുള്ള കാരണം ആ പ്രഖ്യാപനത്തിൻെറ ആമുഖത്തിൽതന്നെ പറഞ്ഞിരുന്നു: ജർമ്മനി യുദ്ധത്തിന്നുത്തരവാദിയായതുകൊണ്ടു് അതു് അന്നും ഇനിമേലിലും ആവശ്യമായ എല്ലാ നിയന്ത്രണങ്ങറംക്കും വിധേമായിക്കൊള്ളണമെന്നു് ആയിരുന്നു അതു്.

മോസ്ക്കോവിലും തെഹ്റാനിലും ക്രിമിയയിലും പോട്സ്ഡാമിലും നടന്ന ഹിററ്ലർവിരുദ്ധസഖ്യകക്ഷികളുടെ സമ്മേളനങ്ങളിൽ താഴെപറയുന്ന പ്രതികാരനടപടികറം എടുക്കണമെന്നു് നിശ്ചയിച്ചു. ജർമ്മനിയുടെ പൂർണ്ണമായ നിരായുധീകരണവും അ

വിടത്തെ സൈന്യങ്ങളെ പിരിച്ചുവിടലും; അതോടൊപ്പം ആ രാജ്യത്തിന്റെ സൈനികവും വ്യാവസായികവുമായ ശേഷി നിർമ്മാർജ്ജനം ചെയ്യൽ; കാരണം, ഇനി മേലിൽ അതു് അയൽ രാജ്യങ്ങളെ ഭീഷണിപ്പെടുത്തുകയോ ലോകസമാധാനം അപകടത്തിലാക്കുകയോ ചെയ്യരുതു്; ജർമ്മൻഫാസിസത്തെ തുടച്ചുനീക്കുകയും അവിടത്തെ സാമൂഹ്യവും ഭരണപരവുമായ ചട്ടക്കൂടു് പൊളിച്ചുമാററി, ആക്രമണനയങ്ങളുടെ നാരായവേരു് പിഴുതെറിഞ്ഞു്, സമാധാനത്തിൽ വർത്തിക്കുന്ന ഒരു രാഷ്ട്രമാക്കി അതിനെ ജനാധിപത്യവൽക്കരിക്കുകയുംചെയ്യുക; ആക്രമണം വരുത്തിവെച്ച സാമ്പത്തിക നാശത്തിന്നുള്ള നഷ്ടപരിഹാരം ജർമ്മനി സഖ്യകക്ഷിരാഷ്ട്രങ്ങൾക്കു് നൽകുക; യുദ്ധക്കുററവാളികളായ നാസിത്തലവന്മാരെ സാർവ്വദേശീയസൈനികക്കോടതിയിൽ വിചാരണചെയ്യുകയും ശിക്ഷിക്കുകയും ചെയ്യുക; അതോടൊപ്പം ഓരോ സഖ്യരാഷ്ട്രത്തിന്റെയും ദേശീയക്കോടതികളും അവരെ വിചാരണചെയ്തു ശിക്ഷിക്കുക. ഈ നടപടികൾ എടുക്കുന്നതിന്നു് യു. എസ്. എസ്. ആർ., അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ് എന്നിവയുടെ പ്രതിനിധികളടങ്ങുന്ന ഒരു നിയന്ത്രണകൗൺസിൽ രൂപീകരിക്കുവാനും കരാറിൽ സമ്മതിച്ച ശിക്ഷാനടപടികൾ നടപ്പാക്കുവാനും വ്യവസ്ഥയുണ്ടു്. ഈ കൗൺസിലിന്നു് ജർമ്മനിയിൽ പരമമായ നിയമനിർമ്മാണാധികാരവും ഭരണനിർവ്വഹണാധികാരവും ഉണ്ടായിരിക്കും.

ശിക്ഷാനടപടികളിൽ ജർമ്മനിയുടെ ഒരുഭാഗത്തെ വേർപെടുത്താനും വ്യവസ്ഥചെയ്തിട്ടുണ്ടു്. ഭാവിയിൽ ജർമ്മനി ആക്രമണം നടത്തുകയില്ലെന്നുറപ്പുവരുത്താനുള്ളതാണിതു്. ഇതു് കീഴടക്കൽ ആക്രമണത്തിന്നുള്ള ഒരു ശിക്ഷയായിട്ടാണു്, അല്ലാതെ, സാർവ്വദേശീയനിയമത്തിൽ ഇപ്പോൾ നിലവിൽ ഇല്ലാത്ത "ജേതാവിന്റെ അവകാശ"മായിട്ടല്ലെന്നും എടുത്തുപറയേണ്ടതുണ്ടു്. ജർമ്മനി മുമ്പു് വെട്ടിപിടിച്ച രാജ്യങ്ങൾ ഒന്നും പഴയ അവകാശികൾക്കു് തിരിച്ചുകൊടുത്തിട്ടില്ലെന്നിരിക്കേ രണ്ടാം ലോകമഹായുദ്ധത്തിന്റെ ഫലമായി ജർമ്മനിയെ വിഭജിക്കുകയെന്ന നടപടിയുടെ നിയമസാധുത "ജേതാവിന്റെ അവകാശ"ത്തിന്റെ പേരിൽ രാജ്യം കയ്യടക്കുന്നതിൽനിന്നു് തികച്ചും വിഭിന്നമാണെന്നു പറഞ്ഞുകൊള്ളട്ടെ. അങ്ങിനെ സാർവ്വദേശീയനിയമത്തിൽ കയ്യേററക്കാരുടെ മേൽ ഉത്തരവാദിത്വം വെച്ചുകെട്ടുകയെന്ന ഒരു പുതിയ തത്വം ലോകസമാധാനം സംരക്ഷിക്കുന്നതിന്നുവേണ്ടി ഉൾപ്പെടുത്തി. ഈ പുതിയ തത്വമനുസരിച്ചു് സാർവ്വദേശീയനിയമത്തിൽ യുദ്ധത്തിന്റെ നിയമപരമായ ഭവിഷ്യത്തു നിർണ്ണയിക്കുക "ജേതാവിന്റെ അവകാശ"ത്തിനെയാധാരമാക്കിയല്ല, ആക്രമണം നടത്തിയ രാജ്യം അതിന്റെ ചുമതലയും ഏറെറടുക്കണമെന്ന പ്രമാണമനുസരിച്ചായിരിക്കും.

ഈ രണ്ടു തത്വങ്ങൾ തമ്മിലുള്ള മൌലികമായ അന്തരം, അതായതു് ജേതാവിന്റെ അവകാശത്തിൽ, രാജ്യം കയ്യടക്കലും സമകാ

ലികസാർവ്വദേശീയ നിയമത്തിന്റെ പുതിയതും പുരോഗമനപരവുമായ തത്വം—ആക്രമണം നടത്തിയതിന്നുള്ള ചുമതല അതു ചെയ്ത രാഷ്ട്രത്തിന്റെമേൽ ചുമത്തുകയെന്ന തത്വം—അനുസരിച്ച് രാഷ്ട്രങ്ങളുടെ അതിർത്തികളിൽ മാററങ്ങരം വരുത്തലും തമ്മിൽ ഉള്ള വ്യത്യാസം, രാഷ്ട്രങ്ങരം തമ്മിൽ സൌഹൃദബന്ധങ്ങളും സഹകരണവും സംബന്ധിച്ച സാർവ്വദേശീയനിയമപ്രഖ്യാപനം തയ്യാറാക്കുന്നതിന്നു് ഐക്യരാഷ്ട്രസംഘടന രൂപീകരിച്ച പ്രത്യേക സമിതിയിൽ സോവിയററ്പ്രതിനിധിസംഘം ഊന്നിപ്പറയുകയുണ്ടായി. (ഈ പ്രഖ്യാപനം 25-ാമതു് ഐക്യരാഷ്ട്ര ജനറലസംബ്ലി അംഗീകരിച്ചു.)

നാസിജർമ്മനിയുടെ ഉത്തരവാദിത്വത്തെ സംബന്ധിച്ചുണ്ടാക്കിയ കരാറുകരം നടപ്പാക്കിയതു് നിർബ്ബന്ധനടപടികളിലൂടെയാണു്: അവ നടപ്പാക്കുന്നതിന്നു് ജർമ്മനിയുടെ സമ്മതമോ അംഗീകാരമോ ആവശ്യമായിരുന്നില്ല. ഈ കരാറുകളിൽ ശാശ്വത സമാധാനസംസ്ഥാപനവും യുദ്ധംകൊണ്ടു് നഷ്ടംസംഭവിച്ച രാജ്യങ്ങളുടെ പുനരധിവാസവും മാത്രമായിരുന്നു ലക്ഷ്യം.

ഇററലി, റുമേനിയ, ബരംഗേറിയ, ഹങ്കറി, ഫിൻലണ്ടു് എന്നീ രാജ്യങ്ങളുമായി 1947-ൽ ഒപ്പുവെച്ച സമാധാനഉടമ്പടികളിലെല്ലാം ആക്രമണം നടത്തിയ രാജ്യങ്ങളുടെ ഉത്തരവാദിത്വത്തെ സംബന്ധിച്ച തത്വം പ്രതിഫലിച്ചിരുന്നു. യുദ്ധാനന്തര യൂറോപ്യൻ സംഭവവികാസങ്ങരംക്കു് ഈ ഉടമ്പടികരം വളരെയധികം സഹായകമായിത്തീർന്നിട്ടുണ്ടു്. സോവിയററ്യൂണിയന്റെ നിർബ്ബന്ധം കാരണം ഈ ഉടമ്പടികളെല്ലാം ജനാധിപത്യപ്രമാണങ്ങളനുസരിച്ച വ്യവസ്ഥകളുള്ളവയായിരുന്നു. അതുകൊണ്ടാണു് നാസിജർമ്മനിയെ സഹായിച്ച രാഷ്ട്രങ്ങരംക്കുപോലും പിന്നീടു് യൂറോപ്യൻ രാഷ്ട്രസമൂഹത്തിലേയ്ക്കു് സമാധാനപ്രേമികളായ രാഷ്ട്രങ്ങളെന്ന നിലയ്ക്കു് തിരിച്ചുവരാൻ സാധിച്ചതു്.

1945 ആഗസ്റ്റ് 8-ാംനു- ലണ്ടനിൽവെച്ചു് അമേരിക്കയും ഫ്രഞ്ച്റിപ്പബ്ലിക്കിന്റെ താല്ക്കാലികഗവർമ്മെണ്ടും ബ്രിട്ടനും യു. എസ്. എസ്. ആറും തമ്മിൽ ഒരു കരാറിലൊപ്പുവെയ്ക്കുകയുണ്ടായി. യൂറോപ്പിലെ അച്ചുതണ്ടുരാഷ്ട്രങ്ങളിലെ പ്രമുഖ യുദ്ധക്കുററവാളികളെ വിചാരണചെയ്യാനും ശിക്ഷിക്കാനുമുള്ളതായിരുന്നു കരാർ. സാർവ്വദേശീയസൈനികക്കോടതിക്കു ബാധകമായ ഒരു നിയമാവലിയും വിചാരണചെയ്യേണ്ട വ്യക്തികളുടെ ഒരു പട്ടികയും ആദ്യത്തെ കരാറിലുരംപ്പെട്ടിരുന്നു. അച്ചുതണ്ടുരാഷ്ട്രങ്ങളിലെ പ്രമുഖരായ യുദ്ധക്കുററവാളികളെ ന്യായയുക്തമായും കാലതാമസം കൂടാതെയും വിചാരണചെയ്തു ശിക്ഷിക്കുവാൻ വേണ്ടിയാണു് സർവ്വദേശീയസൈനികക്കോടതി രൂപീകൃതമായതു് (കരാറിലെ ഒന്നാമത്തെ വകുപ്പ്). ഇങ്ങിനെ പ്രമുഖ യുദ്ധക്കുററവാളികളെ സാർവ്വദേശീയക്കോടതി വിചാരണചെയ്യുന്നതു് മററു യുദ്ധക്കുററവാളികളെ

ഓരോ സഖ്യരാഷ്ട്രത്തിലേയും ദേശീയക്കോടതികൾ വിചാരണ ചെയ്തു ശിക്ഷിക്കുന്നതിന്നു തടസ്സമായിരുന്നില്ല.

സാർവ്വദേശീയ സൈനികക്കോടതി സഖ്യരാഷ്ട്രങ്ങളുടെ കോടതിയായിരുന്നു. അതിന്റെ നിയമാവലിയിലെ ആറാം വകുപ്പ് കോടതിയുടെ അധികാരപരിധി നിർണ്ണയിച്ചിരിക്കുന്നു. ''സമാധാനത്തിന്നെതിരായ കുററം'' എന്ന ആശയത്തിൽ ഒട്ടേറെ ആക്രമണനടപടികൾ ഉൾപ്പെടുത്തേണ്ടതുണ്ട്: പ്രകോപനമില്ലാതെ യുദ്ധം ആസൂത്രണംചെയ്യുക, യുദ്ധത്തിന്നു് സജ്ജമാവുക, യുദ്ധം അഴിച്ചുവിടുക, യുദ്ധത്തിലേർപ്പെടുക എന്നിവയെല്ലാം ഇതിൽപെടുന്നു. ഇത്തരമൊരു നിർവചനം, സാർവ്വദേശീയനിയമത്തിന്നു് മികച്ച ഒരു സംഭാവനയാകുന്നു. ആക്രമണത്തിന്നുവേണ്ടി സജ്ജീകരണം നടത്തുകയെന്നതുകൂടി ''സമാധാനത്തിന്നെതിരായകുററ''ത്തിൽപെടുത്തിയതു് പ്രത്യേകിച്ചും നല്ല സംഭാവന തന്നെയാണു്.

പ്രമുഖരായ നാസിയുദ്ധക്കുററവാളികളുടെ വിചാരണ 1945 നവമ്പർ 20-ാംനു- ന്യൂറെംബർഗിൽവെച്ചു ആരംഭിച്ചു. 1946 ഒക്ടോബർ 1-ാംനു- വിധി പ്രഖ്യാപിക്കുകയും 1946 ഒക്ടോബർ 16-ാംനു- അതു് നടപ്പാക്കുകയും ചെയ്തു. ന്യൂറെംബർഗിൽ നടന്നുകൊണ്ടിരുന്ന സംഭവങ്ങളുടെ പ്രാധാന്യവും പുതുമയും ലോകത്തെങ്ങുമുള്ള ജനങ്ങൾ അതിവേഗം മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്തു. രാജ്യാധികാരം പിടിച്ചുപററുകയും അതുപയോഗിച്ചു ക്രൂരകൃത്യങ്ങൾ നടത്തുകയും ചെയ്തവരെ ചരിത്രത്തിലാദ്യമായി ഒരു ലോകകോടതിക്കു മുമ്പാകെ വിചാരണചെയ്തു. പ്രമുഖനാസിയുദ്ധക്കുററവാളികൾ കാട്ടിക്കൂട്ടിയ ക്രൂരകൃത്യങ്ങളുടെ ബീഭത്സങ്ങളായ വിവരണങ്ങൾ കോടതിമുമ്പാകെ തെളിവുകൾ സഹിതം ഹാജരാക്കപ്പെട്ടു. യുദ്ധക്കളങ്ങളിലല്ലാതെതന്നെ ഹിററ്ലറുടെ കൂട്ടാളികൾ 12 ദശലക്ഷത്തിലധികം പുരുഷന്മാരേയും സ്ത്രീകളേയും കുട്ടികളേയും കൊന്നൊടുക്കിയിട്ടുണ്ടെന്നാണു് മതിപ്പുകണക്കു്. ചില ജനവിഭാഗങ്ങളെ അപ്പാടെ ഉന്മൂലനാശം ചെയ്യാനും അവർ നിശ്ചയിച്ചിരുന്നു. അതുപോലെ ചില വംശീയവിഭാഗങ്ങളേയും ദേശീയജനവിഭാഗങ്ങളേയും ഒന്നടക്കം കശാപ്പുചെയ്യാനും അവർക്കു ഉദ്ദേശമുണ്ടായിരുന്നു. പുരാതനങ്ങളായ പല സ്വാതന്ത്ര്യരാജ്യങ്ങളെ തുടച്ചുനീക്കാനും അവക്കു പരിപാടിയുണ്ടായിരുന്നു. ഈ കൊലകൾ നടന്നതു് ഓഷ്‌വിററ്സിലേയും, ദച്ചാവുവിലേയും, ട്രെംബ്ലിൻകായിലേയും, ബുഷൻവാൾഡിലേയും, മൌതാവുസെനിലേയും, മജാനെക്കിലേയും, സലാസ്പിൽസിലേയും വാതകഅറകളിലും തടങ്ങൽപാളയങ്ങളിലുംവെച്ചായിരുന്നു. പൈശാചികമാംവിധം നടത്തപ്പെട്ട കൊടുംപാതകങ്ങളായിരുന്നു അവ.

ചരിത്രത്തിൽ ആക്രമണകാരികൾക്കെതിരായി നിയമപരമായ നടപടികളെടുക്കുന്നത് ആദ്യമായി ന്യൂറെംബർഗ് വിചാരണയിൽ വെച്ചായിരുന്നതുകൊണ്ടു് ഒട്ടേറെ സാർവ്വദേശീയനിയമപ്ര

ശ്നങ്ങരം ആ കോടതിയിൽ ഉന്നയിയ്ക്കപ്പെട്ടിരുന്നു. ആക്രമണത്തിന്റെ കുററസ്വഭാവം, ആക്രമണത്തിന്നുത്തരവാദികളായ വ്യക്തികരം, കുററകൃത്യത്തെ നിയമംവഴി കുററമായി പരിഗണിക്കുന്നില്ലെങ്കിൽ ആ കൃത്യം ശിക്ഷിക്കപ്പെടാവുന്നതല്ലെന്ന ആശയം, ഒരു രാഷ്ട്രത്തിന്റെ പേരിൽ നടത്തുന്ന കൃത്യങ്ങരംക്കുള്ള ഉത്തരവാദിത്വം, ക്രിമിനൽ സ്വഭാവമുള്ള കല്പനകരം രാജ്യത്തിന്നുവേണ്ടി നടപ്പിൽവരുത്തുന്നതിന്നുള്ള ഉത്തരവാദിത്വം, കയ്യടക്കിയ രാജ്യത്തിൽ നടത്തുന്ന കുററകൃത്യങ്ങരംക്കുള്ള ഉത്തരവാദിത്വം, ഹിററ്ലർസംഘടനകളുടെ കൂട്ടായ ഉത്തരവാദിത്വം തുടങ്ങിയ ഒട്ടേറെ സങ്കീർണ്ണപ്രശ്നങ്ങരം ഇപ്രകാരം ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

സാർവ്വദേശീയസൈനികക്കോടതി അതിന്റെ നിയമാവലിയിലെ 6-ാം വകുപ്പിനെക്കുറിച്ച് ഇങ്ങിനെ പറയുന്നു: ''ആക്രമണസ്വഭാവമുള്ള ഒരു യുദ്ധം ആരംഭിക്കുന്നത് ഒരു സാർവ്വദേശീയക്കുററമാണ് എന്നു മാത്രമല്ല, പരമമായ സാർവ്വദേശീയക്കുററവുമായിരിക്കും ... മററു യുദ്ധക്കുററങ്ങളിൽനിന്ന് അതിന്നു ഒരു വ്യത്യാസം മാത്രമേയുള്ളു. മറെറല്ലാ പാതകങ്ങളുടെയും ആകെ മൊത്തമുള്ള ദുഷ്ടത ഇതിലടങ്ങിയിരിക്കുന്നുവെന്നതാണ് ആ വ്യത്യാസം.[1] വിധിപ്രഖ്യാപിക്കുന്നകൂട്ടത്തിൽ സാർവ്വദേശീയ കോടതി 1928-ലെ പാരിസ് ഉടമ്പടിയേയും അതിന്നുമുമ്പുള്ള സാർവ്വദേശീയനിയമത്തെ സംബന്ധിച്ചുള്ള എല്ലാം ആധികാരികപ്രഖ്യാപനങ്ങളേയും പരാമർശിച്ചിരുന്നു. അതിൽ തുടർന്നുപറയുന്നു: ''ഈ അഭിപ്രായപ്രകടനങ്ങളും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ള മററു ഗൌരവപ്പെട്ട തെളിവുകളും യുദ്ധം ചെയ്യുകയെന്നത് നിയമവിരുദ്ധമാണെന്നു മാത്രമല്ല ക്രിമിനൽക്കുററം കൂടിയാണെന്നുള്ള പാരിസ് ഉടമ്പടിയിലെ പ്രഖ്യാപനത്തിന്ന് കരുത്തുകൂട്ടുന്നുണ്ട്. ലോകമനസ്സാക്ഷിയാവശ്യപ്പെടുന്ന ആക്രമണയുദ്ധനിരോധം കോടതി ഇവിടെ പരാമർശിച്ച ഉടമ്പടികളിലും സന്ധികളിലും പ്രതിഫലിച്ചിരിക്കുന്നു.''[2]

അങ്ങിനെ, കുററകൃത്യത്തെ നിയമംവഴി കുററമായി പരിഗണിക്കുന്നില്ലെങ്കിൽ ആ കുററം ശിക്ഷിക്കപ്പെടാവുന്നതല്ലെന്ന സിദ്ധാന്തമനുസരിച്ച് നാസിയുദ്ധക്കുററവാളികരം നിരപരാധികളാണെന്ന അവരുടെ അഭിഭാഷകന്റെ വാദത്തെ ന്യൂറെംബർഗ് കോടതി പാടെ തള്ളിക്കളഞ്ഞു.

ആക്രമണം നടത്തിയതിന്ന് വിചാരണ ചെയ്യുന്നതിൽ നിയമപരമായ അപാകതയുണ്ടെന്ന് പ്രതിഭാഗം അഭിഭാഷകർ ന്യൂറെംബർഗ് വിചാരണവേളയിൽ ശക്തിയായി വാദിച്ചുനോക്കി. കോടതിയെ അഭിസംബോധനം ചെയ്തുകൊണ്ട് പ്രതിഭാഗം വക്കീൽ ഹേർമാൻ ജഹ്റീസ് പറയുകയുണ്ടായി, ''ഒരു രാഷ്ട്രത്തിന്റെ പ്രവൎത്തന''ത്തിന്ന് വ്യക്തികളെ ആക്രമണക്കുററം

1. ന്യൂറെംബർഗിൽ സാർവ്വദേശീയസൈനികക്കോടതിമുമ്പാകെ പ്രമുഖയുദ്ധക്കുററവാളികളുടെ വിചാരണ. 1947, വാല്യം 1, പേജ് 186.

2. അതേ വാല്യം, പേജ് 222.

ചുമത്തി വിചാരണ ചെയ്യുവാൻ പാടില്ലെന്നു്. ഒരു രാഷ്ട്രത്തിനെ വിചാരണചെയ്യാനും ശിക്ഷിക്കാനും പാടില്ലെന്നു് പറയുമ്പോഠം രാഷ്ട്രത്തിൻെറ പ്രവത്തനങ്ങളുടെയും നയത്തിൻെറയും കെടുതികഠംക്കു് ആരും ഉത്തരവാദിയല്ലെന്നു് അതിന്നു് അത്ഥമില്ല. രാഷ്ട്രത്തിലെ സംഘടനകളുടേയും അധികാരികളുടേയും പ്രതിനിധികളുടെയും പ്രവർത്തനങ്ങളിൽനിന്നുള്ള ഫലങ്ങളുടെ രാഷ്ട്രീയവും ഭൌതികവും ധാർമ്മികവുമായ ഉത്തരവാദിത്വം അവ വഹിക്കേണ്ടതാണെന്നു് സാവ്വദേശീയനിയമത്തിൽ പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ടു്. ഈ പ്രതിനിധികളും അധികാരികളും തന്നെയാണ് രാഷ്ട്രത്തിൻെറ പേരിൽ നടത്തുന്ന ക്രിമിനൽ കുററങ്ങളുടെ ഉത്തരദിത്വം വഹിക്കേണ്ടതു്.

വിധിപറയുന്നകൂട്ടത്തിൽ, നിയമാവലിയിലെ 7-ാം വകുപ്പിനെ പരാമർശിക്കുന്നതിനിടയിൽ സാവ്വദേശീയ കോടതി ചൂണ്ടിക്കാട്ടി: "സാവ്വദേശീയനിയമത്തിന്നെതിരായി കുററങ്ങഠം ചെയ്യുന്നതു് വ്യക്തികളാണ്, അല്ലാതെ അമൂർത്തവസ്തുക്കളല്ല. കുററം ചെയ്യുന്ന വ്യക്തികളെ ശിക്ഷിച്ചാൽ മാത്രമേ സാവ്വദേശീയനിയമവ്യവസ്ഥകഠം നടപ്പിലാക്കാൻ കഴിയുകയുള്ള"[1] സമാധാനത്തിന്നും മാനവരാശിക്കുമെതിരായി കുററംചെയ്ത ആളുകഠം സാവ്വദേശീയനിയമത്തിന്നു് വിധേയരല്ലെങ്കിലും അവർ ശിക്ഷയ്ക്കു് ഇരയാവുമെന്നു് സൈനികക്കോടതി വിധിച്ചു.

ക്രിമിനൽ സ്വഭാവമുള്ള കല്പനകഠം അനുസരിക്കുന്നതിന്നുള്ള ഉത്തരവാദിത്വത്തിൻെറ പ്രശ്നം പരിഹരിയ്ക്കേണ്ടതു് വളരെ പ്രധാനപ്പെട്ട ഒരു സംഗതിയാണ് തങ്ങഠം ചോദ്യംചെയ്യാതെ കണ്ണുമൂടി ഉത്തരവുകളനുസരിക്കുകയായിരുന്നുവെന്ന് കൊടുംപാതകങ്ങഠംക്കുള്ള ചുമതല നിഷേധിച്ചുകൊണ്ടു് എല്ലാ പ്രതികളും വാദിച്ചുനോക്കി.

ഇത്തരം കേസുകളിൽ ഒരു പ്രതിയെ ക്രിമിനൽ കുററത്തിൽ നിന്നൊഴിച്ചുനിർത്താൻ കോടതിയുടെ ചട്ടങ്ങളിലെ 8-ാം വകുപ്പു് അനുവദിക്കുന്നില്ല. അയാഠം "ഗവർമ്മേണ്ടിൻെറയോ മേലധികാരിയുടെയോ കല്പനയ്ക്കനുസരിച്ചു് പ്രവർത്തിക്കുകയാണ് ചെയ്തതെ"ന്ന വാദം തിരസ്കരിക്കപ്പെട്ടു[1] ഈ വകുപ്പു് ന്യൂറെംബർഗിൽ വിചാരണചെയ്യപ്പെട്ട പ്രമുഖ കുററവാളികഠംക്കു മാത്രമല്ല ദേശീയക്കോടതികളിൽ വിചാരണചെയ്യപ്പെട്ട മററു കുററവാളികഠംക്കും ബാധകമായിരുന്നു.

സൈനികക്കോടതി തയ്യാറാക്കിയ ചട്ടങ്ങഠം സാവ്വദേശീയ നിയമസംഹിതയ്ക്കു് വളരെ സഹായമായിത്തീർന്നിട്ടുണ്ടു്. യുദ്ധത്തിൻെറ നിയമങ്ങളും സമ്പ്രദായങ്ങളും കുറേക്കൂടി മനുഷ്യത്വ

---

1. ന്യൂറെംബർഗിൽ സാവ്വദേശീയ സൈനികക്കോടതിമുമ്പാകെ നടന്ന പ്രമുഖയുദ്ധക്കുററവാളികളുടെ വിചാരണ, 1947, വാള്യം 1, പേജ് 223.
1. 'റോബർട്ടു് ജാക്സൻെറ ദൃഷ്ടിയിൽ—ന്യൂറംബർഗ് കേസ്,' ന്യൂയോർക്കു്, 1947, പേജ് 23.

ത്താട്ടകൂടിയവയാക്കവാനും അവ സഹായിച്ചിട്ടുണ്ട്. 1948-ൽ നരഹത്യ തടയുന്നതിന്നും കുററവാളികളെ ശിക്ഷിക്കുന്നതിന്നുമുള്ള സാർവ്വദേശീയ കൺവെൻഷനു രൂപംനൽകുന്നതിന്നും, 1949-ൽ യുദ്ധത്തിന്നിരയായവരെ സംരക്ഷിക്കുന്നതിന്നുള്ള ജനീവാകൺവെൻഷന്നു് രൂപംനൽകുന്നതിന്നും നിയമപരവും ധാർമ്മികവുമായ അടിത്തറയായിത്തീർന്നത് ഈ തത്വങ്ങളായിരുന്നു. യുദ്ധത്തിന്നുവേണ്ടി പ്രചാരണം നടത്തുന്നതിനെ അധിക്ഷേപിക്കുന്ന കാര്യത്തിലും ഇതു് പ്രയോജനപ്പെടുന്നതാണ്.

സാർവ്വദേശീയനിയമത്തിൻകീഴിലുള്ള സുപ്രധാന ഘടകങ്ങളുടെ പുരോഗമനപരമായ വളർച്ചയിൽ ന്യൂറംബർഗ് പ്രമാണങ്ങൾ ഇപ്പോഴം സ്വാധീനം ചെലുത്തുന്നുണ്ട്.

സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടെ മുൻകയ്യോടുകൂടി ഐക്യരാഷ്ട്ര ജനറലസംബ്ലിയുടെ 23-ാം സമ്മേളനം 1968 നവംബർ 26-ാം തീയ്യതി, യുദ്ധക്കുററങ്ങൾക്കും മനുഷ്യസമുദായത്തിന്നെതിരായ കുററങ്ങൾക്കും നിയമത്തിന്റെ പരിമിതകളൊന്നും ബാധകമല്ലെന്നനുശാസിക്കുന്നതിന്നുള്ള ഒരു കൺവൻഷൻ അംഗീകരിക്കുകയുണ്ടായി. ഈ കൺവൻഷന്നുള്ള അടിസ്ഥാനം സാർവ്വദേശീയസൈനികക്കോടതിയുടെ ചട്ടങ്ങളും 1946 ഫിബ്രവരി 13-ാം തീയതിയും ഡിസംബർ 11-ാംതീയതിയും, 1947 നവംബർ 21-ാം തീയതിയും ഐക്യരാഷ്ട്രജനറലസംബ്ലി പാസ്സാക്കിയ പ്രമേയങ്ങളുമായിരുന്നു. യുദ്ധത്തിൽ ചെയ്യുന്ന കുററങ്ങൾക്കും മനുഷ്യർക്കെതിരായി നടത്തുന്ന പാതകങ്ങൾക്കും. (അത് യുദ്ധകാലത്തായാലും സമാധാനകാലത്തായാലും വേണ്ടില്ല ) അതുപോലെ വംശീയവിവേചനനയത്തിന്റെ ഫലമായി ചെയ്യുന്ന മനുഷ്യത്വവിഹീനമായ പ്രവൃത്തികൾക്കും നരഹത്യയ്ക്കും നിയമത്തിന്റെ ദൃഷ്ടിയിൽ യാതൊരു പരിമിതിയും കൂടാതെ പരമാവധി ശിക്ഷ നൽകാൻ ഈ കൺവൻഷൻ വ്യവസ്ഥ ചെയ്യുന്നു. ഇന്നത്തെ സാർവ്വദേശീയനിയമത്തിനെസ്സംബന്ധിച്ചിടത്തോളം ഈ കൺവെൻഷൻ അതിപ്രധാനമായ ഒരു രേഖയാകുന്നു.

ആക്രമണയുദ്ധങ്ങൾ നിരോധിക്കുകയും ആക്രമണത്തിന്നുള്ള ഉത്തരവാദിത്വം ചുമത്തുകയും വേണമെന്ന തത്വങ്ങൾ സോവിയററ് യൂണിയന്റെ ശ്രമങ്ങൾകൊണ്ടാണ് അംഗീകരിക്കപ്പെട്ടതു്. രാഷ്ട്രങ്ങൾക്കിടയിൽ സമാധാനം നിലനിർത്തുന്നതിൽ അവ അതിപ്രധാനമായ പങ്ക് വഹിച്ചിട്ടുണ്ട്, ഇന്നും വഹിക്കുന്നുണ്ട്.

അദ്ധ്യായം II

# സമാധാനസംരക്ഷണത്തിന്ന് ഐക്യരാഷ്ട്രസംഘടനയ്ക്കുള്ള കഴിവ്

## ബലപ്രയോഗത്തിൻെറയും ബലപ്രയോഗഭീഷണിയുടെയും നിരാകരണപ്രശ്നവും ഐക്യരാഷ്ട്രസംഘടനയും

ഐക്യരാഷ്ട്രസംഘടനയിൽ യു. എസ്. എസ്. ആറിൻെറയും മററു സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടേയും പ്രവർത്തനങ്ങൾ, സമാധാനത്തിൽ വർത്തിക്കാനുള്ള രാഷ്ട്രങ്ങളുടെ അവകാശം ഉയർത്തിപ്പിടിയ്ക്കുന്നതിൽ സുപ്രധാനമായ ഒരു പങ്കാണ് വഹിച്ചിട്ടുള്ളത്. ഇതിൻെറ ഫലമായി പ്രധാനങ്ങളായ ഒട്ടേറെ പ്രമാണങ്ങൾ രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങളെ നിർണ്ണയിക്കുന്ന സാർവ്വദേശീയനിയമത്തിൽ സ്ഥാനംപിടിക്കാനിടയായിട്ടുണ്ട്. ഇതിൽ ഏററവും പ്രധാനമായതാണ് രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങളിൽ ബലപ്രയോഗം പാടില്ലെന്ന വ്യവസ്ഥയും അതോടൊപ്പംതന്നെ വ്യത്യസ്ത സാമൂഹ്യവ്യവസ്ഥകളുള്ള രാഷ്ട്രങ്ങൾതമ്മിൽ സമാധാനത്തോടെ സഹവർത്തിക്കുകയെന്ന പ്രമാണവും.

ഐക്യരാഷ്ട്രസംഘടനയുടെ രൂപീകരണം, യുദ്ധത്തിന്നെതിരായ സമരത്തിന്നും രാഷ്ട്രങ്ങൾ തമ്മിൽ സൌഹാർദ്ദബന്ധങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്നും വമ്പിച്ച ഉത്തേജനമാണ് നൽകിയിട്ടുള്ളത്. ഐക്യരാഷ്ട്രത്തീട്ടൂരം നമ്മുടെ കാലഘട്ടത്തിലെ ഏററവും പ്രധാനപ്പെട്ട ഒരു സാർവ്വദേശീയരേഖയാകുന്നു. ലോകസമാധാനത്തിന്ന് ഉറപ്പുവരുത്തുന്നതിന്നും വലുതും ചെറുതുമായ രാഷ്ട്രങ്ങളുടെ തുല്യതയുറപ്പിക്കുന്നതിന്നും എല്ലാററിലുമുപരി രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങളിൽ ബലപ്രയോഗഭീഷണിയും ബലപ്രയോഗവും നിരോധിക്കുന്നതിന്നുമുള്ള മൌലികമായ പുതിയ പ്രമാണങ്ങൾ അതിലുൾപ്പെടുന്നുണ്ട്. തീട്ടൂരത്തിൻെറ രണ്ടാംവകുപ്പിൻെറ നാലാം ഖണ്ഡികയിൽ ഇങ്ങിനെ പറയുന്നു: ''ഏതെങ്കിലും ഒരു രാഷ്ട്രത്തിൻെറ ഭൂപരമായ അപരിച്ഛിന്നതയ്ക്കോ രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്നോ എതിരായി ബലപ്രയോഗഭീഷണിയോ ബ

ലപ്രയോഗമോ നടത്തുന്നതിൽനിന്നു് എല്ലാ അംഗരാഷ്ട്രങ്ങളും ഒഴിഞ്ഞുനിൽക്കണം; ഒരു പ്രകാരത്തിലും ഐക്യരാഷ്ട്രസംഘടനയുടെ ലക്ഷ്യങ്ങൾക്കെതിരായി ഒരു നടപടിയും സ്വീകരിച്ചുകൂടാത്തതുമാകുന്നു.'' മാത്രമല്ല ''എല്ലാ സാർവ്വദേശീയതർക്കങ്ങളും സമാധാനപരമായും ലോകസമാധാനത്തിന്നോ സുരക്ഷിതത്വത്തിന്നോ നീതിക്കോ ഹാനി വരുത്താത്തവിധത്തിലും പരിഹരിക്കുവാൻ'' എല്ലാ ഐക്യരാഷ്ട്രസഭാംഗങ്ങളും ചട്ടങ്ങളനുസരിച്ചു് ബാദ്ധ്യസ്ഥരാകുന്നു (ഖണ്ഡിക 4, വകുപ്പു് 2).

ബലപ്രയോഗഭീഷണിയും ബലപ്രയോഗവും നിരോധിക്കുന്ന ഐക്യരാഷ്ട്രത്തീട്ടുരത്തിലെ വകുപ്പും രണ്ടു ലോകയുദ്ധങ്ങൾക്കിടയിലുള്ള കാലഘട്ടത്തിൽ ആക്രമണങ്ങൾ നിരോധിക്കുന്നതിന്നു് വ്യവസ്ഥ ചെയ്യുന്ന വകുപ്പും തമ്മിൽ വ്യത്യാസം പ്രകടമാക്കുന്ന രണ്ടു സവിശേഷതകളുണ്ടു്. ഒന്നാമതായി ഐക്യരാഷ്ട്രത്തീട്ടുരത്തിൽ സായുധബലപ്രയോഗം മാത്രമല്ല, രാഷ്ട്രീയവും സാമ്പത്തികവുമായ സമ്മർദ്ദവും നിരോധിച്ചിരിക്കുന്നു; രണ്ടാമതായി, ബലപ്രയോഗം മാത്രമല്ല ബലപ്രയോഗഭീഷണിയും നിരോധിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഈ വ്യവസ്ഥ അത്ര എളുപ്പം അംഗീകരിക്കപ്പെടുന്നില്ല. ബലപ്രയോഗത്തിന്മേലുള്ള നിരോധത്തിൽ സായുധസേനകളുടേയും മററുവിധത്തിൽ ബലപ്രയോഗത്തിലൂടെയുള്ള സമ്മർദ്ദതന്ത്രങ്ങളുടേയും ഉപയോഗവും ഉൾപ്പെടുത്തിയിട്ടുണ്ടെന്നതു് സോഷ്യലിസ്റ്റ്-ജനാധിപത്യശക്തികളും സാമ്രാജ്യത്വ-പിന്തിരിപ്പൻ ശക്തികളും തമ്മിൽ കടുത്ത തക്കത്തിന്നുവിധേയമായിരിക്കയാണു് എന്നതാണു് വസ്തുത. ഈ ബലപ്രയോഗത്തിൻെറയും ബലപ്രയോഗഭീഷണിയുടെയും നിരോധനം, ഐക്യരാഷ്ട്രത്തീട്ടുരത്തിലെ, രാഷ്ട്രങ്ങൾ തമ്മിൽ സൌഹാർദ്ദബന്ധവും സഹകരണവും ഊട്ടിയുറപ്പിക്കണമെന്നു് വ്യവസ്ഥചെയ്യുന്ന സാർവ്വദേശീയനിയമത്തിലെ ഏഴുപ്രമാണ (ജനറലസംബ്ലിയുടെ 25-ാം സമ്മേളനം ഇവയംഗീകരിച്ചിട്ടുണ്ടു്) ങ്ങളിൽ ഏററവും അധികം ചൂടുപിടിച്ച ചർച്ചകളുയർത്തിവിട്ടിട്ടുള്ള വ്യവസ്ഥയാകുന്നു. ''ബലം'' എന്ന പദപ്രയോഗത്തിന്നു് സായുധസേനയെന്നുമാത്രമേ അർത്ഥമാക്കിക്കൂടുവെന്ന ബ്രിട്ടൻെറ നിർദ്ദേശത്തെ എല്ലാ പാശ്ചാത്യരാഷ്ട്രങ്ങളും പിന്താങ്ങി. തങ്ങളുടെ വാദത്തിന്നുപോൽബലകമായി പാശ്ചാത്യരാഷ്ട്രങ്ങൾ പറഞ്ഞതു് ''ബലം'' എന്ന പദത്തിന്നു് രാഷ്ട്രീയവും സാമ്പത്തികവുമായ സമ്മർദ്ദമെന്നർത്ഥം കൽപിക്കുകയാണെങ്കിൽ ഐക്യരാഷ്ട്രത്തീട്ടുരത്തിലെ 51-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന ആത്മരക്ഷയെന്ന ആശയത്തെ അന്യായമായി വലിച്ചുനീട്ടി ആത്മരക്ഷയെന്ന പൊതുധാരണയെത്തന്നെ അപകടപ്പെടുത്തുവാൻ അതിടയാക്കുമെന്നാണു്.

ആയുധമുപയോഗിക്കാതെയുള്ള സമ്മർദ്ദത്തിൻെറ ന്യായത തെളിയിക്കുന്നതിന്നു് അവർ ഉന്നയിച്ച വാദം എല്ലാ തരത്തിലുമുള്ള സമ്മർദ്ദവും നിരോധിക്കുന്നപക്ഷം രാഷ്ട്രങ്ങൾ തമ്മിൽ നയതന്ത്ര

ബന്ധങ്ങൾ സാധാരണനിലയിൽ നിലനിർത്തുവാൻ പ്രയാസമായിരിക്കുമെന്നാണ്. ഇതു് സാർവ്വദേശീയസംഘർഷങ്ങൾ കൂടുതലായി ഉയർന്നുവരാൻ വഴിവെക്കുകയും ചെയ്യുമെന്നവർ വാദിച്ചു. എന്നാൽ യു. എൻ. തീട്ടൂരത്തിലെ ഏഴാം അദ്ധ്യായത്തിൽ സൈനികവും സൈനികേതരവുമായ നടപടികൾ സ്വീകരിക്കുന്നതിന്നു വ്യവസ്ഥയുണ്ടെന്ന വസ്തുത തീട്ടൂരത്തിലെ ''ബല''മെന്ന ആശയം സൈനികേതരനടപടികളേയും ഉൾപ്പെടുത്തിയിട്ടുണ്ടെന്നതിന്നു തെളിവാകുന്നു. ബലപ്രയോഗവും ബലപ്രയോഗഭീഷണിയും ഉപേക്ഷിക്കണമെന്നനുശാസിക്കുന്ന തത്വത്തെക്കുറിച്ചു പറയുന്ന, 2-ാം വകുപ്പിലെ 4-ാം ഖണ്ഡികയനുസരിച്ച് തികച്ചും ശരിയുമാണിതു്. 51-ാം വകുപ്പിനെസംബന്ധിച്ച പരാമർശവും ആക്ഷേപാർഹമല്ല. ഒരു സായുധാക്രമണമുണ്ടാവുകയാണെങ്കിൽ സ്വയംരക്ഷക്കുള്ള അവകാശം വകുപ്പനുവദിച്ചുകൊടുക്കുന്നുണ്ട് എന്നല്ലാതെ അതിന്ന് മററു അർത്ഥങ്ങളൊന്നുമില്ല. അവസാനമായി സാധാരണനിലയ്ക്കുള്ള സൈനികേതര സമ്മർദ്ദവും ഭൂപരമായ അപരിച്ഛിന്നതയേയും രാഷ്ട്രീയസ്വാതന്ത്ര്യത്തേയും ഭീഷണിപ്പെടുത്തുന്ന സമ്മർദ്ദവും തമ്മിലുള്ള അന്തരം കണ്ടുപിടിക്കുന്നതിന്നുണ്ടെന്നു് പറയപ്പെടുന്ന വിഷമം മൂർത്തമായ ഓരോ സാഹചര്യവും വിശദമായി പരിശോധിക്കുന്നതിലൂടെ പരിഹരിക്കാവുന്നതേയുള്ളു. മാത്രമല്ല, സാർവ്വദേശീയമായ ഉത്തരവാദിത്വം ഒരു രാഷ്ട്രത്തിന്മേൽ അടിച്ചേല്പിക്കാൻ ഇടനൽകുന്ന നിയമവിരുദ്ധനടപടികളുടെ ഒരു പട്ടിക ഐക്യരാഷ്ട്രതീട്ടൂരത്തിലില്ല. ചാർട്ടറിലെ മററു വകുപ്പുകളെപ്പോലെതന്നെ അതിലെ 2-ാം വകുപ്പിന്റെ 4-ാം ഖണ്ഡികയും നിരോധിക്കത്തക്കതായ നടപടികളേയോ സാഹചര്യങ്ങളേയോ കുറിച്ചു് വ്യക്തമായ പരാമർശമൊന്നും നടത്തിയിട്ടില്ല.

സായുധബലപ്രയോഗത്തിന്നു പുറമെ രാഷ്ട്രങ്ങളുടെ പരമാധികാരവും രാഷ്ട്രീയസ്വാതന്ത്ര്യവും അപകടപ്പെടുത്തുന്ന എല്ലാ സമ്മർദ്ദങ്ങളും ബലപ്രയോഗമെന്ന ആശയത്തിലടങ്ങിയിട്ടുണ്ടെന്നാണു് സോഷ്യലിസ്റ്റ് രാജ്യങ്ങളുടെയും ചില ആഫ്രോ-ഏഷ്യൻ രാജ്യങ്ങളുടേയും പ്രതിനിധികൾ വാദിച്ചത്. 2-ാംവകുപ്പിലെ 4-ാം ഖണ്ഡികയിലെ ''ബല''മെന്ന പദത്തിന്നവർ കല്പിച്ച വ്യാപകമായ അർത്ഥം തികച്ചും യുക്തിസഹമായിരുന്നു. മററു വകുപ്പുകളുടെ കൂട്ടത്തിൽ ഈ ഖണ്ഡിക ചേർത്ത് വായിക്കുമ്പോൾ ഒരു കാര്യം വ്യക്തമാകുന്നുണ്ടു്. ഏതെങ്കിലുമൊരു രാഷ്ട്രത്തിന്റെ പരമാധികാരത്തേയും രാഷ്ട്രീയസ്വാതന്ത്ര്യത്തേയും ഭീഷണിപ്പെടുത്തുന്ന നാനാപ്രകാരത്തിലുള്ള സമ്മർദ്ദതന്ത്രങ്ങളും ''ബല''മെന്ന പദത്തിലുൾപ്പെടുന്നതാണെന്നും നമുക്ക് കാണാൻ കഴിയുന്നുണ്ടു്. അതുപോലെ സമാധാനത്തിന്നും, സമത്വത്തിലും സ്വയംനിർണ്ണയാവകാശത്തിലും അടിയുറച്ചുനില്ക്കുന്ന രാഷ്ട്രങ്ങളുടെ സമാധാനപരമായ സഹകരണത്തിന്നും സൌഹാർദ്ദബന്ധങ്ങൾക്കും എതിരായിട്ടാ

യാലും ഇത്തരം സമ്മർദ്ദതന്ത്രങ്ങൾ ബലപ്രയോഗമായിത്തന്നെ കണക്കാക്കുന്നതാണ്.

യു. എൻ. ചാർട്ടറിലെ 2-ാം വകുപ്പിലെ 4-ാം ഖണ്ഡികയിൽ ബലപ്രയോഗവും ബലപ്രയോഗഭീഷണിയും നിരോധിക്കണമെന്ന് പറഞ്ഞിട്ടുള്ളത് പ്രധാനമായും സായുധസേനയെക്കുറിച്ചാണ് എന്നതു് ശരിതന്നെ. ഈ വസ്തുത ചാർട്ടറിൻെറ ആമുഖത്തിലെ മുകളിൽ കൊടുത്ത വ്യവസ്ഥകളും അതിലെ വകുപ്പുകളും സ്ഥിരീകരിക്കുന്നുമുണ്ട്. 1964-ൽ മെക്സിക്കോയിൽവെച്ചും 1966-ൽ ന്യൂയോർക്കിൽവെച്ചും രണ്ടുതവണ യോഗം ചേർന്ന ഐക്യരാഷ്ട്രസംഘടനയുടെ പ്രത്യേകസമിതിയ്ക്കു് ചാർട്ടറിൻെറ രണ്ടാം വകുപ്പിൽ 4-ാം ഖണ്ഡികയിൽ ഉപയോഗിച്ചിട്ടുള്ളതുപോലെ ''ബലം'' എന്ന പദത്തിൻെറ അർത്ഥവ്യാപ്തിയുടെ കാര്യത്തിൽ യോജിപ്പിലെത്താൻ കഴിയാത്തതിനാൽ, ഒടുവിൽ, എല്ലാതരം ആക്രമണയുദ്ധങ്ങൾക്കും അതു് ബാധകമാക്കാമെന്നു് തീരുമാനിക്കേണ്ടിവന്നു. ഈ കാര്യത്തിൽ ഏതായാലും ഒരു പൊതു അഭിപ്രായം ഉണ്ടായിട്ടുണ്ടെന്നു് പ്രത്യേകസമിതിയുടെ രണ്ടാമത്തെ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. അതായതു് ആക്രമണസ്വഭാവമുള്ള യുദ്ധങ്ങൾ, ന്യൂറെംബർഗിലെയും ടോക്യോവിലെയും സാർവ്വദേശീയ സൈനികക്കോടതികൾ അംഗീകരിച്ചതിൻെറ അടിസ്ഥാനത്തിൽ, സമാധാനത്തിന്നെതിരായ കുററങ്ങളായിരിക്കും.

എന്നാൽ ''ബലപ്രയോഗ''മെന്ന ആശയവും ''ആക്രമണ''വും ഒന്നാണെന്ന് സമർത്ഥിയ്ക്കാനുള്ള ശ്രമങ്ങളെല്ലാം പരാജയപ്പെടുകതന്നെ ചെയ്തു. ''ആക്രമണസ്വഭാവമുള്ള യുദ്ധ''വും ''ബലപ്രയോഗ''വും ഒന്നല്ല. പ്രകോപനമൊന്നുമില്ലാതെയുള്ള യുദ്ധമാണ് എല്ലായ്പോഴും ഏററവും ആപല്ക്കരമായ സായുധാക്രമണം. സായുധസേനയുടെ നിയമവിരുദ്ധമായ ഉപയോഗം ഏതു സാഹചര്യത്തിലും സായുധാക്രമണമായിത്തീരും. നേരേമറിച്ച്, സാമ്പത്തികവും രാഷ്ട്രീയവുമായ സമ്മർദ്ദത്തിൻെറ നിയമവിരുദ്ധമായ പ്രയോഗവും സമാധാനത്തിന്നു ഭീഷണിയായിത്തീരാനും സമാധാനഭഞ്ജനത്തിലേക്ക് നയിക്കാനും എളുപ്പമുണ്ട്. അതിനാൽ ''സമാധാനത്തിന്നു ഭീഷണി'', ''സമാധാനഭഞ്ജനം'', ''ആക്രമണനടപടി'' എന്നീ ആശയങ്ങൾക്ക് പരക്കെ അംഗീകരിക്കപ്പെട്ട ഒരു നിർവ്വചനം തത്വത്തിലോ പ്രയോഗത്തിലോ ഇല്ലാതിരിയ്ക്കെ, 2-ാംവകുപ്പിലെ 4-ാം ഖണ്ഡികയും 39-ാം വകുപ്പും തമ്മിൽ ഒരു സംയോജനം — സമാധാനത്തിന്നു ഭീഷണിയോ, സമാധാനഭഞ്ജനമോ, അല്ലെങ്കിൽ ആക്രമണമോ ഉണ്ടായിട്ടുണ്ടോ എന്നു തീരുമാനിക്കാൻ രക്ഷാസമിതിക്കു് അതു് അധികാരം നൽകുന്നു — രക്ഷാസമിതിയുടെ പ്രവർത്തനങ്ങളിൽക്കൂടിയാണ് നടപ്പിലാക്കുക.

അങ്ങിനെ ചാർട്ടറിലെ 2-ാംവകുപ്പിൻെറ 4-ാംഖണ്ഡിക നിരോധിക്കുന്ന ''ബലപ്രയോഗ''ഭീഷണി സാമ്പത്തികവും രാഷ്ട്രീയവുമായ ബലപ്രയോഗത്തിന്നും ബാധകമാണ്; ''സായുധസേന''യെന്നതിൽ കവിഞ്ഞ അർത്ഥമാണതിന്നുള്ളതു്. ആക്രമണമേതെ

ന്നു് നിർണ്ണയിക്കുന്നതിന്നു് സോവിയററ് യൂണിയൻ സായുധാക്രമണത്തിൻെറ പ്രധാനപ്പെട്ട രീതികഠം ഉചിതമായ ക്രമത്തിൽ വിവരിച്ചുകൊടുക്കുകയും ആക്രമണത്തിന്നു് പൊതുവിൽ ഒരു നിർവ്വചനം ഉന്നയിക്കുകയും ചെയ്തിരുന്നു. ഈ വ്യക്തമായ നിർദ്ദേശങ്ങഠം 1933-ലും 1953-ലും 1969-ലും സോവിയററ് യൂണിയൻ മുമ്പോട്ട വെച്ചിരുന്നതാണു്. എന്നാൽ, തങ്ങഠംക്കു് രുചിയ്ക്കാത്ത തരത്തിലുള്ള, ആക്രമണത്തെപ്പററി പൊതുവെ സ്വീകാര്യമായ, നിർവ്വചനങ്ങഠം അംഗീകരിയ്ക്കുന്നതിനെ തടസ്സപ്പെടുത്താൻ സാമ്രാജ്യത്വ രാഷ്ട്രങ്ങഠം എല്ലാ വിധേനയും ശ്രമിച്ചുവരികയാണു്.

രാഷ്ട്രങ്ങഠംക്കിടയിലുള്ള സൌഹാർദ്ദബന്ധങ്ങളേയും സഹകരണങ്ങളേയും ബാധിക്കുന്ന യു എൻ. ചാർട്ടനുസരിച്ചുള്ള സാർവ്വദേശീയ നിയമതത്വപ്രഖ്യാപനത്തിൽ ഇങ്ങിനെ പറയുന്നു: ''ഏതെങ്കിലും ഒരു രാഷ്ട്രത്തിൻെറ പരമാധികാരത്തിന്നോ രാഷ്ട്രീയസ്വാതന്ത്ര്യത്തിന്നോ എതിരായി ബലം പ്രയോഗിക്കുന്നതിൽ നിന്നോ ബലപ്രയോഗഭീഷണിയുയർത്തുന്നതിൽ നിന്നോ ഒഴിഞ്ഞുനില്ക്കാൻ ഓരോ രാഷ്ട്രവും കടമപ്പെട്ടിരിക്കുന്നു. ഏതൊരുവിധത്തിലുള്ള ഭീഷണിയും ഐക്യരാഷ്ട്രസംഘടനയുടെ ഉദ്ദേശലക്ഷ്യങ്ങഠംക്കെതിരാകുന്നു. അത്തരം ഭീഷണിയും ബലപ്രയോഗവും സാർവ്വദേശീയ നിയമത്തിൻെറയും ഐ. രാ. ചാർട്ടറിൻെറയും ലംഘനമായിത്തീരുന്നു. അതിനാൽ അവ സാർവ്വദേശീയപ്രശ്നങ്ങളുടെ പരിഹരണത്തിന്നു് പ്രയോഗിച്ചുകൂടാത്തതാകുന്നു.

''ആക്രമണസ്വഭാവമുള്ള യുദ്ധം സമാധാനത്തിന്നെതിരായ കുററമായിത്തീരുന്നു; അതിന്നു് സാർവ്വദേശീയനിയമമനുസരിച്ചു് ഉത്തരവാദിത്വം വഹിച്ചേ മതിയാകൂ.''[1]

ബലപ്രയോഗത്തിൻെറയും ബലപ്രയോഗഭീഷണിയുടേയും നിരോധനത്തിലെ ഒരു സുപ്രധാനവശമാണു് ആക്രമണയുദ്ധത്തിന്നുവേണ്ടിയുള്ള പ്രചാരവേല നടത്താതിരിയ്ക്കാനും ഓരോ രാഷ്ട്രവും ബാദ്ധ്യസ്ഥമാകുന്നുണ്ടെന്നതു്. സാർവ്വദേശീയ നിയമതത്വപ്രഖ്യാപനത്തിൽ ഇങ്ങിനെ പറയുന്നു: ''ഐക്യരാഷ്ട്രസംഘടനയുടെ ലക്ഷ്യങ്ങളും പ്രമാണങ്ങളുമനുസരിച്ചു് ആക്രമണയുദ്ധത്തിന്നുവേണ്ടിയുള്ള പ്രചാരവേലയിൽനിന്നു് ഒഴിഞ്ഞുനിൽക്കാൻ ഓരോ രാഷ്ട്രവും ബാദ്ധ്യതപ്പെടുന്നുണ്ടു്.'' യുദ്ധത്തിന്നു തയ്യാറെടുക്കുന്നതു് സാർവ്വദേശീയക്കുററമായി പരിഗണിക്കണമെന്ന ന്യൂറെംബർഗ് സൈനികകോടതിയുടെ ചട്ടങ്ങളും യുദ്ധപ്രചാരണം നിരോധിക്കുന്ന 110 (II)-ാംനമ്പ്ര് ഐ. രാ. ജനറലസംബ്ലിപ്രമേയവും (1947 നവമ്പർ 3-ാംനു-യിലെ) ആണു് ഈ വ്യവസ്ഥയ്ക്കു് നിദാനമായിട്ടുള്ളതു്. സ്വന്തം രാജ്യാതിർത്തിയ്ക്കുള്ളിൽ യുദ്ധപ്രചാരണം അവസാനിപ്പിച്ച നിരവധി രാഷ്ട്രങ്ങളുടെ നിലപാടാണിതു് പ്രതിഫലിപ്പിക്കുന്നതു്. യുദ്ധപ്രചാരണനിരോധനം പ്രഖ്യാപനത്തിലുഠം ക്കൊള്ളിക്കണമെന്നു് യു. എൻ. പ്രത്യേകസമിതിയിൽ ഏററവും

---

1. ഐ.രാ. രേഖകഠം, A/RES/2625 (xxv), നവമ്പർ 4, 1970, പേജ് 122.

അധികം വാശിയോടെ വാദിച്ചതു് സോവിയററ് യൂണിയൻെറ യും മററു സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടേയും പ്രതിനിധികളായി രുന്നു.

ബലപ്രയോഗം ഉൾപ്പെടുന്ന തരത്തിൽ സ്റ്റേററുകൾ പ്രതികാ രനടപടികളെടുക്കുന്നതു് ഒഴിവാക്കണമെന്നു് സാർവ്വദേശീയ നിയ മതതപ്രഖ്യാപനത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ഈ പ്രശ്നം എ ങ്ങിനെയുയർന്നുവന്നു? ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്നു മുമ്പുള്ള സാർവ്വദേശീയനിയമത്തിൽ ആയുധങ്ങളുപയോഗിച്ചും ഉപ യോഗിക്കാതെയും പ്രതികാരനടപടികൾ സ്വീകരിക്കാമെന്നു് വ്യവസ്ഥയുണ്ടായിരുന്നു. എന്നാൽ മിക്കപ്പോഴും സാമ്രാജ്യത്വരാ ഷ്ട്രങ്ങൾ ആയുധപ്രയോഗം മുഖേനയുള്ള പ്രതികാരനടപടികളെ ടുക്കാനാണു് താല്പര്യം കാട്ടിയിരുന്നതു്. ദുർബ്ബലരാഷ്ട്രങ്ങൾ ക്കെതിരായി സമ്മർദ്ദമുപയോഗിക്കുന്നതിന്നുവേണ്ടിയും സായുധ നടപടികളെടുക്കാനവർ മടിച്ചിരുന്നില്ല. സൈനികാക്രമണത്തി ന്നെതിരായ ആത്മരക്ഷാ നടപടികളുടെ അതിർത്തി ലംഘിച്ചുകൊ ണ്ടുള്ള സായുധപ്രവർത്തനങ്ങളെന്ന നിലയിൽ സായുധപ്രതികാരന ടപടികൾ സാർവ്വദേശീയനിയമത്തിൻെറ ലംഘനമായിത്തീരു ന്നു; അതുകൊണ്ടു് അതു് സായുധാക്രമണമായി പരിഗണിയ്ക്കപ്പെ ടണം.

കോളനികളുടേയും ആശ്രിതരാജ്യങ്ങളുടേയും വിമോചനസമ രത്തെ സംബന്ധിക്കുന്ന ഒരു വകുപ്പ് സാർവ്വദേശീയ നിയമതത്വ പ്രഖ്യാപനത്തിലുണ്ടു്: ''കോളനികളിലേയും ആശ്രിതരാജ്യങ്ങളി ലേയും ജനതകൾ തങ്ങളുടെ സ്വാതന്ത്ര്യവും സ്വയം നിർണ്ണയാവകാ ശവും പരമാധികാരവും ഉയർത്തിപ്പിടിയ്ക്കുന്നതിന്നെതിരായ എ ന്തെങ്കിലും തരത്തിലുള്ള ബലപ്രയോഗത്തിൽ നിന്നു് ഒഴിഞ്ഞു നില്ക്കാൻ ഓരോ രാഷ്ട്രവും ബാദ്ധ്യസ്ഥമാകുന്നു.''1 തങ്ങളുടെ സ്വാതന്ത്ര്യം അംഗീകരിക്കുന്നില്ലെങ്കിൽ കോളനിജനത ആയുധമെ ടുക്കുവാൻ നിർബ്ബന്ധിതമായിത്തീരും. ചാർട്ടറിലെ 2-ാംവകുപ്പി ൻെറ 4-ാംഖണ്ഡികയിൽ പറയുന്ന നിരോധനം സ്വാതന്ത്ര്യത്തി ന്നും സ്വയം നിർണ്ണയാവകാശത്തിന്നും വേണ്ടി കോളനികളിലേ യും ആശ്രിതരാജ്യങ്ങളിലേയും ജനതകൾ നടത്തുന്ന സമരത്തിലെ ബലപ്രയോഗത്തിന്നു ബാധകമല്ലെന്നുള്ളതും നേരേമറിച്ച് ഈ ജനതകൾക്കെതിരായി കോളണിമേധാവികൾ നടത്തുന്ന ബലപ്ര യോഗത്തിന്നോ ഭീഷണിയ്ക്കോ മാത്രമെ ബാധകമാകുന്നുള്ളുവെന്നു ള്ളതും ശ്രദ്ധേയമാണു്. ഐ. രാഷ്ട്ര പ്രത്യേകസമിതിയിൽ ബ്രിട്ടീ ഷ് പ്രതിനിധി സ്ഥാപിയ്ക്കാൻ ശ്രമിച്ചതുപോലെ, സ്വയം നിർണ്ണ യാവകാശത്തിന്നും മേൽക്കോയ്മരാഷ്ട്രത്തിൽ നിന്നും വേറിട്ടു നില്ക്കുന്നതിന്നും സ്വതന്ത്രമായ രാഷ്ട്രങ്ങൾ സ്ഥാപിക്കുന്നതിന്നും വേണ്ടിയുള്ള കോളനികളുടെ ദേശീയ വിമോചനസമരം ഒരു പ്ര കാരത്തിലും മേൽക്കോയ്മരാഷ്ട്രങ്ങളുടെ പരമാധികാരത്തെ

---

2. ഐ. രാ. രേഖ. A/RES/2625 (xxv) നവംബർ 4, 1970, പേജ് 124

ലംഘിക്കുന്നില്ല. കോളണിമേധാവികൾ രാജ്യങ്ങൾ വെട്ടിപ്പിടിച്ച് അവയെ കോളനികളാക്കിയതു് കേവലം ബലപ്രയോഗത്തിൽക്കൂടിയാണ്, നിയമമനുസരിച്ചല്ല. ഏഷ്യയിലും ആഫ്രിക്കയിലും. ലാററിനമേരിക്കയിലും അവർ ഇന്നും ചടഞ്ഞുകൂടുന്നതു് സ്വാതന്ത്ര്യത്തിന്നും പരമാധികാരത്തിന്നുമുള്ള ഈ രാജ്യങ്ങളിലെ ജനതകളുടെ അവകാശത്തിൻെറ ലംഘനമാകുന്നു.

ചോററുപട്ടാളത്തേയും സായുധസംഘങ്ങളേയും ഉപയോഗിക്കുന്നതു് നിരോധിക്കുവാനും സാർവ്വദേശീയ നിയമതത്വപ്രഖ്യാപനത്തിൽ നിർദ്ദേശമുണ്ടു്: ''മററു രാജ്യങ്ങളുടെ അതിർത്തിയിൽ തള്ളിക്കയററുന്നതിന്നായി ചോററുപട്ടാളക്കാരടക്കമുള്ള സായുധരായ സംഘങ്ങളെ സംഘടിപ്പിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്നതിൽ നിന്നു് ഒഴിഞ്ഞുനിൽക്കാൻ ഓരോ രാഷ്ട്രത്തിന്നും കടമയുണ്ടു്.''1 കോളണിമേധാവികൾ കോളണിജനതയുടെ ദേശീയ വിമോചനപ്രസ്ഥാനങ്ങൾക്കെതിരായി നടത്തിയ യുദ്ധങ്ങളുമായി ബന്ധപ്പെട്ടതാണീ പ്രശ്നം. സാമ്രാജ്യവാദികൾ തങ്ങളുടെ ചോററുപട്ടാളത്തെ സാധാരണയായി ''വളണ്ടിയർമാർ'' എന്നാണു് വിളിക്കുക. ഈ വിധത്തിലുള്ള കുതന്ത്രങ്ങളെ പുരോഗമനവാദികളെല്ലാം അധിക്ഷേപിച്ചിട്ടുള്ളതാണു്. ചോററുപട്ടാളത്തെ ഉപയോഗിക്കുന്നതു് ആക്രമണനടപടിയാണു്; എന്നാൽ സൈനികപ്രവർത്തനങ്ങളിൽ വളണ്ടിയർമാർ പങ്കെടുക്കുന്നതു് നിയമത്തിന്നെതിരല്ല. ഇവിടെ ഒരു കാര്യം വ്യക്തമാക്കേണ്ടതുണ്ടു്: ചില ആഫ്രിക്കൻ രാജ്യങ്ങൾ സ്വന്തം നാട്ടിൽ താവളങ്ങൾ നിർമ്മിക്കാനും പോർച്ചുഗീസ് കോളനികളിൽനിന്നുള്ളവരെ പരിശീലിപ്പിക്കാനും സമരസജ്ജമാക്കാനും തുടങ്ങിയിട്ടുണ്ടു്; അവർക്ക് ആയുധങ്ങളും വെടിക്കോപ്പുകളും നല്കിവരുന്നുണ്ടു്. അവിടെ രോഗികളേയും മുറിവേററവരേയും ശുശ്രൂഷിച്ചുവരുന്നുണ്ടു്. ഇതെല്ലാം കോളണിമേധാവികളുടെ കൂട്ടായ ആക്രമണനടപടികൾക്കെതിരായി ഈ ആഫ്രിക്കൻരാജ്യങ്ങൾ കൈക്കൊള്ളുന്ന കൂട്ടായ രക്ഷാനടപടികളായി കണക്കാക്കാനേയുള്ളൂ. നേരെമറിച്ച് മററു രാജ്യങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ കയ്യിടുന്നതിന്നും ദേശീയ വിമോചനസമരത്തെ അടിച്ചമർത്തുന്നതിനും അവിടങ്ങളിലേക്ക് സായുധസംഘങ്ങളേയും ചോററുപട്ടാളക്കാരേയും കടത്തിവിടുന്നതിന്നുവേണ്ടി ഇത്തരം സംഘങ്ങളെ സംഘടിപ്പിക്കുകയും അവയ്ക്കു് പിന്തുണ നൽകുകയും ചെയ്യുന്നതു് സായുധാക്രമണമായിത്തന്നെ പരിഗണിക്കേണ്ടതുണ്ടു്.

സാർവ്വദേശീയനിയമത്തിൻെറ പ്രമാണരേഖകളിൽ ഭൂപരമായ മാററങ്ങളെക്കുറിച്ച് പ്രധാനപ്പെട്ട ചില വകുപ്പുകളുണ്ടു്. അതിലൊന്നിലിപ്രകാരം പറയുന്നു: ''ചാർട്ടറിലെ വ്യവസ്ഥകൾക്കു നിരക്കാത്തവിധം ബലപ്രയോഗത്തിൻെറ ഫലമായി ഒരു രാഷ്ട്രത്തിൻെറ മണ്ണിൽ മറെറാന്നിൻെറ സൈന്യം താവളമുറപ്പിക്കുവാൻ

1. ഐ. രാ. രേഖ. A/RES/2625 (xxv) നവംബർ 4, 1970, പേജ് 123.

പാടില്ലാത്തതാകുന്നു. അതുപോലെ ബലപ്രയോഗത്താലോ ബലപ്രയോഗഭീഷണിയാലോ ഒരു രാജ്യം മററൊരു രാജ്യത്തിൻെറ മണ്ണിൽ കയ്യേററം നടത്തി അതു് പിടിച്ചടക്കാൻ പാടില്ലാത്തതാകുന്നു. ഇങ്ങിനെ നടത്തുന്ന വെട്ടിപ്പിടുത്തം നിയമസാധുതയില്ലാത്തതാകുന്നു.''1 ഈ പ്രശ്നം യു. എൻ. പ്രത്യേകസമിതിയിൽ ചർച്ചയ്ക്കു വന്നപ്പോൾ പാശ്ചാത്യരാജ്യങ്ങളുടെ പ്രതിനിധികൾ, രണ്ടാം ലോകമഹായുദ്ധത്തിനെ തുടർന്നുണ്ടായ രാജ്യാതിർത്തിമാററങ്ങളുടെ സാധുതയെ ചോദ്യം ചെയ്യാൻ മുതിരുകയുണ്ടായി. അവരുടെ നിലപാട് ചാർട്ടറിലെ 107-ാം വകുപ്പിന്നെതിരായിരുന്നു. ആ വകുപ്പിൽ പറയുന്നു : ''രണ്ടാം ലോകമഹായുദ്ധകാലത്തു് ഏതെങ്കിലുമൊരു രാജ്യം ഈ ചാർട്ടിലൊപ്പുവെച്ച രാഷ്ട്രങ്ങളുടെ ശത്രുവായിരുന്നിട്ടുണ്ടെങ്കിൽ ആ രാജ്യത്തിന്നെതിരായ യുദ്ധത്തിന്നുത്തരവാദിയെ ന്നനിലയ്ക്കു് എടുത്തിട്ടുള്ള നടപടിയെ നിരോധിക്കാനോ തടയാനോ ഈ ചാർട്ടറിന്നു് അധികാരമില്ലാത്തതാകുന്നു.'' ആക്രമണത്തിന്നുത്തരവാദിത്വം വഹിയ്ക്കണമെന്നു പരക്കെ അംഗീകരിയ്ക്കപ്പെട്ട തത്വത്തിന്നനുസരണമായിട്ടാണു് യുദ്ധാനന്തരരാജ്യാതിർത്തി മാററങ്ങൾ നടപ്പാക്കിയതു്.

ഓരോ രാജ്യവും പൊതുവിൽ പൂർണ്ണമായ നിരായുധീകരണത്തിന്നുള്ള ഒരു ഉടമ്പടിയ്ക്കുവേണ്ടി ബോധപൂർവ്വം കൂടിയാലോചനയ്ക്കു് തയ്യാറാവണമെന്നു സാർവ്വദേശീയ നിയമപ്രഖ്യാപനത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു്. അതുപോലെ കഴിയുംവേഗം സാർവ്വദേശീയ സമാധാനത്തിന്നും സുരക്ഷിതത്വത്തിന്നുംവേണ്ടി സ്വന്തം ചുമതലകൾ ബോധപൂർവ്വം നിർവ്വഹിക്കണമെന്നും ഐ. രാ. സംഘടനയുടെ സുരക്ഷിതത്വവ്യവസ്ഥ ഐ. രാ. പ്രമാണത്തിൻെറ അടിസ്ഥാനത്തിൽ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കാൻ യത്നിക്കണമെന്നും ആ പ്രഖ്യാപനത്തിൽ പറയുന്നുണ്ടു്.

ആക്രമണയുദ്ധങ്ങളെ തടയുവാനും അടിച്ചമർത്തുവാനും സാർവ്വദേശീയ തലത്തിൽ പ്രതിരോധനടപടികളെടുക്കുന്നതിന്നു് വ്യവസ്ഥചെയ്യുന്ന യു. എൻ. ചാർട്ടറിലെ 2-ാം വകുപ്പിലെ പൊതുനിയമങ്ങൾ കൂടുതൽ മൂർത്തമായ രൂപത്തിൽ ചാർട്ടറിലെ 7-ഉം 8-ഉം അദ്ധ്യായങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. ഈ പ്രതിരോധനടപടികൾ കൂട്ടായ സുരക്ഷിതത്വനടപടികളാണു്. ഇവ ഏതു രാജ്യത്തിന്നെതിരായാണോ പ്രയോഗിക്കപ്പെടുന്നതു് ആ രാജ്യം സമാധാനം ലംഘിച്ചതിനോ ഭീഷണിപ്പെടുത്തിയതിനോ ഉത്തരവാദിയാണെന്നു് ഉറപ്പുവരുത്തേണ്ടതുണ്ടു്. ഇങ്ങിനെ ''സമാധാനത്തിന്നു നേരിടേണ്ടിവരുന്ന ഭീഷണി നീക്കുവാനും അത്തരം ഭീഷണിയുണ്ടാവുന്നതു് തടയാനും അതുപോലെ ആക്രമണനടപടികളെ അടിച്ചമർത്താനും ഫലപ്രദമായ സംയുക്തനടപടികൾ എടുക്കേണ്ടതു്'' ഐ. രാ. സംഘടനയുടെ മൌലികമായ കർത്തവ്യമാകുന്നു. (ചാർട്ടറിലെ ഒന്നാം വകുപ്പിലെ ഒന്നാം ഖണ്ഡിക). 39-ാം

1. ഐ. രാ. രേഖ. A/RES/2625 (xxv) നവമ്പർ 4, 1970 പേജ് 123.

വകുപ്പിൽ പറയുന്നു: ''ഏതെങ്കിലും തരത്തിൽ സമാധാനത്തിന്നു ഭീഷണിയോ സമാധാനലംഘനമോ ആക്രമണനടപടിയോ ഉണ്ടായിട്ടുണ്ടെങ്കിൽ അതു് നിർണ്ണയിക്കുന്നതു് രക്ഷാസമിതിയായിരിക്കണം.'' ഏതു രാഷ്ട്രമാണു്, അഥവാ രാഷ്ട്രങ്ങളാണു് സമാധാനം ലംഘിക്കുകയോ ഭീഷണിപ്പെടുത്തുകയോ ചെയ്യുന്നതു്, അഥവാ ആക്രമണനടപടികളിലേർപ്പെടുന്നതു് എന്നു് അവസാനമായി തീരുമാനിക്കുവാനുള്ള അധികാരം രക്ഷാസമിതിയ്ക്കു മാത്രമാണുള്ളതു്.

ഉദാഹരണത്തിന്നു്, അറബിരാഷ്ട്രങ്ങളുടെ മണ്ണിൽനിന്നു് ഇസ്രേലിസേന ഉടൻ പിൻവാങ്ങണമെന്നും അറബിരാജ്യങ്ങൾക്കെതിരായ യുദ്ധത്തിന്റെ ഉത്തരവാദിത്വം വഹിക്കുന്ന ഇസ്രേലിന്നെതിരായി ശക്തിയായി നടപടിയെടുക്കണമെന്നും 1967-ൽ സോവിയററ് യൂണിയൻ ആവശ്യപ്പെട്ടതിനെ തുടർന്നു് യു. എൻ. ജനറലസംബ്ലിയുടെ അഞ്ചാം സമ്മേളനം അസാധാരണയോഗം ചേരുകയുണ്ടായി. യോഗത്തിൽ സോവിയററ് പ്രതിനിധിസംഘം നേതാവു് ഇസ്രേലിആക്രമണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കി. അറബിരാഷ്ട്രങ്ങൾ പുരോഗമനപരമായ സാമൂഹ്യ-സാമ്പത്തിക പരിഷ്കാരങ്ങൾ നടപ്പാക്കുകയും സാമ്രാജ്യത്വവിരുദ്ധമായ വിദേശനയം സ്വീകരിക്കുകയും ചെയ്തതിന്നെതിരായി കൂടുതൽ പിന്തിരിപ്പന്മാരായ ലോകസാമ്രാജ്യത്വശക്തികളുടെ പ്രേരണയും ഗൂഢാലോചനയുമാണു് ഇസ്രായേലിആക്രമണത്തിന്റെ പിന്നിലുണ്ടായിരുന്നതെന്നു് സോവിയററ് പ്രതിനിധി തുറന്നുകാട്ടി. മദ്ധ്യപൗരസ്ത്യദേശത്തു് സമാധാനം വീണ്ടെടുക്കുന്നതിന്നു് ഏററവും പ്രധാനവും അടിയന്തിരവുമായ കത്തവ്യം അക്രമംമൂലം കയ്യടക്കിയ അറബിപ്രദേശങ്ങളിൽ നിന്നു് ഇസ്രേൽ സേനകൾ പിൻമാറുകയും ഇസ്രേലിആക്രമണത്തിന്റെ ദൂഷ്ഫലങ്ങൾ ഇല്ലായ്മ ചെയ്യുകയുമാകുന്നുവെന്നു് അദ്ദേഹം പ്രഖ്യാപിച്ചു.

ഈജിപ്ത്, സിറിയ, ജോർദാൻ എന്നീ രാജ്യങ്ങൾക്കെതിരായി ഇസ്രേൽ സ്വീകരിച്ച നടപടികൾ യുദ്ധമല്ലാതെ മറെറാന്നമായിരുന്നില്ല: അവയുടെ ഭൂഭാഗത്തിന്റെ ഒരംശം പിടിച്ചടക്കുന്നതിന്നു വേണ്ടിതന്നെയാണു് ഇസ്രേൽ സായുധാക്രമണം അഴിച്ചുവിട്ടതു്. അതേസമയം ഈജിപ്തിലേയും സിറിയയിലേയും മററു അറബിരാജ്യങ്ങളിലേയും പുരോഗമന സർക്കാറുകൾ ദേശീയ സ്വാതന്ത്ര്യം ശക്തിപ്പെടുത്തുന്നതിന്നും പുരോഗതിയുടെ പാതയിൽക്കൂടി നീങ്ങുന്നതിന്നും സ്വീകരിച്ച നടപടികൾ സാമ്രാജ്യത്വപിന്തിരിപ്പന്മാരുടെ വെറുപ്പിന്നിടവരുത്തിയതുകൊണ്ടു് ആ രാജ്യങ്ങളിലെ പുരോഗമനഗവർമ്മെണ്ടുകളെ മറിച്ചിടുവാൻ വേണ്ടിയാണു് ഇസ്രേൽ ആക്രമണം തുടങ്ങിയതു്. എന്നാൽ സ്വന്തം ആക്രമണത്തെ മൂടിവെയ്ക്കുന്നതിന്നു ഇസ്രേലുന്നയിച്ച വാദം ''സ്വയംരക്ഷ''യെന്നായിരുന്നു; പക്ഷെ, അതു് കേവലം ബാലിശമായ ഒരു മറ മാത്രമായിരുന്നു.

അറബിരാഷ്ട്രങ്ങൾക്കെതിരായ ഇസ്രേലിൻെറ നടപടികളെ ആക്രമണമായി കണക്കാക്കണമെന്ന സോവിയററ് യൂണിയൻെറയും മററു സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടെയും നിർദ്ദേശത്തെ, ഇസ്രേലിന്നു പിന്തുണ നൽകിയ അതേ സാമ്രാജ്യത്വരാജ്യങ്ങളുടെ സമ്മർദ്ദം കാരണം അംഗീകരിക്കുകയുണ്ടായില്ല. ജനറലസംബ്ലിയുടെ ഒരു അടിയന്തിരയോഗം ''മനുഷ്യത്വത്തിൻെറ പേരിൽ സഹായം നൽകു''ന്നതിന്നുള്ള ഒരു പ്രമേയം [2252 ഇ. എസ്. വി, ജൂലായ് 4, 1967] അംഗീകരിക്കുന്നതിലൊതുങ്ങിനിന്നു. എന്നാൽ അറബികേന്ദ്രങ്ങൾ കയ്യടക്കുന്നതിന്നും ഇസ്രേൽ എടുത്ത നടപടികൾ റദ്ദാക്കണമെന്നാവശ്യപ്പെടുന്ന രണ്ടു പ്രമേയങ്ങൾ വമ്പിച്ച ഭൂരിപക്ഷത്തോടെ ജനറലസംബ്ലി അംഗീകരിക്കുകയുണ്ടായി [2253 ഇ. എസ് വി. ജൂലായ് 4, 1967; 2254 ഇ. എസ്. വി. ജൂലായ് 14, 1967]. അങ്ങിനെ രാജ്യം വെട്ടിപ്പിടിക്കുന്നതിന്നു ബലപ്രയോഗം അനുവദനീയമല്ലെന്ന ഇന്നത്തെ സാർവ്വദേശീയനിയമത്തിലെ ഏററവും പ്രധാനമായ ഒരു തത്വം ജനറലസംബ്ലി സ്ഥിരീകരിച്ചു; അതോടൊപ്പം പിടിച്ചടക്കിയ ഭൂപ്രദേശങ്ങളിന്മേലുള്ള ഇസ്റേലിൻെറ അവകാശവാദത്തെ അതു് നിഷേധിക്കുകയും ചെയ്തു.

1967 ജൂലൈ 21-ാംനു- ജനറലസംബ്ലിയുടെ അസാധാരണയോഗം നിർത്തിവെയ്ക്കുകയും അതിൻെറ നടപടികളെക്കുറിച്ചുള്ള രേഖകൾ രക്ഷാസമിതിക്കു സമർപ്പിക്കുകയും ചെയ്തു. മദ്ധ്യപൂർവ്വദേശത്തെ പിരിമുറുകിയ സ്ഥിതിഗതികളെപ്പററി സമിതിക്കു് പരിശോധിക്കാൻ അവസരം നൽകുന്നതിന്നുവേണ്ടിയായിരുന്നു അതു്. ആയതുകൊണ്ടു് ആ യോഗം ഇസ്റേലിആക്രമണത്തിൻെറ അവശിഷ്ടങ്ങൾ തുടച്ചുകളയാനുള്ള സമാധാനപ്രേമികളായ രാഷ്ട്രങ്ങളുടെ സമരത്തിൽ ഒരു സുപ്രധാന ഘട്ടത്തെ കുറിക്കുന്നു. പിന്നീടു് 1967 നവംബർ 22-ാംനു- മദ്ധ്യപൂർവ്വദേശത്തെ കുഴപ്പം സമാധാനപരമായി പരിഹരിക്കുന്നതിന്നു മററു പല നടപടികളും നിർദ്ദേശിച്ചതിൻെറ കൂട്ടത്തിൽ കയ്യടക്കിയ അറബിപ്രദേശങ്ങളിൽനിന്നു ഇസ്റേലി സേന പിൻവാങ്ങണമെന്ന ഒരു തീരുമാനവും രക്ഷാസമിതി അംഗീകരിക്കുകയുണ്ടായി.

മദ്ധ്യപൂർവ്വദേശത്തെ നിലവിലുള്ള സ്ഥിതിഗതികളിൽ സോവിയററു് ജനതയ്ക്കുള്ള ആശങ്ക പ്രകടിപ്പിച്ചുകൊണ്ടും അവിടത്തെ സംഘർഷാവസ്ഥ അവസാനിപ്പിക്കുന്നതിന്നും ആക്രമണത്തിന്നു് ഇരയായ രാജ്യങ്ങളുടെ ന്യായമായ അവകാശങ്ങളെ മാനിച്ചുകൊണ്ടുള്ള ഒരു രാഷ്ട്രീയ പരിഹാരമാർഗ്ഗം കണ്ടുപിടിക്കേണ്ടതിൻെറ ആവശ്യകത ഊന്നിക്കൊണ്ടും സി. പി. എസ്. യു.വിൻെറ 24-ാം കോൺഗ്രസ്സും 1973 ഏപ്രിൽമാസത്തിൽ നടന്ന പാർട്ടികേന്ദ്രക്കമ്മിററിയുടെ പ്ലീനവും പ്രമേയങ്ങൾ അംഗീകരിച്ചു.

പിന്നീടു് 1973 ഒക്ടോബറിൽ വീണ്ടും അറബിരാജ്യങ്ങൾക്കെതിരായി ഇസ്റേൽ ശത്രുതാനടപടികൾ സ്വീകരിച്ചു. പുതിയ ആക്രമണങ്ങൾ ആ രാജ്യം അഴിച്ചുവിടുകയും ചെയ്തു. അ

തിനെ തുടർന്നു് ഐക്യരാഷ്ട്ര രക്ഷാസമിതിയിൽ അമേരിക്കയുടെയും സോവിയററു യൂണിയന്റെയും സംയുക്തമായ മുൻകയ്യോടെ രണ്ടു പ്രമേയങ്ങരം അംഗീകരിക്കപ്പെടുകയുണ്ടായി (1973 ഒക്ടോബർ 22-ഉം 23-ഉം തിയ്യതികളിൽ). സംഘട്ടനങ്ങരം ഉടനടി നിർത്തണമെന്നും യുദ്ധവിരാമത്തിനുശേഷം 1967 നവംബർ 22-ാംനു-യിലെ രക്ഷാസമിതിപ്രമേയം നടപ്പിലാക്കാൻവേണ്ട നടപടികരം എടുക്കണമെന്നും ആവശ്യപ്പെടുന്നവയായിരുന്നു പ്രമേയങ്ങരം. മോസ്കോവിൽചേർന്ന സമാധാന കോൺഗ്രസ് സെക്യൂരിട്ടി കൌൺസിൽ പ്രമേയങ്ങരം (1973 ഒക്ടോബർ 22-ലേയും 23-ലേയും) ഉടനടി നടപ്പാക്കുന്നതിന്നു് എല്ലാ സമാധാനപ്രേമികളായ ശക്തികളുടെയും രാഷ്ട്രങ്ങളുടെയും ബഹുജനസംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും വ്യാപകമായ പിന്തുണ അഭ്യർത്ഥിക്കുകയുണ്ടായി.

ഐ. രാ. ചാർട്ടറിലെ 51-ാംവകുപ്പിൽ പറയുന്ന, ആക്രമണത്തിന്നെതിരായി സ്വരക്ഷാനടപടികരം സ്വീകരിക്കുകയെന്ന തത്വം പ്രത്യേക ശ്രദ്ധ അർഹിക്കുന്നുണ്ടു്. ചാർട്ടറിൽ സ്ഥലം പിടിക്കുന്നതിന്നു മുമ്പുതന്നെ ആക്രമണത്തിന്നെതിരായി സ്വരക്ഷാനടപടികരം സ്വീകരിക്കാനുള്ള അവകാശം നിലനിന്നിരുന്നു. എന്നാൽ സ്വരക്ഷയ്ക്കുവേണ്ടി സൈനികനടപടികരം ആരംഭിക്കുന്നതിന്നുള്ള അടിസ്ഥാനകാരണങ്ങരം എന്തെല്ലാമായിരിക്കണമെന്നു് വ്യക്തമാക്കപ്പെട്ടിരുന്നില്ല. ഓരോ രാജ്യവും ആ പ്രശ്നം സ്വയമേവ പരിഹരിക്കാനാണു് ഇഷ്ടപ്പെട്ടതു്.

ചാർട്ടറിലെ 51-ാം വകുപ്പു്, സംഭവിച്ചുകഴിഞ്ഞ സായുധാക്രമണത്തിന്നെതിരായി തിരിച്ചടി നൽകുകയെന്ന നിർവ്വചനമാണു് 'ആത്മരക്ഷ'യ്ക്കു നൽകിയിരിക്കുന്നതു്. സായുധാക്രമണംമാത്രം മതി ആക്രമണവിധേയമായ രാഷ്ട്രത്തിന്നു് ഒററയ്ക്കോ കൂട്ടായോ ആത്മരക്ഷാനടപടികരം സ്വീകരിക്കുന്നതിന്നുള്ള അവകാശം ലഭിക്കുവാൻ. 2-ാംവകുപ്പിലെ 4-ാംഖണ്ഡികയും 51-ാം വകുപ്പും ചേർത്തു വായിച്ചാൽ ആദ്യമായി മറെറാരു രാഷ്ട്രത്തിന്നെതിരെ സായുധാക്രമണം നടത്തുന്ന ഒരു രാഷ്ട്രത്തെയാണു് ആക്രമണകാരിയായി പരിഗണിക്കുകയെന്നു് വ്യക്തമാകുന്നതാണു്. ഈ വകുപ്പു് (51-ാംവകുപ്പു്) അനുസരിച്ചു് ഒരു രാഷ്ട്രത്തിന്റെ അവകാശത്തിന്മേൽ കൈവയ്ക്കുകയോ സൈനികശക്തി കാട്ടി ഭീഷണിപ്പെടുത്തുകയോ ചെയ്യുന്നതായാൽ ആ രാഷ്ട്രത്തിന്നു് ആത്മരക്ഷയ്ക്കുള്ള നടപടികളെടുക്കാൻ അവകാശമില്ലാത്തതുമാകുന്നു. ഇത്തരം സന്ദർഭങ്ങളിൽ സമാധാനപരമായ മാർഗ്ഗങ്ങളിലൂടെ പ്രശ്നപരിഹാരം തേടുകയാണു് വേണ്ടതു്.

ആക്രമണത്തിന്നെതിരായി സ്വരക്ഷാനടവടികരം സ്വീകരിക്കുകയെന്ന തത്വം സാർവ്വദേശീയനിയമം അംഗീകരിച്ചിട്ടുള്ളതാണു്; എല്ലാ രാഷ്ട്രങ്ങരംക്കും അതു് ബാധകവുമാണു്. 51-ാംവകുപ്പു് സ്വന്തമായോ കൂട്ടായോ സ്വരക്ഷയ്ക്കുള്ള നടവടികളെടുക്കാൻ എല്ലാ രാജ്യങ്ങരംക്കും അവകാശം നൽകിയിട്ടുണ്ടു്. മറെറാരു വിധത്തിൽ

പറഞ്ഞാൽ ഒരു രാഷ്ട്രത്തിന്നെതിരായി സായുധാക്രമണം ഉണ്ടാ യാൽ ആ രാജ്യത്തിന്നു് ആത്മരക്ഷാർത്ഥം പ്രതിരോധനടവടികളെടുക്കാവുന്നതാണു്. ആക്രമണത്തിന്നു വിധേയമാവുന്ന ആ രാജ്യത്തിന്റെ സമ്മതമുണ്ടെങ്കിൽ അതിനെ സഹായിക്കുന്നതിന്നായി മററൊരു രാഷ്ട്രത്തിന്നു് പ്രതിരോധനടവടികൾ സ്വീകരിക്കാവുന്നതുമാണു്. സ്വന്തമായി ആത്മരക്ഷാനടവടികളെടുക്കുകയെന്നതു് ആക്രമണത്തിന്നിരയായ രാഷ്ട്രം സ്വീകരിക്കുന്ന പ്രതിരോധനടവടികളാണു്. കൂട്ടായ രക്ഷാനടവടികളാകട്ടെ ആക്രമണത്തിന്നിരയായ ഒരു രാഷ്ട്രത്തിന്റെ സഹായത്തിന്നായി സ്വീകരിക്കുന്ന പ്രതിരോധനടവടികളാണു്. 51-ാം വകുപ്പിൽ ഇപ്രകാരമുള്ള കൂട്ടായ സ്വരക്ഷാനടവടികളെടുക്കാൻ ഏതൊരു രാഷ്ട്രത്തിന്നും അവകാശമുണ്ടെന്നു് വ്യക്തമാക്കിയിട്ടുണ്ടു്; അല്ലാതെ അതൊരു കടമയായിട്ടല്ല പരിഗണിക്കപ്പെടുന്നതു്. ആക്രമിക്കപ്പെടുന്ന രാഷ്ട്രം നിയമവിധേയമായിത്തന്നെ കൂട്ടരക്ഷാനടവടികൾ എടുക്കുമെന്നു് ആക്രമണകാരിയായ രാഷ്ട്രം ശരിക്കും മനസ്സിലാക്കേണ്ടതുണ്ടു്. ഓരോ രാഷ്ട്രവും കൂട്ടരക്ഷാനടവടികൾ സ്വീകരിക്കുന്നതു സംബന്ധിച്ച തീരുമാനം സ്വന്തമായിത്തന്നെയാണു് എടുക്കുന്നതു്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ രാഷ്ട്രത്തിന്നും ഉഭയകക്ഷിയടിസ്ഥാനത്തിലോ ബഹുരാഷ്ട്രാടിസ്ഥാനത്തിലോ പരസ്പരസഹായത്തിന്നായി ഉടമ്പടികളോ കരാറുകളോ ഉണ്ടാക്കാനുള്ള അവകാശമുണ്ടു്. അങ്ങിനെ കരാറിലൊപ്പുവെച്ച ഏതെങ്കിലുമൊരു രാഷ്ട്രം ആക്രമണത്തിന്നിരയായാൽ കൂട്ടായ പ്രതിരോധനടപടികൾ സ്വീകരിക്കാവുന്നതാണു്. ഇങ്ങിനെ സംയുക്തമായി സുരക്ഷിതത്വനടപടികൾ എടുക്കുന്നതിന്നു് രാഷ്ട്രങ്ങൾക്കു് പ്രത്യേകം സംഘടനകൾ രൂപീകരിക്കാവുന്നതാണു്. 1955-ൽ യൂറോപ്പിലെ സോഷ്യലിസ്റ്റ്രാഷ്ട്രങ്ങൾ സംഘടിപ്പിച്ച വാർസാഉടമ്പടിസംഘടന ഇത്തരത്തിൽപ്പെട്ട ഒന്നാകുന്നു.

സാമ്രാജ്യത്വരാഷ്ട്രങ്ങൾ അവയുടെ സൈനിക-രാഷ്ട്രീയക്കൂട്ടുകെട്ടുകളായ 'നാറേറാ' 'സീയാറേറാ', 'ആൻസുസ്' എന്നീ സംഘടനകളെ സംയുക്ത സുരക്ഷിതത്വസംഘടനകളായിട്ടാണു് അവതരിപ്പിക്കുന്നതു്. പക്ഷെ ഇവയെല്ലാം സ്വാഭാവികമായിത്തന്നെ ആക്രമണോദ്ദേശത്തോടുകൂടിയ സംഘടനകളാണെന്നു് തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു. അവയുടെ രൂപീകരണവും പ്രവർത്തനങ്ങളും യു. എൻ. ചാററ്റിന്റെ പരസ്യമായ ലംഘനങ്ങളാകുന്നു.

സമാധാനത്തിന്റെ നേരെയുള്ള ഭീഷണിയ്ക്കും ആക്രമണനടപടികൾക്കും എതിരായി പ്രതിരോധനടപടികൾ എടുക്കുന്നകാര്യത്തിലുയൻവരുന്ന കടുത്ത വാഗ്വാദങ്ങളും മത്സരങ്ങളും, എന്തിനേറെ ഐക്യരാഷ്ട്രസംഘടനയുടെ ചരിത്രംതന്നെയും, കാണിക്കുന്നതു് സമാധാനത്തോടെ വർത്തിക്കാനുള്ള രാഷ്ട്രങ്ങളുടെ അവകാശത്തെ സംരക്ഷിക്കുന്നതിൽ സംഘടന ഫലപ്രദമായിത്തീരണമെങ്കിൽ യു. എൻ. ചാർട്ടറിലെ തത്വങ്ങൾ കർശനമായും പാലിച്ചേ മതിയാകൂ എന്നാണു്. ഇതിലേററവും പ്രധാനപ്പെട്ട തത്വം ഐ.

രാ. രക്ഷാസമിതിയിൽ വൻശക്തികറം ഏകകണ്ഠമായ തീരുമാനങ്ങറം സ്വീകരിച്ചുകൊള്ളണമെന്നതാണ്. വ്യത്യസ്തവ്യവസ്ഥിതികളുള്ള രാഷ്ട്രങ്ങറം തമ്മിൽ സമാധാനത്തോടെ സഹവർത്തിക്കുകയെന്ന തത്വമാണിതിൽ പ്രകടമായിട്ടുള്ളതു്. മാത്രമല്ല, യു. എൻ. സംഘടനയെ ഏതെങ്കിലും ഒരു ഗ്രൂപ്പിൽപെട്ട രാഷ്ട്രങ്ങറം മററെ ഗ്രൂപ്പിൽപ്പെട്ട രാഷ്ട്രങ്ങളുടെ മേൽ മേധാവിത്വം സ്ഥാപിക്കുന്നതിന്നുള്ള ഉപകരണമാക്കി മാററുവാനും കഴിയുകയില്ല. ഈ തത്വത്തെ നീക്കംചെയ്യുന്നതിന്നു് പാശ്ചാത്യരാഷ്ട്രങ്ങറം പലപ്പോഴും ശ്രമിച്ചിട്ടുണ്ടു്. അടിയന്തിരപ്രശ്നങ്ങളിൽ ഒത്തുതീർപ്പുണ്ടാക്കുന്നതിന്നു് ''വീറേറാ അവകാശം'' തടസ്സമായി നില്ക്കുന്നുണ്ടെന്നാണു് അവർ ഉന്നയിച്ച വാദം. എന്നാൽ ഈ അവകാശത്തെ സന്ദർഭത്തിൽനിന്നു് അടർത്തി ഒററയ്ക്കെടുത്തു പരിഗണിക്കുന്നതു ശരിയായിരിക്കുകയില്ല. കാരണം, അതു വൻശക്തികറംക്കിടയിൽ അഭിപ്രായൈക്യമെന്ന തത്വവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ വൻശക്തികളാണു് സമാധാനം കാത്തുരക്ഷിക്കുന്നതിന്നു് പ്രധാനമായും ഉത്തരവാദിത്വം വഹിക്കുന്നതു്. അഭിപ്രായൈക്യമെന്ന തത്വം പ്രഖ്യാപിച്ചതുകൊണ്ടു് മാത്രം ഫലമൊന്നുമില്ലെന്നതാണു് വാസ്തവം: ആ തത്വം കർശനമായും പാലിക്കുകതന്നെ വേണം. 1950-ൽ കൊറിയയിൽ കുഴപ്പം പൊട്ടിപ്പുറപ്പെട്ടപ്പോറം സംഭവിച്ചതുപോലെ ഈ കാര്യത്തിൽ യു. എൻ. പരാജയപ്പെട്ടാൽ സമാധാനം അപകടത്തിലായിത്തീരും. ഐ. രാ. സംഘടനയ്ക്കുള്ള കുറവു് അതിൻെറ പ്രമാണത്തിലല്ല കുടിയിരിക്കുന്നതു്; നേരെ മറിച്ചു്, അതനുസരിച്ചു് നടക്കാനുള്ള വിസമ്മതത്തിലാണു്. യുദ്ധം ഒഴിവാക്കുകയെന്ന മൌലികകടമ നിർവ്വഹിക്കുന്നതിൽനിന്നു ഐ. രാ. സംഘടനയെ തടയുന്നതിന്നു് പാശ്ചാത്യരാഷ്ട്രങ്ങറം പലപ്പോഴും ശ്രമിച്ചിട്ടുണ്ടു്.

യു. എൻ. തനിച്ചു വിചാരിച്ചാൽ യുദ്ധത്തിന്നുള്ള കാരണങ്ങറം ഇല്ലായ്മ ചെയ്യാൻ സാദ്ധ്യമല്ലെന്നു് തീർച്ചയാണു്: കാരണം അവ മുതലാളിത്ത സാമൂഹ്യവ്യവസ്ഥയിലന്തർലീനമായിട്ടുള്ളതാണു്. രാഷ്ട്രങ്ങളുടെ സാമൂഹ്യവ്യവസ്ഥ സംബന്ധിച്ച പ്രശ്നങ്ങറം ഐക്യരാഷ്ട്രസംഘടനയുടെ അധികാരപരിധിയ്ക്കു പുറത്താണു്. എന്നാൽ മൌലികമായ കാരണങ്ങറംക്കു പുറമെ യു. എൻ. സംഘടനയുടെ പ്രവർത്തനപരിധിയിൽപെടുന്ന ഒട്ടേറെ കാരണങ്ങറം സാർവ്വദേശീയനിലവാരത്തിലുള്ള സംഘട്ടനങ്ങറംക്കും യുദ്ധങ്ങറംക്കും വഴിവെയ്ക്കുന്നുണ്ടു്. അങ്ങിനെ എല്ലാ ആക്രമണനടപടികറംക്കും താന്തോന്നിത്തങ്ങറംക്കും അപ്പപ്പോറം തക്കതായ തിരിച്ചടി നൽകണമെങ്കിൽ ഐക്യരാഷ്ട്രസംഘടനയുടെ വരുതിയിൽ പെടുന്ന സാദ്ധ്യമായ എല്ലാ നടപടികളും പ്രയോഗിക്കുക തന്നെ വേണം.

## നിരായുധീകരണവും ഐക്യരാഷ്ട്രസംഘടനയും

ഐക്യരാഷ്ട്രസംഘടനയുടെ പ്രവർത്തനത്തിൽപ്പെടുന്ന മൌലികപ്രശ്നങ്ങളിലൊന്നാണു് നിരായുധീകരണം.

പൊതുവും സമ്പൂർണ്ണവുമായ നിരായുധീകരണത്തിന്നുവേണ്ടിയാണു് സോവിയററു് യൂണിയൻ അതിൻെറ ചരിത്രത്തിലിന്നേവരെ തുടർച്ചയായി ശ്രമിച്ചുകൊണ്ടിരിയ്ക്കുന്നതു്. 1922-ൽതന്നെ ജിനോവയിൽ നടന്ന സാർവ്വദേശീയസമ്മേളനത്തിൽ ആയുധങ്ങളുടെ പൊതുവിലുള്ള വെട്ടിക്കുറവിന്നുവേണ്ടി സോവിയററു് പ്രതിനിധിസംഘം നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. സാമ്രാജ്യത്വരാഷ്ട്രപ്രതിനിധികൾ അവ തിരസ്കരിക്കുകയാണുണ്ടായതു്. ലീഗ് ഓഫ് നേഷൻസിൽ വീണ്ടും സോവിയററു്യൂണിയൻ ഈ പ്രശ്നം ഉന്നയിച്ചു; അപ്പോഴും പാശ്ചാത്യരാജ്യങ്ങൾ അവസ്ഥ അനുകൂലമായിരുന്നില്ല. ഐക്യരാഷ്ട്രസംഘടനയുടെ ആവിർഭാവംതൊട്ടേ സോവിയററു് യൂണിയൻ നിരായുധീകരണത്തിൻെറ പ്രശ്നം ലോകസംഘടന കൈകാര്യംചെയ്തു പരിഹാരം കാണണമെന്നു് അടിയ്ക്കടി നിർബ്ബന്ധിച്ചുകൊണ്ടിരിക്കുന്നുണ്ടു്. കാരണം ലോകസമാധാനത്തിന്നും സുരക്ഷിതത്വത്തിന്നും അത്യന്താപേക്ഷിതമാണതു്. സി. പി. എസ്. യു. വിൻെറ 24-ാം കോൺഗ്രസ്സിലേക്കുള്ള സോവിയററു് കമ്യൂണിസ്റ്റ് പാർട്ടി കേന്ദ്രക്കമ്മിററിയുടെ റിപ്പോർട്ടിൽ പറയുന്നു: "ആയുധപ്പന്തയമവസാനിപ്പിക്കുന്നതിന്നും (ഇതിൽ അണുവായുധങ്ങളും സാധാരണ ആയുധങ്ങളും പെടും) പൊതുവും പരിപൂർണ്ണവുമായ നിരായുധീകരണം സാധ്യമാക്കുന്നതിന്നും ഉള്ള സമരം സോവിയററു് കമ്യൂണിസ്റ്റ് പാർട്ടിയുടെയും സോവിയററു് രാഷ്ട്രത്തിൻെറയും വിദേശനയത്തിൽ ഏററവും പ്രധാനപ്പെട്ട ഘട്ടമായിത്തന്നെ തുടരുന്നതാണു്."

നിരായുധീകരണത്തിന്നുവേണ്ടി ലോകസംഘടനയിൽ യു. എസ്. എസ്. ആർ. നടത്തിയ സമരത്തിൻെറ വിവിധഘട്ടങ്ങൾ നമുക്കൊന്നു പരിശോധിച്ചുനോക്കാം.

അണുവായുധങ്ങൾ പൂർണ്ണമായി നിരോധിക്കണമെന്ന ആശയം ആദ്യമായി മുമ്പോട്ടുവെച്ചതു് സോവിയററു് യൂണിയനായിരുന്നു. 1946 ജൂൺ മാസത്തിൽ സോവിയററു്യൂണിയൻ ഐ. രാ. സംഘടനയിലവതരിപ്പിച്ച അണുവായുധത്തിൻെറയും മററു നശീകരണായുധങ്ങളുടെയും നിരോധനത്തിന്നുള്ള സാർവ്വദേശീയക്കരാറിൻെറ കരടിൽ ഈ ആവശ്യത്തിന്നു് വ്യക്തമായ നടപടിക്രമങ്ങൾ നിർദ്ദേശിച്ചിരുന്നു. അണുവായുധങ്ങൾ നിരോധിക്കുക, അവയുടെ ഉല്പാദനം നിർത്തിവെക്കുക, മൂന്നു മാസത്തിനകം ഇപ്പോഴുള്ള എല്ലാ അണുവായുധങ്ങളും നശിപ്പിക്കുക എന്നീ നിർദ്ദേശങ്ങളാണു് കരാറിൽ ഉണ്ടായിരുന്നതു്. 1947 ജൂൺ 11-ാംനു- അണുവായുധങ്ങളുടെ പൂർണ്ണമായ നിരോധനം നടപ്പാക്കുന്നതിന്നു് ആവശ്യമായ നിയന്ത്രണത്തെ സംബന്ധിച്ച് സമഗ്രമായ ഒരു നിർദ്ദേശം സോവിയററു് യൂണിയൻ അവതരിപ്പിച്ചു. പാശ്ചാത്യരാഷ്ട്രങ്ങൾ

അതു് തള്ളിക്കളഞ്ഞുവെങ്കിലും അണുവായുധനിരോധത്തിന്നുവേണ്ടി ബഹുജനപ്രസ്ഥാനമുയർന്നുവരുന്നതിന്നു് അതു് ഉത്തേജനം നൽകി; നിരവധി ആധികാരികങ്ങളായ സാർവ്വദേശീയരേഖകളിൽ ആ നിർദ്ദേശത്തിന്നു് വ്യക്തമായ സ്ഥാനം ലഭിച്ചു; ഇപ്പോൾ അതു് സമാധാനശക്തികളുടെ ഒരാവശ്യമായിത്തീൎന്നിരിക്കുകയുമാണു്.

രാഷ്ട്രങ്ങൾ അണുവായുധങ്ങൾ ഉപയോഗിക്കുകയില്ലെന്നു് ഉടനടി ശപഥം ചെയ്യാൻ യു. എൻ. ജനറലസംബ്ലിയുടെ 16-ാം സമ്മേളനത്തിൽവെച്ചു് സോവിയററു് യൂണിയൻ വീണ്ടും ആവശ്യപ്പെട്ടു. ഈ ആവശ്യം പല രാജ്യങ്ങളും പിൻതാങ്ങി. ഒന്നാമത്തെ രാഷ്ട്രീയസമിതിയിൽ ഐ. രാ. സംഘടനയിലെ ആഫ്രോ-ഏഷ്യൻ പ്രതിനിധികൾ ഈ പ്രശ്നത്തെ സംബന്ധിച്ചു് ഒരു കരടു്പ്രമേയം അവതരിപ്പിച്ചു. അതിൽ അണുവായുധത്തിൻെറ പ്രയോഗം ഐക്യരാഷ്ട്രപ്രമാണത്തിൻെറ നഗ്നമായ ലംഘനമാണെന്നും, സാർവ്വദേശീയനിയമത്തിന്നും മനുഷ്യത്വത്തിൻെറ നിയമത്തിന്നുമെതിരായ നടപടിയാണെന്നും, മാനവരാശിക്കും മാനവസംസ്കാരത്തിന്നുമെതിരായ പാതകമാണെന്നും എടുത്തുപറഞ്ഞിരുന്നു. സോവിയററു് യൂണിയനും മററു സമാധാനകാംക്ഷികളായ രാജ്യങ്ങളും കരടിന്നു് ശക്തിയായ പിന്തുണ നൽകി എന്നാൽ സാമ്രാജ്യത്വരാഷ്ട്രങ്ങളുടെ പ്രതിനിധികൾ കരടു് അംഗീകരിക്കുന്നതിന്നു് എല്ലാ വിധത്തിലുമുള്ള പ്രതിബന്ധങ്ങളും സൃഷ്ടിച്ചു. അങ്ങിനെയാണു് അണുവായുധങ്ങളെ നിരോധിക്കുകയെന്ന ലക്ഷ്യം നേടാതെപോയതു്. ഒന്നാമത്തെ രാഷ്ട്രീയസമിതിയിലും പൊതുസമ്മേളനത്തിൻെറ പ്ലീനറി യോഗങ്ങളിലും പാശ്ചാത്യരാഷ്ട്രപ്രതിനിധികൾ വാദിച്ചതു് ഏതെങ്കിലും തരത്തിലുള്ള ആയുധങ്ങളെ നിരോധിക്കുന്നതിന്നു് സാർവ്വദേശീയനിയമങ്ങൾ ഉണ്ടാക്കുന്നതുകൊണ്ടു് ഒരു പ്രയോജനവുമില്ലെന്നു് തെളിഞ്ഞിട്ടുണ്ടെന്നാണു്. അവരുടെ അഭിപ്രായത്തിൽ, അണുവായുധങ്ങൾ ഉപയോഗിക്കുന്നതു് ഐ രാ. ചാർട്ടറിനും സാർവ്വദേശീയനിയമത്തിന്നും എതിരാണെന്ന വാദം നീതീകരിക്കത്തക്കതല്ല.

ഈ വാദങ്ങളെല്ലാം അടിസ്ഥാനരഹിതമാണു്. ഉദാഹരണത്തിന്നു് ചില തരം സർവ്വസംഹാരായുധങ്ങൾ ഉപയോഗിക്കുന്നതിനെ നിരോധിച്ചുകൊണ്ടുള്ള കരാറുകൾ മുമ്പെത്തന്നെ ലോകവ്യാപകമായി നടപ്പാക്കിയിട്ടുണ്ടെന്നതു് ഒരു രഹസ്യമൊന്നുമല്ല. ഇത്തരം കരാറുകളുണ്ടാക്കുന്നതിന്നു് രോഗാണുക്കളടങ്ങുന്ന ആയുധങ്ങൾ ഉപയോഗിക്കുന്നതിന്മേലുള്ള നിരോധം വളരെയധികം സ്വാധീനം ചെലുത്തിയിട്ടുണ്ടു്. ഇതുപോലുള്ള ഒരു നിരോധനം അണുവായുധങ്ങളെപ്പോലുള്ള സർവ്വസംഹാരായുധങ്ങൾക്കും ആവശ്യമാണു്. അണുവായുധത്തിൻെറ ഉപയോഗത്തിന്നു നിയമസാധുത നൽകണമെന്നു് വാദിച്ചുകൊണ്ടു് ഐ. രാ. ചാർട്ടറിൽ ഭേദഗതി വരുത്തുവാൻ ഇററലി നടത്തിയ ശ്രമം ഇത്തരം ആയുധങ്ങൾ ഒരിക്കലും ഉപയോഗിച്ചുകൂടെന്നു വാദിക്കുന്ന രാഷ്ട്രങ്ങളുടെ ശക്തി

യാം എതിർപ്പിന്നു് വഴിവെച്ചു. ഇററലിയുടെ ഭേദഗതികറം അംഗീകരിക്കുന്നപക്ഷം കരടുപ്രഖ്യാപനത്തിന്നനുകൂലമായി വോട്ടു ചെയ്യാൻ അമേരിക്കയുടേയും ബ്രിട്ടൻേറയും ഫ്രാൻസിൻേറയും പ്രതിനിധികറം സന്നദ്ധത പ്രകടിപ്പിച്ചുവെങ്കിലും ഭേദഗതികറം ഒന്നാമത്തെ സമിതിഘട്ടത്തിൽതന്നെ പരാജയമടഞ്ഞു.

അണുവായുധങ്ങളും തെർമോ ന്യൂക്ലിയർ ആയുധങ്ങളും ഉപയോഗിക്കുന്നതു് നിരോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് ആഫ്രോ-ഏഷ്യൻ രാഷ്ട്രങ്ങറം ഐ. രാ. പൊതുസഭയിലവതരിപ്പിച്ച കരടുപ്രഖ്യാപനം ഭൂരിപക്ഷം വോട്ടുകളോടെ അംഗീകരിക്കപ്പെടുകയുണ്ടായി. പ്രഖ്യാപനത്തിന്നെതിരായി വോട്ടുചെയ്തവരിൽ അധികവും സാമ്രാജ്യത്വത്തിൻെറ നേതൃത്വത്തിലുള്ള സൈനിക-രാഷ്ട്രീയക്കൂട്ടുകെട്ടുകളിൽ പങ്കു ചേർന്നിട്ടുള്ളവരാകുന്നു. പ്രഖ്യാപനത്തിൻെറ ഒന്നാം ഖണ്ഡികയിൽ പറയുന്നു: ''അണുവായുധമോ തെർമോ ന്യൂക്ലിയർ ആയുധമോ ഉപയോഗിക്കുന്ന ഏതൊരു രാഷ്ട്രവും ഐ. രാ. പ്രമാണത്തെ ലംഘിക്കുന്നതായി കണക്കാക്കപ്പെടുന്നതാണു്; മനുഷ്യത്വത്തിൻെറതായ നിയമത്തിന്നെതിരായി പ്രവർത്തിക്കുന്നതായി കണക്കാക്കപ്പെടുന്നതാണു്, മനുഷ്യരാശിക്കും മാനവസംസ്കാരത്തിന്നും എതിരായി പാതകം ചെയ്യുന്നതായി പരിഗണിക്കപ്പെടുന്നതാണു്.''

1962 മാർച്ചു് മാസത്തിൽ പൊതുവും സമ്പൂർണ്ണവുമായ നിരായുധീകരണത്തിന്നുള്ള ഒരു കരടു് ഉടമ്പടി സോവിയററു് യൂണിയൻ അവതരിപ്പിച്ചു. ഇതിൽ ആധുനിക നശീകരണായുധങ്ങറം ഉപയോഗിച്ചുകൊണ്ടുള്ള യുദ്ധഭീഷണി ഒഴിവാക്കുന്നതിന്നുള്ള നടപടികറം നിർദ്ദേശിച്ചിരുന്നു. എല്ലാ തരത്തിലുള്ള യുദ്ധങ്ങളേയും, പ്രത്യേകിച്ചും അണുവായുധമുപയോഗിച്ചുള്ള യുദ്ധങ്ങളെ പടിപടിയായി, കർശനമായി, ഉന്മൂലനം ചെയ്യുന്നതിന്നു് സോവിയററു് കരടു് ഉടമ്പടിയിൽ നടപടികറം നിർദ്ദേശിച്ചിരിക്കുന്നു. ഇത്തരമൊരു പരിഹാരം രാഷ്ട്രങ്ങറം തമ്മിലുള്ള ബന്ധങ്ങളുടെ സുഗമമായ വളർച്ചയിൽ വമ്പിച്ച സ്വാധീനം ചെലുത്തുമായിരുന്നു. രാഷ്ട്രങ്ങറം തമ്മിൽ സമാധാനപരമായ ബന്ധങ്ങറം ഊട്ടിയുറപ്പിക്കാനും യുദ്ധത്തിന്നുള്ള സാധ്യതകറം ഇല്ലായ്മ ചെയ്യുവാനും ഇതു് വഴിതെളിക്കുമായിരുന്നു.

സോവിയററു് കരടിൽ രാഷ്ട്രങ്ങറം തമ്മിലുള്ള തുല്യത മൗലികഘടകമായിരുന്നു. എല്ലാ രാഷ്ട്രങ്ങളുടെയും താല്പര്യങ്ങറംക്കു് തുല്യ പരിഗണന നൽകുവാനുദ്ദേശിച്ചുകൊണ്ടുള്ളതാണു് കരടു് നിർദ്ദേശങ്ങറം. അതുപോലെ ഏതെങ്കിലും ഒരു രാജ്യമോ ചില രാജ്യങ്ങളോ സൈനികമായ മെച്ചങ്ങറം നേടുന്നതിനെ തടയുവാനും അതിന്നുദ്ദേശമുണ്ടു്. പാശ്ചാത്യരാജ്യങ്ങറം പൊതുനിരായുധീകരണനിർദ്ദേശങ്ങറംക്കു് വാക്കാലുള്ള പിന്തുണ പ്രഖ്യാപിക്കുന്നുണ്ടെങ്കിലും അവ നടപ്പിലാക്കാൻ പ്രായോഗികനടപടികളെടുക്കുവാൻ വിസമ്മതിച്ചു. അതുകൊണ്ടാണു് പൊതുവും സമ്പൂർണ്ണവുമാ

യ നിരായുധീകരണ ഉടമ്പടി തയ്യാറാക്കുന്ന ജോലി നിലച്ചുപോയതു്.

ആയുധപ്പന്തയം അവസാനിപ്പിക്കുന്നതിന്നും നിരായുധീകരണത്തിന്നും ചില അടിയന്തിരനടപടികൾ സ്വീകരിക്കുന്നതിനെ സംബന്ധിച്ചു് ഒരു മെമ്മോറാണ്ടം 1968 ജൂലൈ 1-ാംനു- സോവിയററു് യൂണിയൻ ഐ. രാ. സഭയ്ക്കു സമർപ്പിക്കുകയുണ്ടായി. അണുവായുധങ്ങളുടെ ഉപയോഗം നിർത്തിവെക്കുക, അവയുടെ നിർമ്മാണം നിർത്തിവെയ്ക്കുക, അണുവായുധശേഖരം നശിപ്പിക്കുക എന്നീ ആവശ്യങ്ങളാണതിൻെറ വ്യവസ്ഥകളിൽ ഉന്നയിച്ചിട്ടുള്ളതു്. എല്ലാ നിരായുധീകരണപ്രശ്നങ്ങളിന്മേലും കൂടിയാലോചനകൾ നടത്തുന്നതിന്നുള്ള നിർദ്ദേശങ്ങളും മെമ്മോറാണ്ടത്തിലുൾപ്പെടുത്തിയിരുന്നു.

ഭാഗികമായി അണുകനിരായുധീകരണം സാധിക്കുന്നതിന്നു് സോവിയററു് യൂണിയൻ കാര്യമായി മുൻകയ്യെടുക്കുകയുണ്ടായിട്ടുണ്ടു്. അണ്വായുധ പരീക്ഷണങ്ങൾ ഭാഗികമായി നിരോധിക്കുക, അണ്വായുധങ്ങൾ പ്രയോഗിക്കാതിരിക്കുക, അണ്വായുധങ്ങളുടെ എണ്ണം പരിമിതപ്പെടുത്തുകയെന്നിവയായിരുന്നു ഉദ്ദേശം. അണ്വായുധങ്ങളുടെ ഭയങ്കരമായ നശീകരണശക്തി പരിഗണിച്ചു് ഒററയ്ക്കൊററയ്ക്കുള്ളതോ ഭാഗികമോ ആയ നടപടികൾ മൂലമായാലും അണ്വായുധഭീഷണി കുറയ്ക്കുകയെന്നതു് ഒഴിച്ചുകൂടാൻവയ്യാത്ത ഒരു ആവശ്യമാകുന്നു.

അന്തരീക്ഷത്തിലോ ബഹിരാകാശത്തോ വെള്ളത്തിന്നടിയിലോ — ഈ തരം പരീക്ഷണങ്ങൾ നിയന്ത്രിക്കുന്നതിന്നു് സാങ്കേതികമായ വിഷമതകളൊന്നുമില്ല — പരീക്ഷണങ്ങൾ നിരോധിക്കുന്നതിന്നു് ഒരുടമ്പടിയിലൊപ്പുവെക്കുന്നതിന്നു് 1963-ൽ സോവിയററു്യൂണിയൻ വീണ്ടുംമുൻകയ്യെടുക്കുകയുണ്ടായി. ഈ അണ്വായുധപരീക്ഷണനിരോധന ഉടമ്പടിയിൽ സോവിയററു്യൂണിയനും അമേരിക്കയും ബ്രിട്ടനും 1963 ആഗസ്റ്റ് 5-ാംനു- മോസ്കോവിൽവെച്ചു് ഒപ്പുവെച്ചു. 1963 ആഗസ്റ്റ് 21-ാംനു- സോവിയററു്ഗവർമ്മെണ്ടു് പുറപ്പെടുവിച്ച പ്രസ്താവനയിൽ പറഞ്ഞതുപോലെ, അണ്വായുധപരീക്ഷണം മേൽപ്പറഞ്ഞ മൂന്നു മാദ്ധ്യമങ്ങളിൽ നടത്തുന്നതു് നിരോധിക്കണമോ അതോ തടസ്സമൊന്നുമില്ലാതെ പരിമിതിയൊന്നുമില്ലാതെ ആയുധപ്പന്തയം തുടർന്നു നടത്താനനുവദിക്കണമോ എന്നതായിരുന്നു സോവിയററു്യൂണിയൻെറ മുമ്പിലുണ്ടായിരുന്ന പ്രശ്നം. കഴിയുന്നതും വേഗം ഭൂഗർഭത്തിലെ അണുവായുധപരീക്ഷണവും നിർത്തിവെയ്ക്കണമെന്നു് മോസ്കോ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിരുന്നു. ആയുധപ്പന്തയം അവസാനിപ്പിയ്ക്കണമെങ്കിൽ ഈ നടപടിക്കൂടി അടിയന്തിരമായി കൈക്കൊള്ളണമെന്ന നിർദ്ദേശം 1968 ജൂലൈ 1-ാംനു-യിലെ മേൽക്കാണിച്ച സോവിയററു് മെമ്മോറാണ്ടത്തിലുൾപ്പെടുത്തിയിരുന്നു. ''എല്ലാ പ്രകാരത്തിലുള്ള അണ്വായുധപരീക്ഷണങ്ങളും നിരോധിക്കണമെന്ന ആവശ്യത്തിന്നു് സോവിയററു് യൂണിയൻ തുടർന്നും ശക്തിയായി പിന്തുണ നൽകുന്നുണ്ടു്;

LIBRARY DEVELOPMENT COMMITTEE

ഇപ്രകാരം പരീക്ഷണങ്ങരം നിരോധിക്കുന്നതുവഴി സമാധാനത്തിന്റെ താല്പര്യങ്ങരം സംരക്ഷിക്കാൻ കഴിയുമെന്നും ആയുധപ്പന്തയത്തിന്നു് ക്ഷീണം തട്ടിക്കാൻ കഴിയുമെന്നും സോവിയററു് യൂണിയൻ വിശ്വസിക്കുന്നു. ഭൂഗർഭത്തിൽ നടക്കുന്ന അണ്വായുധപരീക്ഷണം നിരോധിക്കുന്നതുസംബന്ധിച്ചു് കൂടിയാലോചനകളിലേപ്പെടാൻ സോവിയററു് യൂണിയൻ തയ്യാറാണു്. പക്ഷെ നിരോധനം നടപ്പാക്കുന്നതിന്നുറപ്പുവരുത്തുവാൻ അതതു രാഷ്ട്രങ്ങരംതന്നെ തക്കതായ നടപടികളെടുക്കണമെന്ന അടിസ്ഥാനത്തിലായിരിക്കണം കൂടിയാലോചനകളെന്നു മാത്രം.'' ഭൂഗർഭത്തിൽ നടക്കുന്നതടക്കമുള്ള എല്ലാവിധ അണ്വായുധപരീക്ഷണങ്ങളും അവസാനിപ്പിക്കുന്നതിന്നു് — അവ എവിടെ നടക്കുന്നതായാലും ശരി — സോവിയററു്യൂണിയൻ തുടർന്നു് പരിശ്രമിക്കുന്നതാണെന്നു് 24-ാം സോവിയററു് പാർട്ടി കോൺഗ്രസ്സു് ഒരിക്കൽകൂടി തറപ്പിച്ചു് പ്രഖ്യാപിക്കുകയുണ്ടായി.

എല്ലാ അണുകായുധപരീക്ഷണങ്ങളും നിർത്തിവെക്കുകയെന്ന പ്രശ്നം ഇപ്പോഴും ഐ. രാ. സംഘടനയുടെ അജൻഡയിൽനിന്നു് നീക്കംചെയ്തിട്ടില്ല. ഭൂഗർഭത്തിലെ അണുപരീക്ഷണം നിരോധിക്കുന്നതിന്നു ഒരു ഉടമ്പടിയുണ്ടാക്കുന്നതിന്നുള്ള പ്രവർത്തനം തുടരാൻ പൊതുസഭയുടെ 25-ാം സമ്മേളനം നിരായുധീകരണസമിതിയോടഭ്യർത്ഥിക്കുന്ന ഒരു പ്രത്യേകപ്രമേയം അംഗീകരിച്ചു. മോസ്കോ ഉടമ്പടിയിലൊപ്പുവെക്കാത്ത എല്ലാ രാഷ്ട്രങ്ങളോടും താമസംവിനാ ഒപ്പുവെയ്ക്കാനും പ്രമേയം അഭ്യർത്ഥിച്ചിട്ടുണ്ടു്.

ചന്ദ്രനും മററു ഗ്രഹങ്ങളുമടങ്ങുന്ന ബഹിരാകാശപര്യവേക്ഷണത്തിൽ രാഷ്ട്രങ്ങരം നടത്തുന്ന പ്രവർത്തനങ്ങരംക്കു് നിദാനമായിരിക്കേണ്ട തത്വങ്ങളെ സംബന്ധിച്ചു് സോവിയററു് യൂണിയന്റെ മുൻകയ്യോടെ പാസ്സാക്കപ്പെട്ട 1967-ലെ ഉടമ്പടി നിരായുധീകരണത്തിലേക്കുള്ള പ്രയാണത്തിൽ ഒരു സുപ്രധാന ഘടകമായിരുന്നു. ''ഈ ഉടമ്പടിയിൽ പങ്കാളികളായ രാഷ്ട്രങ്ങരം ഭൂമിക്കു ചുററും സഞ്ചരിക്കുന്ന ഉപഗ്രഹങ്ങരം തൊടുത്തുവിടുമ്പോരം അവയിൽ അണ്വായുധങ്ങളോ മററു മാരകായുധങ്ങളോ സ്ഥാപിക്കുവാൻ പാടുള്ളതല്ല; ഗ്രഹങ്ങളിൽ അത്തരം ആയുധങ്ങളൊന്നും നിക്ഷേപിക്കുവാൻ പാടുള്ളതല്ല; ബഹിരാകാശത്തിൽ ഏതെങ്കിലും വിധത്തിൽ അത്തരം ആയുധങ്ങരം ഒന്നും സ്ഥാപിക്കുവാനും പാടുള്ളതല്ല.''[1] ഈ വ്യവസ്ഥകരം അണ്വായുധങ്ങളുടെ ഉപയോഗത്തെ നിയന്ത്രിക്കുന്നു.

അണ്വായുധനിരായുധീകരണത്തിന്നുള്ള ഭാഗികനടപടികളിൽ പ്രധാനപ്പെട്ടതാണു് അണ്വായുധങ്ങളുടെ വിസ്ഫോടനം നിരോധിക്കുകയെന്നതു്. 1950-കളിൽ സോവിയററു്യൂണിയനും അമേരിക്കയ്ക്കും മാത്രമേ അണ്വായുധങ്ങരം ഉണ്ടായിരുന്നുള്ളു; ഇന്നു്

---

1. ഐ. രാ. പൊതുസഭ അതിന്റെ 25–ാം യോഗത്തിൽ അംഗീകരിച്ച പ്രമേയം; പേജു് 14.

അവ കൈവശമുള്ള രാഷ്ട്രങ്ങളുടെ എണ്ണം അഞ്ചാണ്—അമേരിക്ക, സോവിയററുയൂണിയൻ, ബ്രിട്ടൻ, ഫ്രാൻസ്, ചൈന. കൂടുതൽ രാഷ്ട്രങ്ങൾ അവ കൈവശംവെയ്ക്കുകയാണെങ്കിൽ അവയുടെ ഉപയോഗത്തിന്നുള്ള സാദ്ധ്യത ആപല്ക്കരമായി വദ്ധിക്കുന്നു.

അണുകായുധനിർവ്യാപനഉടമ്പടിയുടെ പരിസമാപ്തിയിലേയ്ക്കു നയിച്ച മാര്ഗ്ഗം തുലോം ദീഘവും സങ്കീണ്ണവുമായിരുന്നു. അണ്വായുധങ്ങളെ ഒരു നയോപകരണമായി കരുതിയിരുന്ന ആക്രമണകാരികളായ സാമ്രാജ്യത്വരാജ്യങ്ങൾ അതിനെ ചെറുത്തുനിന്നു. അവസാനം 1968 ജൂൺ 12-ാംനു- ഐ. രാ. പൊതുസഭയിൽ ഉടമ്പടി അംഗീകരിക്കപ്പെട്ടു. 95 വോട്ടുകൾ അനുകൂലമായും 4 വോട്ടുകൾ എതിരായും ലഭിച്ചപ്പോൾ 21 രാജ്യങ്ങൾ നിഷ്പക്ഷത പാലിച്ചു. ഉടമ്പടിയിൽ കക്ഷിചേർന്ന് അണ്വായുധരാഷ്ട്രങ്ങൾ അണ്വായുധങ്ങളോ അണുസ്ഫോടനോപകരണങ്ങളോ ആർക്കും കൈമാറുകയില്ലെന്നും അത്തരം ആയുധങ്ങളുടെയോ ഉപകരണങ്ങളുടെയോ മേൽനോട്ടത്തിന്നും നിയന്ത്രണത്തിന്നുമുള്ള അധികാരം ആരെയും ഏല്പിയ്ക്കുകയില്ലെന്നും വാഗ്ദത്തം ചെയ്തു. അണ്വായുധങ്ങളുടെ സ്ഫോടനം തടയുന്ന ഈ നടപടി ഒരു അണുകയുദ്ധം പൊട്ടിപ്പുറപ്പെടുകയെന്ന വിപത്തു് ഒഴിവാക്കാനും രാഷ്ട്രങ്ങളുടെ സുരക്ഷിതത്വത്തിന്നു് ഉറപ്പുവരുത്തുവാനും സഹായിക്കുമെന്നു് ഉടമ്പടിയിൽ പറയുന്നുണ്ടു്. അണ്വായുധങ്ങളുടെ വ്യാപനം അണുയുദ്ധത്തിൻെറ വിപത്തു് സാരമായി വർദ്ധിപ്പിക്കുമെന്നു് ഉടമ്പടിയുടെ ആമുഖത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ടു്. അതുപോലെ അണുശക്തി സമാധാനപരമായ ആവശ്യങ്ങൾക്കുപയോഗിക്കുകയാണെങ്കിൽ വമ്പിച്ച സാദ്ധ്യതകളാണു് നമ്മുടെ മുമ്പിൽ തുറന്നുകിട്ടുകയെന്ന വസ്തുതയും ഉടമ്പടിയിൽ പറയുന്നുണ്ടു്. എന്നാൽ സമാധാനാവശ്യങ്ങൾക്കുള്ള അണുശക്തി പ്രയോഗത്തിന്നുവേണ്ട മുൻകരുതലുകൾക്കു് ലോകഅണുശക്തി ഏജൻസി ഉറപ്പുനൽകേണ്ടതുമുണ്ടു്. ഉടമ്പടി വിജയകരമായി നടപ്പാക്കണമെങ്കിൽ ലോകഅണുശക്തി ഏജൻസിയെ സംബന്ധിച്ച വകുപ്പുകൾ ഊന്നി പ്രസ്താവിക്കുന്നതുപോലെ, പ്രസ്തുത ഏജൻസിയെ വ്യാപകമായി പ്രയോജനപ്പെടുത്തുകയും ചാർട്ടറിൽ പറഞ്ഞിട്ടുള്ള ഉറപ്പുകൾ കർശനമായി പാലിക്കുകയും ചെയ്യേണ്ടതുണ്ടു്.

എന്നാൽ പാശ്ചാത്യനാടുകളിലെ ആക്രമണോത്സുകവൃത്തങ്ങൾ തടസ്സങ്ങൾ വലിച്ചിടുകയാണുണ്ടായതു്. നിയന്ത്രണത്തിന്നു് ഏജൻസിയെ ഉപയോഗിക്കുന്നതിനെ അവരെതിർത്തു. പകരം അവ ''സ്വയംനിയന്ത്രണ''മെന്ന ആശയമുന്നയിച്ചു. നാറേറാ സംഘടനയുമായി ബന്ധപ്പെട്ട ''യൂറാററം ഗ്രൂപ്പ്'' രാഷ്ട്രങ്ങളുടെ സഹായമാണു് ഇതിന്നു തേടിയതു്. എന്നാൽ അവയുടെ നിർദ്ദേശം തിരസ്കരിക്കപ്പെട്ടു; ലോകഅണുശക്തി ഏജൻസിയുടെ കയ്യിൽ പൂർണ്ണമായ നിയന്ത്രണം കേന്ദ്രീകരിക്കപ്പെടുകയും ചെയ്തു

അണുകായുധനിർവ്യാപനം കഴിയുന്നത്ര വിശ്വാസയോഗ്യമായ ഒരു നടപടിയാക്കിത്തീർക്കുന്നതിന്നുവേണ്ടി വേറേയും കുറെ സാർവ്വദേശീയരേഖകഠം അംഗീകരിക്കപ്പെട്ടതു് നിരോധനഉടമ്പടിയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു കാര്യമാകുന്നു.

ഈ രേഖകഠം ഐ. രാ. രക്ഷാസമിതി 1968 ജൂൺ 17—19 തിയ്യതികളിലാണു് അംഗീകരിച്ചതു്. അണ്വായുധമില്ലാത്ത രാഷ്ട്രങ്ങളുടെ രക്ഷയുറപ്പുവരുത്തുന്നതിന്നുവേണ്ടിയാണു് ഈ രക്ഷാസമിതി പ്രമേയങ്ങഠം അംഗീകരിക്കപ്പെട്ടതു്. അതിന്നുപുറമേ രക്ഷാസമിതിയിലെ മൂന്നു സ്ഥിരം അംഗങ്ങളായ സോവിയററ്യൂണിയനും അമേരിക്കയും ബ്രിട്ടനും പ്രമേയത്തിന്നനുസൃതമായി പ്രവർത്തിക്കുവാനുള്ള ദൃഢനിശ്ചയം പ്രഖ്യാപിക്കുന്നുമുണ്ടു്. അണ്വായുധമില്ലാത്ത രാഷ്ട്രങ്ങളുടെ നേരെ അണ്വായുധമുപയോഗിച്ചുകൊണ്ടുള്ള ഒരു ആക്രമണത്തിന്നോ ആക്രമണഭീഷണിയ്ക്കോ ഏതെങ്കിലും രാഷ്ട്രം മുതിരുകയാണെങ്കിൽ സെക്യൂരിററി കൌൺസിലും പ്രത്യേകിച്ചു അണ്വായുധം കൈവശമുള്ള അതിലെ സ്ഥിരം അംഗങ്ങളും ചാർട്ടറിൽ പറഞ്ഞിട്ടുള്ള തരത്തിലുള്ള അടിയന്തിരനടപടികളെടുക്കാൻ ബാദ്ധ്യസ്ഥരാകുന്നുണ്ടെന്നു് രക്ഷാസമിതി പ്രഖ്യാപിച്ചു. ഇപ്രകാരം നടപടിയെടുക്കാൻ ഉടനടി സന്നദ്ധത പ്രകടിപ്പിച്ച മൂന്നു രാഷ്ട്രങ്ങഠം സോവിയററ്യൂണിയനും അമേരിക്കയും ബ്രിട്ടനുമായിരുന്നു. സോവിയററുയൂണിയൻെറ പ്രസ്താവനയിൽ ഇങ്ങിനെ പറഞ്ഞിരുന്നു: ''അണുകായുധനിർവ്യാപനഉടമ്പടിയിലൊപ്പുവെക്കുന്ന ഏതെങ്കിലും അണ്വായുധമില്ലാത്ത രാജ്യത്തിന്നെതിരായി അണ്വായുധമുപയോഗിച്ചുകൊണ്ടുള്ള യുദ്ധമോ യുദ്ധഭീഷണിയോ ഉണ്ടാവുകയാണെങ്കിൽ ഐ. രാ. ചാർട്ടറിൽ പറഞ്ഞിട്ടുള്ളതുപോലെ സെക്യൂരിററി കൌൺസിൽ ഉടൻ നടപടിയെടുക്കുമെന്നുറപ്പുവരുത്തുന്നതിന്നു് രക്ഷാസമിതിയിലെ സ്ഥിരം അംഗമെന്നനിലയ്ക്കു് സോവിയററുയൂണിയൻ വേണ്ട നടപടിയെടുക്കുവാനുള്ള സന്നദ്ധത ഉറപ്പിച്ചു പ്രഖ്യാപിക്കുന്നു.''

രക്ഷാസമിതിയിലെ മൂന്നു സ്ഥിരം അംഗങ്ങളുടെ ഈ പ്രസ്താവനകഠം അണ്വായുധമുപയോഗിച്ചുകൊണ്ടുള്ള ഏതൊരാക്രമണത്തെയും കടിഞ്ഞാണിട്ടു പിടിച്ചുനിർത്തുവാൻ മതിയായ ഉറപ്പായിത്തീന്നിട്ടുണ്ടു്; അതോടൊപ്പം ഉടമ്പടിയിലൊപ്പിട്ട അണ്വായുധമില്ലാത്ത രാഷ്ട്രങ്ങളുടെ സുരക്ഷിതത്വത്തിന്നു് ഉറപ്പുനൽകാനും ഇതു സഹായിക്കുന്നു. അങ്ങിനെ ഉടമ്പടിയിലൊപ്പുവെച്ച അണ്വായുധരഹിതരാഷ്ട്രങ്ങഠക്കെതിരായി ഏതെങ്കിലും തരത്തിൽ അണ്വായുധാക്രമണം ഉണ്ടാവുകയാണെങ്കിൽ അതിന്നെതിരെ ഫലപ്രദമായി നടപടിയെടുക്കാൻ ഒരു ദ്വിമുഖരക്ഷാപദ്ധതിയേർപ്പെടുത്തിയിരിക്കുന്നു ഇതു്.

''സാർവ്വദേശീയബന്ധങ്ങളിൽ ബലപ്രയോഗം നിരോധിക്കുന്നതിന്നും അണ്വായുധങ്ങളുടെ ഉപയോഗം എന്നെന്നേയ്ക്കുമായി നിരോധിക്കുന്നതിന്നും'' ഉള്ള ഒരു സുപ്രധാനനിർദ്ദേശം സോവിയ

റഷ്യയുണിയനും മററു സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളും ചേർന്ന് ഐ. രാ. പൊതുസഭയുടെ 27-ാം സമ്മേളനത്തിന്നുമുമ്പാകെ അവതരിപ്പിക്കുകയുണ്ടായി. ഈ രണ്ടു ആവശ്യങ്ങളും ഐ. രാ. പ്രമാണത്തോടു് പൂർണ്ണമായും യോജിക്കുന്നതാകയാൽ അവ നടപ്പാക്കുന്ന കാര്യത്തിൽ യാതൊരുവിധ ശങ്കയും ഉണ്ടാകേണ്ടതില്ല. ചാർട്ടറിൻെറ 51-ാം വകുപ്പിൽ പറഞ്ഞിട്ടുള്ളതുപോലെ സ്വന്തമായും കൂട്ടായുമുള്ള പ്രതിരോധനടപടികളെടുക്കുവാനുള്ള ന്യായമായ അവകാശത്തെ ഇതു് ഒരുപ്രകാരത്തിലും നിരാകരിക്കുന്നില്ല. അതുപോലെതന്നെ ബലപ്രയോഗത്തിന്മേലേർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം അക്രമത്തെ ചെറുക്കാനോ അക്രമത്തിൻെറ ഭവിഷ്യത്തു നേരിട്ടാൽ നടവടികളെടുക്കാനോ ജനങ്ങൾക്കു്, പ്രത്യേകിച്ചും കോളണികളിലെ ജനതകൾക്കു്, ഉള്ള അവകാശത്തെ തടയുന്നില്ല; അവരുടെ സ്വാതന്ത്ര്യത്തിന്നും പരമാധികാരത്തിന്നും വേണ്ടിയുള്ള സമരത്തിന്നൊ ന്യായയുക്തമായ അവകാശങ്ങൾ ഏതുവിധേനയും കാത്തുരക്ഷിക്കുന്നതിന്നൊ അതു് തടസ്സംനിൽക്കുന്നില്ല.

ബലപ്രയോഗനിരോധനത്തിന്നും അണ്വായുധങ്ങളുടെ എക്കാലത്തേയ്ക്കുള്ള നിരോധനത്തിന്നും വേണ്ടിയുള്ള സോവിയററു് നിർദ്ദേശം ഐ. രാ. സംഘടനയിലും ലോകത്തെങ്ങും വമ്പിച്ച ആവേശത്തോടെയാണു് സ്വീകരിക്കപ്പെട്ടതു്. യു. എൻ. ജനറലസംബ്ലിയുടെ 27-ാംസമ്മേളനത്തിലെ പ്രധാന ചർച്ചാവിഷയം ഈ നിർദ്ദേശമായിരുന്നു 1972 നവമ്പർ 29-ാംനു ജനറലസംബ്ലി ഈ നിർദ്ദേശം ഭൂരിപക്ഷത്തോടെ അംഗീകരിക്കുകയും ചെയ്തു. പ്രമേയരൂപത്തിലുള്ള ഈ നിർദ്ദേശമനുസരിച്ചു് ഐ. രാ. സംഘടനയിലെ അംഗരാഷ്ട്രങ്ങളെല്ലാം സാർവ്വദേശീയബന്ധങ്ങളിൽ ബലപ്രയോഗം ഒരുപ്രകാരത്തിലും നടത്തുകയില്ലെന്നും അണ്വായുധങ്ങൾ പ്രയോഗിക്കുകയില്ലെന്നും ഗൌരവബുദ്ധ്യാ വാഗ്ദത്തം ചെയ്തു. രാഷ്ട്രങ്ങൾ തങ്ങളുടെ ബാദ്ധ്യതകൾ നിർവ്വഹിക്കുന്നതിന്നു് ഉറപ്പുവരുത്തുവാൻ രക്ഷാസമിതി ഉടൻതന്നെ വേണ്ട നടവടികൾ സ്വീകരിക്കണമെന്നും ജനറലസംബ്ലി ശുപാർശ ചെയ്തു. ഈ പ്രമേയം ഒരേ സമയം പല അവകാശങ്ങളും അനുവദിച്ചുകൊടുക്കുന്നുണ്ടു്. ആദ്യമായി, ബലപ്രയോഗംവഴി ഒരു രാജ്യത്തിൻെറ ഭൂപ്രദേശങ്ങൾ കയ്യടക്കാൻ ആർക്കും അധികാരമില്ലെന്നു് അതു് പറയുന്നു. രണ്ടാമതായി, അങ്ങിനെ പിടിച്ചടക്കിയ പ്രദേശങ്ങൾ തിരിച്ചുപിടിക്കാൻ എന്തു മാർഗ്ഗമുപയോഗിക്കാനും എല്ലാ രാഷ്ട്രങ്ങൾക്കും അവകാശമുണ്ടായിരിക്കുന്നതാണു്. മൂന്നാമതായി, എല്ലാ കോളണി ജനതകൾക്കും സ്വാതന്ത്ര്യത്തിന്നുവേണ്ടി സമരം ചെയ്യാനവകാശമുണ്ടായിരിക്കുന്നതാണു്.

എല്ലാവിധ ബലപ്രയോഗങ്ങളും വർജ്ജിക്കണമെന്നു് പറയുമ്പോൾതന്നെ എല്ലാ അണ്വായുധങ്ങളുടെ പ്രയോഗവും എന്നെന്നേയ്ക്കുമായി നിരോധിക്കണമെന്നു് പറയുന്ന പ്രമേയം ജനറലസംബ്ലി സ്ഥിരീകരിച്ചതു് സമാധാനവും സാർവ്വദേശീയസുരക്ഷിതത്വവും ശക്തിപ്പെടുത്തുന്നതിന്നു് യു. എൻ. സംഘടന നൽകിയ പുതിയ

ത്തും സുപ്രധാനവുമായ ഒരു സംഭാവനയാകുന്നു. എല്ലാ രാഷ്ട്രങ്ങളുടേയും ജനതകളുടേയും താല്പര്യങ്ങൾ കാത്തുസൂക്ഷിക്കുന്ന ഒരു നടപടിയാണത്. ഇതു് ഇപ്പോൾ ഒരു സാർവ്വദേശീയനിയമമായിട്ടുള്ളതിനാൽ എല്ലാവരും ഇതു് അനുസരിച്ചേ പററൂ. സോവിയററ് പ്രമേയത്തിന്മേൽ നടന്ന വോട്ടെടുപ്പ് കാണിക്കുന്നതു് ഭൂരിപക്ഷം രാഷ്ട്രങ്ങളും പ്രമേയത്തിന്നനുകൂലമാണെന്നാണു്. എതിരായി വോട്ടു രേഖപ്പെടുത്തിയതു് നാലു രാഷ്ട്രങ്ങൾ മാത്രമാണു്—ചൈന, ആൽബേനിയ, പോർച്ചുഗൽ, ദക്ഷിണാഫ്രിക്ക. അങ്ങിനെ ചൈന ലോകത്തിലെ ഏററവും പിന്തിരിപ്പൻരാഷ്ട്രങ്ങളായ ദക്ഷിണാഫ്രിക്കയുടേയും മററും കൂടെയാണു് നിലയുറപ്പിച്ചിട്ടുള്ളതു്. സോവിയററ് പ്രമേയം, ലോകസമാധാനത്തിന്നും സുരക്ഷിതത്വത്തിന്നും സായുധസംഘട്ടനങ്ങൾ തടയുന്നതിന്നും പ്രധാനപ്പെട്ട ഒരു സംഭാവനയായിട്ടാണു് പരക്കെ പരിഗണിക്കപ്പെടുന്നതു്.

''യു. എസ്. എസ്. ആറിന്റെ 50-ാം വാർഷികം'' സംബന്ധിച്ചുള്ള തന്റെ റിപ്പോർട്ടിൽ എൽ. ഐ. ബ്രെഷ്നേവ് പറയുന്നു: ''സാർവ്വദേശീയബന്ധങ്ങളിൽ ബലപ്രയോഗം വർജ്ജിക്കുന്നതിന്നും അണ്വായുധങ്ങൾ ഉപയോഗിക്കുന്നതു് എന്നെന്നേയ്ക്കുമായി നിരോധിക്കുന്നതിന്നും ഉദ്ദേശിച്ചുകൊണ്ടു് സോവിയററുയൂണിയന്റെ മുൻകയ്യോടുകൂടിയുള്ള ഒരു പ്രമേയം ഐ. രാ. പൊതുസഭ അംഗീകരിച്ചതു് സാർവ്വദേശീയരംഗത്തു് ഒരു വലിയ സംഭവമാകുന്നു. ഈ പ്രമേയത്തിന്റെ താല്പര്യമനുസരിച്ച് പ്രമേയത്തിൽ പറയുന്ന കാര്യങ്ങൾ നടപ്പിൽ വരുത്തുന്നതിന്നുവേണ്ടി—ബലപ്രയോഗവർജ്ജനവും അണുവായുധനിരോധനവും — ഏതു അണ്വായുധരാഷ്ട്രവുമായും സന്ധിചെയ്യാനും ഔപചാരികമായി ഉചിതമായ അനുപൂരകനടപടികൾ സ്വീകരിക്കാനും സോവിയററുയൂണിയൻ സന്നദ്ധമാണെന്നു് നാം പ്രഖ്യാപിക്കുന്നു.''

സി. പി. എസ്. യു.വിന്റെ 24-ാം കോൺഗ്രസ്സ് അംഗീകരിച്ച സോവിയററു് സമാധാനപരിപാടിയിൽ ഈ സംഗതികളെല്ലാം ഉൾക്കൊള്ളിച്ചിട്ടുണ്ടു്.

ആയുധപ്പന്തയം തടയുന്നതിന്നും പരിമിതപ്പെടുത്തുന്നതിന്നും ഉള്ള നടപടികൾ, ആയുധശേഖരങ്ങൾ കുറയ്ക്കുന്നതിന്നുവേണ്ട പ്രായോഗികനടപടികൾ എടുക്കുന്നതിലേക്കുകൂടി വ്യാപിപ്പിക്കണം എന്ന ജനങ്ങളുടെ ആഗ്രഹം ലോകസമാധാനകോൺഗ്രസ്സിന്റെ തീരുമാനങ്ങളിൽ പ്രതിഫലിച്ചുകാണാവുന്നതാണു്. ഇതിന്നു ആരംഭം കുറിക്കുന്നതിന്നായി നശീകരണായുധങ്ങൾ നിരോധിക്കാനും പൊതുവും സമ്പൂർണ്ണവുമായ നിരായുധീകരണം സാദ്ധ്യമാക്കാനും നടപടികളെടുക്കേണ്ടതായിട്ടുണ്ടു്.

ഈ ലക്ഷ്യങ്ങൾ നേടുന്നതിന്നു് താഴെ പറയുന്ന കാര്യങ്ങൾ ചെയ്തുതീർക്കണമെന്നു് കോൺഗ്രസ്സ് പുറപ്പെടുവിച്ച പ്രഖ്യാപനത്തിൽ ചൂണ്ടിക്കാട്ടുന്നു:

''ഇപ്പോൾ ഒപ്പിട്ടുകഴിഞ്ഞിട്ടുള്ള നിരായുധീകരണ ഉടമ്പടികളും കരാറുകളും, (അവയെല്ലാം അതിപ്രധാനങ്ങളാണെന്നു് പറയേ

ണ്ടതില്ലല്ലോ) കർശനമായും പാലിക്കേണ്ടതുണ്ട്; ഇനിയും ഇവയിലൊപ്പുവെച്ചിട്ടില്ലാത്ത രാഷ്ട്രങ്ങളും അംഗീകാരം നൽകിയിട്ടില്ലാത്ത രാഷ്ട്രങ്ങളും അതു ചെയ്യണം.

''അഞ്ചു അണ്വായുധരാഷ്ട്രങ്ങളും ബലപ്രയോഗം വർജ്ജിക്കുന്നതും അണ്വായുധങ്ങൾ എന്നെന്നേയ്ക്കുമായി നിരോധിക്കുന്നതുമായ ഒരു ഉടമ്പടിയിലൊപ്പുവെയ്ക്കണം; അവയുടെ സൈനികച്ചിലവു കുറയ്ക്കണം; അങ്ങിനെ മിച്ചം ലഭിക്കുന്ന പണം വികസ്വരരാഷ്ട്രങ്ങളുടെ വികസനത്തിന്നായി വിനിയോഗിക്കണം; എല്ലാ തലങ്ങളിലും അണ്വായുധപരീക്ഷണം അവസാനിപ്പിക്കുമെന്നുറപ്പു വരുത്തണം; അണ്വായുധപ്പന്തയം അവസാനിപ്പിക്കുന്നതിന്നും അണ്വായുധങ്ങൾ നവീകരിക്കുന്നതിന്നുമുള്ള ശ്രമങ്ങൾ അവസാനിപ്പിക്കുന്നതിന്നും പ്രായോഗികനടപടികൾ സ്വീകരിക്കണം; നിരായുധീകരണം കൈവരിക്കുന്നതിന്നു ആവശ്യമായ നടവടികൾ എടുക്കണം.

''അണ്വായുധരഹിതമേഖല സൃഷ്ടിക്കാനും, വിദേശസൈനികത്താവളങ്ങൾ പൊളിച്ചുനീക്കാനും, വിദേശരാജ്യത്ത് അണ്വായുധങ്ങൾ സൂക്ഷിക്കുന്നതു് നിരോധിക്കാനുമുള്ള നിർദ്ദേശങ്ങൾ പ്രായോഗികമായി നടപ്പിൽവരുത്തണം.

''കഴിയുന്നതും വേഗം ഒരു ലോകനിരായുധീകരണസമ്മേളനം ചേരണം; ആയുധങ്ങൾ വെട്ടിക്കുറയ്ക്കുന്നതിന്നും യൂറോപ്പിൽ സൈന്യങ്ങളെ ചുരുക്കുന്നതിന്നും വേണ്ടി ഇന്നു നടന്നുകൊണ്ടിരിക്കുന്ന കൂടിയാലോചനകളുടെ വിജയകരമായ പരിസമാപ്തിയ്ക്കു് ഉറപ്പുവരുത്തണം.''

കോൺഗ്രസ്സിൽ ചർച്ചചെയ്യപ്പെട്ട ഈ പ്രശ്നങ്ങളുടേയും മററു പല പ്രശ്നങ്ങളുടേയും തൃപ്തികരമായ പരിഹാരം '70-കളിൽ നേടിയ വിജയം, നമ്മുടെ ഭൂഗോളത്തിൽ ശാശ്വതസമാധാനം കൈവരുത്തുവാൻ സഹായിക്കുമെന്നു് കോൺഗ്രസ്സിൽ പങ്കെടുത്ത പ്രതിനിധികൾ ഉറച്ചു വിശ്വസിക്കുന്നതായി പ്രഖ്യാപിച്ചു.

അദ്ധ്യായം III

# സമാധാനപരിപാടിയുടെ ഊർജ്ജസ്വലത

രാഷ്ട്രങ്ങൾക്ക് സ്വയംനിർണ്ണയാവകാശം നല്കുന്ന കാര്യത്തിൽ സോവിയററ് സമാധാനപരിപാടി വഹിക്കുന്ന പങ്ക് വമ്പിച്ചതാണ്. സമാധാനവും സാർവ്വദേശീയസുരക്ഷിതത്വവും ശക്തിപ്പെടുത്തുന്നതിന്നും, സാമ്രാജ്യത്വത്തിൻെറ ആക്രമണപരമായ ഗൂഢതന്ത്രങ്ങളെയും സാർവ്വദേശീയമേധാവിത്വത്തെയും എതിർത്ത് തോല്പിക്കുന്നതിന്നും വ്യാപകമായ നടവടികൾ പരിപാടിയിൽ വിവരിച്ചിട്ടുണ്ട്. സോഷ്യലിസ്റ്റ്‌രാഷ്ട്രങ്ങളുടെ ഐക്യം ഊട്ടിയുറപ്പിക്കുന്നതിന്ന് പ്രത്യേക ഊന്നൽ അതിൽ നൽകിയിട്ടുണ്ട്; അതുപോലെ ദേശീയ വിമോചനശക്തികളുമായുള്ള ബന്ധങ്ങൾ കൂടുതലുറപ്പിക്കുന്നതിന്നും സമാധാനപരമായ സഹവർത്തിത്വമെന്ന തത്വത്തിൻെറ അടിസ്ഥാനത്തിൽ പരസ്പരനന്മയെ ലാക്കാക്കിക്കൊണ്ടുള്ള അന്യോന്യബന്ധങ്ങൾ വിപുലപ്പെടുത്തുന്നതിന്നും പരിപാടിയിൽ പ്രാധാന്യം നൽകിയിട്ടുണ്ട്.

പല ഗവമ്മെണ്ടുകളും പരിപാടിയിൽ അതീവതാല്പര്യം പ്രദർശിപ്പിക്കുകയും അതിനെ മുക്തകണ്ഠം പുകഴ്ത്തുകയും ചെയ്തു. സമാധാനപരവും തികച്ചും വിപ്ലവാത്മകവുമായ സോവിയററ് വിദേശനയം രൂപപ്പെടുത്തുന്നതിൽ സോവിയററ് കമ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രക്കമ്മിററിയും പോളിററ്ബ്യൂറോവും ലെനിൻെറ മാർഗ്ഗദർശനം സ്വീകരിച്ചിട്ടുള്ളതായി പാർട്ടിയുടെ കേന്ദ്രക്കമ്മിററി പ്ലീനം 1973 ഏപ്രിലിൽ ചൂണ്ടിക്കാട്ടി. അതേ അടിസ്ഥാനത്തിൽ പോളിററ്ബ്യൂറോയും കേന്ദ്രക്കമ്മിററിയും സമാധാനത്തിന്നുള്ള പരിപാടിയും 24-ാം പാർട്ടികോൺഗ്രസ്സിൻെറ തീരുമാനങ്ങളും നടപ്പിൽവരുത്തുന്നതിന്ന് ഒട്ടുവളരെ പ്രയത്നിച്ചിട്ടുണ്ട്. ഈ കടമകൾ നിറവേററുന്ന കാര്യത്തിൽ സോവിയററ് കമ്മ്യൂണിസ്റ്റ്പാർട്ടി കേന്ദ്രക്കമ്മിററിയുടെ ജനറൽ സിക്രട്ടറിയായ എൽ. ഐ. ബ്രെഷ്നേവ് വ്യക്തിപരമായി മഹത്തായ സംഭാവന നൽകിയതായി പ്ലീനംയോഗത്തിൽ നടന്ന പ്ര



755

സംഗങ്ങളും അംഗീകരിച്ച പ്രമേയങ്ങളും ചൂണ്ടിക്കാട്ടിയിരിക്കുന്നു. സമാധാനസമരത്തിൽ അദ്ദേഹം വഹിച്ച മികച്ച പങ്കിനെയും സമാധാനപരിപാടി നടപ്പാക്കുന്നതിന്നു് അദ്ദേഹം നടത്തിയ ശ്രമങ്ങളെയും മുൻനിർത്തിയാണു്, രാഷ്ട്രങ്ങൾ തമ്മിൽ സമാധാനം ശക്തിപ്പെടുത്തുന്നതിന്നുള്ള 1973-ലെ ലെനിൻസമ്മാനം സ: എൽ. ഐ. ബ്രെഷ്നേവിന്നു് നൽകിയതു്.

## യാഥാർത്ഥ്യബോധത്തോടുകൂടിയ ഒരു നിലപാടിൽനിന്നു്

സമാധാനപരമായ സഹവർത്തിത്വത്തിന്നു് നിയമപരമായ അംഗീകാരം ഉറപ്പുവരുത്തുന്നുവെന്നതാണു്, സമാധാനപരിപാടിയുടെ ഭാഗമായി നിരവധി മുതലാളിത്തരാജ്യങ്ങളുമായി സോവിയററ്യൂണിയൻ ഏർപ്പെട്ട കരാറുകളുടെ ഒരു സവിശേഷത. അവയിലെ മൌലികമായ ആവശ്യങ്ങൾ താഴെ പറയുന്നവയാണു്: രാഷ്ട്രങ്ങൾ തമ്മിലുള്ള തർക്കങ്ങൾ തീർക്കുന്നതിന്നു് യുദ്ധം ഒരു മാർഗ്ഗമായി സ്വീകരിച്ചുകൂടാ; ബലപ്രയോഗമോ ബലപ്രയോഗഭീഷണിയോ അരുതു്; മററു രാജ്യങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാതിരിക്കുക; പുറമെനിന്നുള്ള ഇടപെടൽ കൂടാതെ സ്വന്തം രാജ്യത്തിന്നകത്തെ പ്രശ്നം പരിഹരിക്കാൻ ഓരോ രാജ്യത്തിന്നുമുള്ള അവകാശം അംഗീകരിക്കുക; രാജ്യാതിർത്തികൾ അലംഘനീയങ്ങളാണെന്നു് അംഗീകരിക്കുക; രാജ്യങ്ങളുടെ പരമാധികാരത്തെ മാനിക്കുക; രാജ്യങ്ങൾ തമ്മിൽ തുല്യഭാവം അംഗീകരിക്കുക; പരസ്പരനന്മ ലാക്കാക്കിയുള്ള സഹകരണം പ്രോത്സാഹിപ്പിക്കുക.

യു. എസ്. എസ്. ആറും ഫ്രാൻസും തമ്മിൽ സഹകരിക്കുന്നതുസംബന്ധിച്ച പ്രമാണം 1971 ഒക്ടോബർ 30-ാംനു- സോവിയററ് കമ്മ്യൂണിസ്റ്റ്പാർട്ടി കേന്ദ്രക്കമ്മിററി ജനറൽ സിക്രട്ടറി എൽ. ഐ. ബ്രെഷ്നേവും ഫ്രഞ്ച് പ്രസിഡണ്ടു് ജോർജ് പോംപിഡോവും കൂടി ഒപ്പുവെച്ചു. ഈ രേഖ സമാധാനപരമായ സഹവർത്തിത്വമെന്ന തത്വത്തെ അരക്കിട്ടുറപ്പിക്കുന്നതിന്നു സഹായിച്ചു. സോവിയററ്യൂണിയനും ഫ്രാൻസും തമ്മിലുള്ള ബന്ധങ്ങളുടെ ചരിത്രത്തിലാദ്യമായിട്ടാണു് ഒരു അന്തർദേശീയ ഉടമ്പടിയിലൂടെ സമാധാനപരമായ സഹവർത്തിത്വമെന്ന തത്വത്തിന്നു് സ്ഥിരീകരണം നൽകുന്നതെന്നു് ഊന്നിപ്രസ്താവിക്കേണ്ടതുണ്ടു്.

യൂറോപ്പിൽ സംഘർഷലഘൂകരണത്തിന്നു് തുടക്കമിട്ടതുതന്നെ, യഥാർത്ഥത്തിൽ സോവിയററ്-ഫ്രഞ്ച് ബന്ധങ്ങൾ മെച്ചപ്പെട്ടതോടുകൂടിയാണെന്നു് പറയാവുന്നതാണു്. കുറേക്കാലമായി ഈ രണ്ടു രാഷ്ട്രങ്ങളും തമ്മിലുള്ള ബന്ധം പുഷ്ടിപ്പെട്ടുവരികയാണു്; അതിന്നു് സുസ്ഥിരതയും വ്യാപ്തിയും വർദ്ധിച്ചിട്ടുണ്ടു്. 1973 ജൂണിൽ സോവിയററ് കമ്മ്യൂണിസ്റ്റ്പാർട്ടി ജനറൽ സിക്രട്ടറി എൽ. ഐ. ബ്രെഷ്നേവും ഫ്രഞ്ചു് പ്രസിഡണ്ടു് ജോർജ് പോം

പിഡോവും തമ്മിൽ നടന്ന കൂടിക്കാഴ്ച ഈ വസ്തുതയെ സ്ഥിരീകരിക്കുകയാണു് ചെയ്തതു്. അമേരിക്കയിൽനിന്നു മടങ്ങുന്നവഴി പ്രസിഡണ്ടു് പോംപിഡോവിനെ കാണാനുള്ള എൽ. ഐ. ബ്രെഷ്നേവിൻെറ തീരുമാനത്തെ യു. എസ്. എസ്. ആറും ഫ്രാൻസും തമ്മിലുള്ള സൌഹാർദ്ദ-വാണിജ്യബന്ധങ്ങൾ കൂടുതൽ ഊട്ടിയുറപ്പിക്കുന്നതിൻെറ പ്രാധാന്യം എത്രമാത്രമുണ്ടെന്നതിന്നു് തെളിവായിട്ടാണു് പല നിരീക്ഷകന്മാരും കാണുന്നതു്. യൂറോപ്പിലെ രാഷ്ട്രീയകാലാവസ്ഥ മെച്ചപ്പെടുന്നതിഷ്ടപ്പെടാത്ത പിന്തിരിപ്പൻ ശക്തികൾ പലതരത്തിലുള്ള ദുഷിച്ച പ്രചാരവേലകളും നടത്തുന്നുണ്ടു് സോവിയററുയൂണിയനും അമേരിക്കയും ചേർന്നു് മൂന്നാം രാജ്യങ്ങൾക്കെതിരെ (ഇതിൽ യൂറോപ്യൻരാജ്യങ്ങളും പെടും) ഗൂഢാലോചന നടത്തുകയാണെന്ന അവരുടെ പ്രചാരവേലയെ പൊളിക്കാൻ ഈ കൂടിക്കാഴ്ചയ്ക്കു കഴിഞ്ഞിട്ടുണ്ടു്. ഏതായാലും, എല്ലാ രാജ്യങ്ങളുമായും, ഏതു സാമൂഹ്യവ്യവസ്ഥയിൽ കഴിയുന്നതായാലും കൊള്ളാം, സമാധാനത്തോടെ സഹവർത്തിക്കുകയെന്ന ലെനിനിസ്റ്റു് നയത്തോടു് സോവിയററുയൂണിയനുള്ള അചഞ്ചലമായ കൂറ് എത്രയുണ്ടെന്നു് ബ്രെഷ്നേവ്-പോംപിഡു കൂടിക്കാഴ്ചയുടെ ഫലങ്ങൾ വ്യക്തമാക്കുന്നുണ്ടു്.

1971 ഒക്ടോബറിൽ ബ്രഷ്നേവിൻെറ ഫ്രാൻസ്സന്ദർശനവേളയിൽ അംഗീകരിച്ച സോവിയററ്-ഫ്രഞ്ച് വിജ്ഞാപനത്തിൽ ഇരുരാജ്യങ്ങളും പ്രധാനപ്പെട്ട മിക്ക സാർവ്വദേശീയ പ്രശ്നങ്ങളിലും സദൃശമായ നിലപാടുകളാണു് കൈക്കൊള്ളുന്നതെന്നു് സംതൃപ്തിയോടെ ചൂണ്ടിക്കാട്ടിയിട്ടുണ്ടു്. മാത്രമല്ല, എല്ലാ മേഖലകളിലും, പ്രത്യേകിച്ചു് രാഷ്ട്രീയമേഖലയിൽ, സോവിയററ്-ഫ്രഞ്ച് സഹകരണം കൂടുതൽ ആഴത്തിൽ ഉറപ്പിക്കുന്നതിന്നു് അവർ തീരുമാനിക്കുകയും ചെയ്തു. അങ്ങിനെ ബ്രഷ്നേവിൻെറ സന്ദർശനക്കാലത്തുണ്ടാക്കിയ കരാറുകളുടെ അടിസ്ഥാനത്തിൽ ഇരു രാഷ്ട്രങ്ങളും തമ്മിലുള്ള ബന്ധങ്ങൾ സമാധാനം ശക്തിപ്പെടുത്തുന്നതിൽ പ്രധാനപ്പെട്ട ഘടകമായിരുന്നു. സോവിയററ്-ഫ്രഞ്ച് വിജ്ഞാപനത്തിൽ ഊന്നിപ്പറഞ്ഞതുപോലെ, ''സമാധാനസേവനത്തിന്നുവേണ്ടി ഉഴിഞ്ഞുവെച്ചിട്ടുള്ള സോവിയററ്-ഫ്രഞ്ച് സഹകരണത്തിന്നും ഐക്യത്തിന്നും ഈ സന്ദർശനം പുതിയ ആവേശം നൽകുന്നതാണു്.''

സോവിയററ് കമ്യൂണിസ്റ്റ്പാർട്ടി ജനറൽ സിക്രട്ടറി എൽ. ഐ. ബ്രഷ്നേവും ഫ്രഞ്ച് പ്രസിഡണ്ടു് പോംപിഡോവും തമ്മിലുള്ള കൂടിക്കാഴ്ചകൾ 1973 ജനവരിയിലും ജൂണിലും നടക്കുകയുണ്ടായി. ഈ കൂടിക്കാഴ്ചകൾ വ്യത്യസ്ത സാമൂഹ്യവ്യവസ്ഥകളുള്ള രാഷ്ട്രങ്ങൾ തമ്മിലുള്ള സമാധാനപരമായ സഹവർത്തിത്വമെന്ന തത്വത്തെ കൂടുതലായി അരക്കിട്ടുറപ്പിച്ചു. യൂറോപ്പിൽ സംഘർഷം ലഘൂകരിക്കാനും സമാധാനം ശക്തിപ്പെടുത്താനും അവ സഹായിച്ചിട്ടുണ്ടു്. അതുപോലെ, ഐക്യത്തിൻെറയും സഹകരണത്തിൻെറയും നയം സോവിയററ്-ഫ്രഞ്ച് കൂട്ടുകെട്ടിൻെറ സ്ഥി

രമായ നയമായി തുടരുമെന്നും അത് സാർവ്വദേശീയരംഗത്തു് അധികമധികം പ്രാമുഖ്യം നേടിവരികയാണെന്നുമുള്ള സോവിയററ്-ഫ്രഞ്ച് വിജ്ഞാപനത്തിലെ പ്രഖ്യാപനം വളരെ പ്രാധാന്യമർഹിക്കുന്നു.

യു. എസ്. എസ്. ആറിന്റെ 50-ാം വാർഷികത്തെ സംബന്ധിച്ച് ലിയനിദ് ബ്രഷ്നേവ് ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു:

''സോവിയററ് യൂണിയന്റെയും സഹോദര സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടെയും കരുത്തും സ്വാധീനവും വർദ്ധിക്കുന്നതോടുകൂടി, നമ്മുടെ സമാധാനനയം കൂടുതൽ സജീവമാകുന്നതോടുകൂടി, പുരോഗമനപരമായ മററു സുപ്രധാനസംഭവങ്ങൾ ആധുനികലോകത്തു് വിജയപ്രദമായി പ്രത്യക്ഷപ്പെട്ടുതുടങ്ങിയതോടുകൂടി, പല മുതലാളിത്തരാഷ്ട്രങ്ങളുടേയും നയങ്ങളിൽ യാഥാർത്ഥ്യബോധത്തിന്റെ ലക്ഷണങ്ങൾ അധികമധികം വ്യക്തമായിക്കൊണ്ടിരിക്കുന്നുണ്ട്. ആദ്യമായും ഏററവും പ്രധാനമായും ഫ്രാൻസിലാണു് ഇതു് ദൃശ്യമായതു്. ആ രാഷ്ട്രത്തിന്റെ നേതാക്കന്മാരായ പ്രസിഡണ്ട് ഡിഗാളും തുടർന്നു് പ്രസിഡണ്ട് പോംപിഡോവും കുറച്ചു വർഷങ്ങൾക്കുമുമ്പു് സോവിയററ് യൂണിയനുമായും മററു സോഷ്യലിസ്റ്റു് രാജ്യങ്ങളുമായും പരസ്പരനന്മയുടെ അടിസ്ഥാനത്തിലുള്ള സഹകരണത്തിന്നുവേണ്ടി സുവ്യക്തമായ നടപടികൾ സ്വീകരിക്കുകയുണ്ടായി. ജർമ്മൻ ഫെഡറൽ റിപ്പബ്ലിക്കിന്നും ഇതു് ബാധകമാണു്. ചാൻസലർ ബ്രാൻഡിന്റെ നേതൃത്വത്തിലുള്ള അവിടുത്തെ ഗവർമ്മേണ്ടിന്റെ യാഥാർത്ഥ്യബോധത്തോടുകൂടിയ വിദേശനയം യൂറോപ്പിന്റെ സ്ഥിതിഗതികളിൽ ഗണ്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. അമേരിക്കൻ വിദേശനയത്തെ കാലാകാലമായി ബാധിച്ചിരുന്ന ശീതയുദ്ധ വരട്ടുസിദ്ധാന്തത്തിൽനിന്നു് വിട്ടകലാനുള്ള ആ രാജ്യത്തിന്റെ സന്നദ്ധതയുടെ പശ്ചാത്തലത്തിൽ അമേരിക്കയിലും ഈ മാററം കാണാവുന്നതാണ്.

''മറെറാരുവിധത്തിൽ പറഞ്ഞാൽ നമ്മുടെ അടിപതറാത്ത സമാധാനനയവും അതിൽനിന്നുത്ഭവിക്കുന്ന എല്ലാ സ്ഥിതിവികാസങ്ങളും സോഷ്യലിസ്റ്റ് രാജ്യങ്ങളുമായി സമാധാനപരമായ സഹവർത്തിത്വത്തിൽ കഴിയേണ്ടതിന്റെ ആവശ്യകത മുതലാളിത്തലോകത്തെക്കൊണ്ട് ക്രമേണ അഗീകരിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

പരസ്പരബന്ധങ്ങളുടെ മൌലികപ്രമാണങ്ങളുൾക്കൊള്ളുന്ന ഒരു രേഖയിൽ 1972 മേയ് 29-ാംനു- യു. എസ്. എസ്. ആറും അമേരിക്കയും തമ്മിലൊപ്പുവെയ്ക്കുകയുണ്ടായി. ആ രേഖയിലും സമാധാനപരമായ സഹവർത്തിത്വമെന്ന ആശയത്തിന്നംഗീകാരം നൽകിയിട്ടുണ്ട്. മോസ്കോവിൽവെച്ച് എൽ. ഐ. ബ്രഷ്നേവും പ്രസിഡണ്ട് നിക്സനും അവയിൽ ഒപ്പുവെച്ചു. ''അണുയുഗത്തിൽ സമാധാനപരമായ സഹവർത്തിത്വത്തിന്റെ അടിസ്ഥാനത്തിലല്ലാതെ പരസ്പരബന്ധങ്ങൾ വളർത്തിക്കൊണ്ടുവരാൻ സാദ്ധ്യമല്ലെന്ന ഉറച്ച അഭിപ്രായം'' ഇരു രാഷ്ട്രങ്ങ

ളും ദൃഢമായി പ്രഖ്യാപിച്ചു. പരമാധികരത്തിന്റെയും തുല്യതയുടേയും, ആഭ്യന്തരകാര്യങ്ങളിൽ അന്യോന്യം ഇടപെടാതിരിക്കലിന്റെയും പരസ്പരനന്മയുടെയും അടിസ്ഥാനത്തിൽ ഇരു രാഷ്ട്രങ്ങളുടെയും സാധാരണബന്ധങ്ങൾ വികസിപ്പിക്കുന്നതിന്നു് ആശയസംഹിതകളുടെയും സാമൂഹ്യവ്യവസ്ഥകളുടെയും അന്തരം ഒരു പ്രതിബന്ധമാവുകയില്ലെന്നു് വ്യക്തമാക്കപ്പെട്ടിട്ടുണ്ടു്. അതുപോലെ ഇരു രാഷ്ട്രങ്ങളും തമ്മിൽ തുല്യതയുടെ അടിസ്ഥാനത്തിലും ബലപ്രയോഗവും ബലപ്രയോഗഭീഷണിയും മററും പാടെ നിരാകരിക്കുന്നതിന്റെ അടിസ്ഥാനത്തിലും പരസ്പരബന്ധങ്ങൾ ശക്തിപ്പെടുത്തിയാൽ മാത്രമെ സോവിയററ് യൂണിയന്റെയും അമേരിക്കയുടെയും താല്പര്യസംരക്ഷണം തടസ്സം കൂടാതെ നടക്കുകയുള്ളുവെന്നു് രേഖയിൽ വ്യക്തമാക്കിയിട്ടുണ്ടു്. അങ്ങിനെ സോവിയററ് യൂണിയനും അമേരിക്കയും തമ്മിൽ എല്ലാ മേഖലകളിലും ബന്ധങ്ങളും സഹകരണവും, ഉറച്ചതും ശാശ്വതവുമായ ഒരടിത്തറയിൽ പടുത്തുയർത്തുന്നതിന്നാവശ്യമായ സാർവ്വദേശീയനിയമവ്യവസ്ഥയുടേതായ മുന്നുപാധികൾ സൃഷ്ടിക്കാൻ പരസ്പരബന്ധങ്ങൾക്കുള്ള മൌലികപ്രമാണങ്ങൾക്കു് കഴിഞ്ഞിട്ടുണ്ടു്. മററു രാഷ്ട്രങ്ങൾക്കൊന്നും ഇതുമൂലം യാതൊരു ഹാനിയും സംഭവിക്കുന്നുമില്ല. ഈ പ്രമാണങ്ങൾ ഇരു രാഷ്ട്രങ്ങളും തുടച്ചയായി പ്രാവർത്തികമാക്കുകയാണെങ്കിൽ അവ തമ്മിലുള്ള സാധാരണ ബന്ധങ്ങൾ ശക്തിപ്പെടുമെന്നുമാത്രമല്ല സാർവ്വദേശീയബന്ധങ്ങളാകെ അതുമൂലം മെച്ചപ്പെടുകയും ചെയ്യും. തങ്ങളുടെ പരസ്പരബന്ധങ്ങൾക്കുള്ള മൌലികപ്രമാണങ്ങൾ സോവിയററ്യൂണിയനും അമേരിക്കയും ചേർന്നു യോജിച്ചു് ആവിഷ്ക്കരിച്ചിട്ടുണ്ടു്. അണുയുഗത്തിൽ സമാധാനപരമായ സഹവർത്തിത്വത്തിന്റെ അടിസ്ഥാനത്തിൽ പരസ്പരബന്ധങ്ങൾ നിലനിർത്തുകയാല്ലാതെ വേറെ പോം വഴിയൊന്നുമില്ലെന്നു് ഇരുരാഷ്ട്രങ്ങളും വിശ്വസിക്കുന്നു. ഈ വിശ്വാസമാണ് സോവിയററ്-അമേരിക്കൻ കരാറിന്റെ പിന്നിലുള്ളതു്. പുതിയ സാഹചര്യത്തിൽ സോവിയററ്-അമേരിക്കൻ ബന്ധങ്ങളുടെ വളർച്ചയ്ക്കാവശ്യമായ മൌലികവ്യവസ്ഥകളെന്തെല്ലാമാണെന്നു് കരാറിൽ എടുത്തുകാട്ടിയിട്ടുണ്ടു്.

1972-ൽ സോവിയററു് നേതാക്കന്മാരും അമേരിക്കൻ പ്രസിഡണ്ടും തമ്മിൽ നടന്ന കൂടിക്കാഴ്ച ഇരുരാഷ്ട്രങ്ങളും തമ്മിലുള്ള ബന്ധങ്ങളുടെ വളർച്ചയ്ക്കു് സഹായകമായ ഒരു അതിപ്രധാനഘട്ടത്തെ കുറിച്ചു.

ഭൂഖണ്ഡാന്തരവാണത്തിന്റെ പ്രയോഗത്തെ നിയന്ത്രിക്കുന്നതിന്നുള്ള ഒരു ഉടമ്പടിയും തന്ത്രപ്രധാനമായ ആയുധങ്ങളുടെ പ്രയോഗം പരിമിതപ്പെടുത്തുന്നതിന്നുള്ള ഒരു കരാറും സോവിയററു് യൂണിയനും അമേരിക്കയും തമ്മിൽ ഒപ്പുവെയ്ക്കുകയുണ്ടായി. അണുവായുധങ്ങൾ നിലവിൽ വന്നതിന്നു ശേഷം ഇതുപോലെ സാർവ്വദേശീയാടിസ്ഥാനത്തിലുള്ള രേഖകൾ പ്രത്യക്ഷപ്പെടുന്നതു് ആദ്യമായിട്ടാണു്. ലോകത്തിലെ ഏററവും വലിയ രണ്ടു സൈനി

കശക്തികളുടെ അണ്വായുധശേഖരങ്ങളുടെ അളവ് പരിമിതപ്പെടുത്തുന്നതിലൂടെ ആയുധപ്പന്തയം തടഞ്ഞുനിർത്താനും പൊതുനിരായുധീകരണപ്രശ്നത്തിന്ന് പരിഹാരം കണ്ടുപിടിക്കാനും കൂട്ടലായി നടപടികൾ സ്വീകരിക്കാൻ വേണ്ട സാഹചര്യം സൃഷ്ടിക്കപ്പെടുന്നു. "ഭൂഖണ്ഡാന്തരവാണങ്ങളുടെ ഫലപ്രദമായ നിയന്ത്രണം തന്ത്രപ്രധാനമായ ആയുധങ്ങളുടെ പന്തയത്തെ ഒതുക്കിനിർത്തുന്നതിന്ന് അത്യധികം സഹായകമായിത്തീരുന്നതിനാൽ അണ്വായുധങ്ങളുപയോഗിച്ചുകൊണ്ടുള്ള യുദ്ധം പൊട്ടിപ്പുറപ്പെടുകയെന്ന വിപത്ത് കുറഞ്ഞുവരു"മെന്ന് കരാറിൻെറ ആമുഖത്തിൽ ചൂണ്ടിക്കാട്ടിയിരിക്കുന്നു. അതേ സമയം, അണ്വായുധപ്പന്തയം അവസാനിപ്പിക്കാനും കഴിയുംവേഗം തന്ത്രപ്രധാനമായ ആയുധങ്ങളുടെ ഉപയോഗം കുറയ്ക്കാനും അതുവഴി അണ്വായുധങ്ങളുടേതടക്കമുള്ള പൊതുനിരായുധീകരണം സാധിക്കുവാനും ഉള്ള ഉദ്ദേശം പ്രഖ്യാപിച്ചുകൊണ്ട് കരാറിലൊപ്പുവെച്ച രാഷ്ട്രങ്ങൾ അതിൻെറ ആമുഖത്തിൽ, അണ്വായുധവ്യാപനനിരോധനക്കരാറിലെ 11-ാംവകുപ്പനുസരിച്ചുള്ള തങ്ങളുടെ ബാദ്ധ്യതകളെടുത്തുപറയുന്നുണ്ട് എന്നത് ശ്രദ്ധേയമാണ്. ഇതു് കാണിക്കുന്നത് ഉടമ്പടിയും കരാറും തമ്മിൽ ബന്ധമുണ്ടെന്നും അവയ്ക്ക് പൊതുലക്ഷ്യമാണുള്ളതെന്നുമാണ്. "തന്ത്രപ്രധാനമായ ആയുധങ്ങളുടെ പ്രയോഗം പരിമിതപ്പെടുത്തുന്നതിന്ന് കരാറിലൊപ്പുവെക്കുന്ന രാഷ്ട്രങ്ങൾ സജീവമായ കൂടിയാലോചനകൾ തുടർന്നു നടത്തുമെന്ന് വാഗ്ദത്തം ചെയ്യുന്നു" (11-ാം വകുപ്പ്). കരാറിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്നു പരിശോധിക്കുന്നതിന്നു നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വിധാനങ്ങൾ തികച്ചും ദേശീയമായി സംവിധാനം ചെയ്യപ്പെട്ടവയായിരിക്കുമെന്നത് ഒരു പ്രധാനസംഗതിയാകുന്നു. ഈ സജ്ജീകരണത്തിൻെറ ഉയർന്ന സാങ്കേതിക നിലവാരമാണിതു് വ്യക്തമാക്കുന്നത്. ഉമ്പടിയുടെ ലക്ഷ്യങ്ങൾ നേടുന്നതിന്നും അതിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന്നും അതിലെ കക്ഷികൾ ഒരു സ്ഥിരം കൂടിയാലോചനാസമിതി (വകുപ്പ് 13) രൂപീകരിക്കേണ്ടതിൻെറ ആവശ്യകത അംഗീകരിച്ചിട്ടുണ്ട്. ഉടമ്പടിയ്ക്ക് കാലപരിധിയൊന്നും നിശ്ചയിച്ചിട്ടില്ല.

ഉടമ്പടിയോടൊന്നിച്ചുതന്നെയാണ്, തന്ത്രപ്രധാനമായ ആയുധങ്ങൾ പരിമിതപ്പെടുത്തുന്നതിന്നുള്ള കരാറും ഒപ്പുവെച്ചത്. ഇരുകക്ഷികൾക്കും തുല്യനിലയിൽ സുരക്ഷിതത്വമുണ്ടാകണമെന്നും ഒരു കക്ഷിക്ക് മറ്റൊരു കക്ഷിയെയപേക്ഷിച്ച് എന്തെങ്കിലും മെച്ചം അനുവദിക്കുകയില്ലെന്നുമുള്ള തത്വത്തിൻെറ അടിസ്ഥാനത്തിലാണ് സോവിയററ്യൂണിയനും അമേരിക്കയും തമ്മിൽ കരാറുണ്ടാക്കിയിട്ടുള്ളത്. അണുകനിരായുധീകരണത്തെ സംബന്ധിച്ച് നിലവിലുള്ള അംഗീകൃതമാനകങ്ങളെ കുറെക്കൂടി പുഷ്ടിപ്പെടുത്തുവാൻ ഉടമ്പടിയും കരാറും സഹായിക്കുന്നു. അവ അടിസ്ഥടി വികാസം പ്രാപിക്കുന്നുണ്ടെന്നും സമ്പുഷ്ടമായിത്തീരുന്നുണ്ടെന്നും ഇതു തെളിയിക്കുന്നു. ഇത്തരം സാർവ്വദേശീയനിയമരേഖകൾ വളരെ പ്രാധാന്യമർഹിക്കുന്നുണ്ട്. സോവിയററ് യൂണിയൻെറയും അമേരി

ക്കയുടെയും ഒരു ലക്ഷ്യം, യുദ്ധം പൊട്ടിപ്പുറപ്പെടുകയെന്ന വിപത്ത് കുറയ്ക്കുക എന്നതാണെന്ന് അവ സ്ഥിരീകരിക്കുന്നു; മാത്രമല്ല, സ്വന്തം പ്രായോഗികനടപടികളിൽ ഇരുരാജ്യങ്ങളേയും നയിക്കുന്നതു് ആ ലക്ഷ്യമാകുന്നുവെന്നും പ്രസ്തുത രേഖകൾ എടുത്തുകാട്ടുന്നു.

തന്ത്രപ്രധാനായുധനിയന്ത്രണത്തിന്നുള്ള സോവിയററ്-അമേരിക്കൻ കരാറുകൾ പരസ്പരം ഗുണകരമാണ്. അവ മററു രാഷ്ട്രങ്ങളുടെ താല്പര്യങ്ങൾക്ക് ദോഷകരമല്ല. എന്നു മാത്രമല്ല, സോവിയററ് യൂണിയൻെറയും അമേരിക്കയുടെയും മാത്രം താല്പര്യങ്ങളെയല്ല അവ സേവിക്കുന്നതു്; മനുഷ്യരാശിയുടെയാകെ താല്പര്യത്തെയാണ്. കാരണം അവ അണ്വായുധഭീഷണി ഇല്ലായ്മചെയ്യാനും സാർവ്വദേശീയ സുരക്ഷിതത്വം ശക്തിപ്പെടുത്താനും ആണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. അങ്ങിനെ, അണ്വായുധപ്പന്തയത്തിന്നു് കടിഞ്ഞാണിടാനും നിരായുധീകരണം സാദ്ധ്യമാക്കാനുമുള്ള ഒരു സുപ്രധാന കാൽവയ്പായിപരിണമിച്ചിരിക്കുകയാണ് അവ.

''ഭൂഖണ്ഡാന്തരബാണനിരോധനത്തേയും തന്ത്രപ്രധാനായുധനിയന്ത്രണത്തേയും സംബന്ധിച്ച സോവിയററ്-അമേരിക്കൻ കരാറുകൾ ഫലത്തിൽ ആധുനികവും ഏററവും ശക്തിയുള്ളതുമായ ആയുധങ്ങൾക്ക് എണ്ണത്തിൽ ഒരു പരിമിതി നിർണ്ണയിക്കുവാൻ ചരിത്രത്തിലാദ്യമായി നടക്കുന്ന ഒരു ശ്രമമാണ്'' എന്നത്രെ യു. എസ്. എസ്. ആറിൻെറ 50-ാം വാർഷികം ആഘോഷിക്കുന്നതിന്നു ചേർന്ന യോഗത്തിൽ എൽ. ഐ. ബ്രഷ്നേവ് പ്രസ്താവിച്ചതു്. ''പക്ഷെ ഇവിടംകൊണ്ടവസാനിപ്പിക്കുവാൻ നാം തയ്യാറില്ല. മോസ്ക്കോവിൽ വെച്ചുണ്ടാക്കിയ ധാരണ ശക്തിപ്പെടുത്തുകയും വികസിപ്പിക്കുകയും വേണം. ഇക്കാര്യത്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സംഭാഷണങ്ങളുടെ ഒരു ലക്ഷ്യം താല്ക്കാലികക്കരാറിനെ ഒരു സ്ഥിരം കരാറാക്കിമാററാനുള്ള വഴി കാണുകയെന്നതാണ്. തുടർന്നു്, ആയുധങ്ങൾ പരിമിതപ്പെടുന്നതിൽ നിന്നു് അവ വെട്ടിക്കുറയ്ക്കുന്ന പതനത്തിലേക്ക് എങ്ങിനെ നീങ്ങാമെന്നു് ചിന്തിക്കുന്നതും നന്നായിരിക്കും. അതുപോലെ ആയുധങ്ങളുടെ ഗുണപരമായ വികാസത്തിന്നു് കടിഞ്ഞാണിടാനും എന്തെങ്കിലും മാർഗ്ഗം കണ്ടുപിടിക്കേണ്ടിയിരിക്കുന്നു.''

സോവിയററ്-അമേരിക്കൻ കൂടിയാലോചനകളുടെ ഫലമായി ഒട്ടേറെ കരാറുകളുണ്ടായിട്ടുണ്ട്. അവ നടപ്പാക്കുന്നതോടെ ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതിയ്ക്കു് നല്ല ഉത്തേജനം ലഭിക്കുന്നതാണ്. അന്തരീക്ഷസംരക്ഷണം, സമാധാനപരമായ ഗവേഷണം, ബഹിരാകാശപര്യവേക്ഷണം, ശാസ്ത്രം, സാങ്കേതികവിദ്യ, ഔഷധം, പൊതുജനാരോഗ്യം എന്നീ രംഗങ്ങളിലെ സഹകരണം, കടലിലും കടലിന്നുമീതെയുള്ള ആകാശത്തിലും അനിഷ്ടസംഭവങ്ങൾ തടയൽ എന്നീ ആവശ്യങ്ങൾക്കായി കൂട്ടായി ശ്രമങ്ങൾ നടത്താൻ അവ വ്യവസ്ഥ ചെയ്യുന്നു.

വ്യാപാരരംഗത്തും അതുമായി ബന്ധപ്പെട്ട മേഖലകളിലും പരസ്പരനന്മയുടെ അടിസ്ഥാനത്തിൽ ബന്ധങ്ങൾ വളർത്തുന്നതിന്നു്

ഇരു രാജ്യങ്ങളും ചേൎന്ന് ഒരു സംയുക്തവ്യാപാരകമ്മീഷൻ രൂപീകരിക്കാൻ തീരുമാനിച്ചു. ഈ സംഘടനയുടെ പ്രവൎത്തനം മൂലം സാധാരണ അംഗീകരിച്ചിട്ടുള്ള സാൎവ്വദേശീയ വ്യാപാരരീതിയനുസരിച്ച് പരസ്പരതാല്പര്യങ്ങൾക്കനുയോജ്യമായ വിധത്തിൽ സാമ്പത്തികബന്ധങ്ങൾ സ്ഥാപിക്കുവാനും അവ വികസിപ്പിക്കുവാനും സഹായിക്കുന്ന നടപടികൾ ഇരുരാഷ്ട്രങ്ങൾക്കും സ്വീകരിക്കാൻ കഴിയുമെന്നാണ് വിശ്വസിക്കപ്പെടുന്നത്.

1973 ജൂൺ 18-25 തിയ്യതികളിൽ സോവിയററ് കമ്യൂണിസ്റ്റ് പാൎട്ടി കേന്ദ്രക്കമ്മിററി ജനറൽ സിക്രട്ടറി എൽ. ഐ. ബ്രഷ്നേവ് അമേരിക്കയിൽ ഔദ്യോഗികസന്ദൎശനം നടത്തിയതു് ലോകം മുഴുവൻ ആകാംക്ഷയോടെ വീക്ഷിച്ചുകൊണ്ടിരുന്നു. സന്ദൎശനവേളയിൽ, 1972 മേയ്മാസത്തിലെ സോവിയററ്-അമേരിക്കൻ ഉന്നതതലസമ്മേളനത്തിനു ശേഷം ഇരുരാജ്യങ്ങളും തമ്മിൽ വികസിക്കാൻ തുടങ്ങിയ ബന്ധങ്ങളെക്കുറിച്ചാണ് ചൎച്ചചെയ്തതു്. അമേരിക്കയും സോവിയററ് യൂണിയനും തമ്മിലുണ്ടാക്കിയ പരസ്പരബന്ധങ്ങൾക്കുള്ള മൌലികപ്രമാണങ്ങൾ വിഭാവനം ചെയ്യുന്നതുപോലെ, ഈ ബന്ധങ്ങളെ, സമാധാനപരമായ സഹവൎത്തിത്വത്തിന്റെയും തുല്യമായ സുരക്ഷിതത്വത്തിന്റെയും അടിസ്ഥാനത്തിൽ പുനരാവിഷ്കരിച്ചതിന്റെ ഫലമായി ഇരുകക്ഷികളും സോവിയററ്-അമേരിക്കൻ ബന്ധങ്ങൾ കാര്യമായി മെച്ചപ്പെടുത്തുവാൻ സന്നദ്ധത പ്രകടിപ്പിച്ചുവെന്ന് സംയുക്തപ്രഖ്യാപനത്തിൽ എടുത്തുപറഞ്ഞിരിക്കുന്നു. അങ്ങിനെ ഇരുകക്ഷികളും "ഈ ബന്ധങ്ങൾക്ക് പരമാവധി സുസ്ഥിരത കൈവരുത്തുന്നതിന്ന് കൂടുതൽ സുപ്രധാന നടപടികൾ സ്വീകരിക്കാനും ഇരു ജനതകളും തമ്മിലുള്ള സൌഹാൎദ്ദത്തിന്റെയും സഹകരണത്തിന്റെയും വികാസത്തെ ലോകസമാധാനത്തിന്നുള്ള ഒരു ശാശ്വതഘടകമാക്കി മാററാനും തീരുമാനിച്ചിരിക്കുകയാണ്."

സന്ദൎശനവേളയിൽ നടന്ന രചനാത്മകമായ സംഭാഷണങ്ങളുടെ ഫലമായി സോവിയററ് യൂണിയനും അമേരിക്കയും തമ്മിൽ സഹകരിക്കാവുന്ന മേഖലകൾ ഏതെല്ലാമെന്ന് നിശ്ചയിക്കുന്ന ഒമ്പതു കരാറുകളിൽ ഇരുകൂട്ടരും ഒപ്പുവെയ്ക്കുകയുണ്ടായി. ഇതിൽ ചില കരാറുകൾ പരസ്പരബന്ധങ്ങളുടെ ചട്ടക്കൂടും വ്യാപ്തിയും തിട്ടപ്പെടുത്തി; മററുള്ളവ ലോകസംഭവങ്ങളെ സ്പൎശിക്കുന്നവയായിരുന്നു.

ജനറൽ സിക്രട്ടറി ബ്രഷ്നേവും പ്രസിഡണ്ട് നിക്സനും ഒപ്പുവെച്ച രേഖകളിൽ ഏററവും പ്രധാനപ്പെട്ടതു് സാൎവ്വദേശീയ സുരക്ഷിതത്വം വളൎത്തുന്നതും എല്ലാററിലുമുപരി അണ്വായുധയുദ്ധം തടയുന്നതുംസംബന്ധിച്ച കരാറുകളായിരുന്നു. സോവിയററ് യൂണിയന്നും അമേരിക്കക്കും മാത്രമല്ല, ലോകത്തെല്ലാ രാഷ്ട്രങ്ങൾക്കും അവ പ്രധാനപ്പെട്ടവതന്നെ. ഈ രേഖയിൽ ഇങ്ങിനെ പറയുന്നു:

"അണുകയുദ്ധത്തിന്റെ വിപത്തു നീക്കുകയും അണ്വായുധങ്ങളുടെ പ്രയോഗം തടയുകയും ആണ് തങ്ങളുടെ നയങ്ങളുടെ ഒരു

ഉദ്ദേശമെന്ന കാര്യത്തിൽ സോവിയററ് യൂണിയനും അമേരിക്കയും യോജിക്കുന്നു.

''അതിനാൽ തങ്ങൾക്കിടയിൽ അണ്വായുധയുദ്ധം പൊട്ടിപ്പുറപ്പെടുന്നതു കൂടാതെ കഴിക്കാനും തങ്ങളും മററു രാഷ്ട്രങ്ങളുമായി അത്തരമൊരു യുദ്ധം സംഭവിക്കാതിരിക്കാനും തക്കവണ്ണം തങ്ങളുടെ ബന്ധങ്ങളിൽ ആപൽക്കരമായി എന്തെങ്കിലും സംഭവിക്കുന്നതു തടയുവാൻ വേണ്ടതു് ചെയ്യുമെന്നു് ഇരുകക്ഷികളും സമ്മതിക്കുന്നു.''1

അങ്ങിനെ തങ്ങൾതമ്മിലും മററുള്ള രാജ്യങ്ങൾക്കെതിരായും അണ്വായുധങ്ങൾ പ്രയോഗിക്കുകയില്ലെന്നു് ലോകത്തിലെ ഏററവും വലിയ അണ്വായുധരാഷ്ട്രങ്ങൾ വാഗ്ദത്തം ചെയ്തിരിക്കുന്നു.

അണ്വായുധയുദ്ധം തടയുന്നതിന്നുള്ള കരാറനുസരിച്ചു് ''ഓരോ കക്ഷിയും മറേറ കക്ഷിക്കെതിരായും മററു കക്ഷിയുടെ സഖ്യരാഷ്ട്രങ്ങൾക്കെതിരായും മററു രാഷ്ട്രങ്ങൾക്കെതിരായും, ലോകസമാധാനവും സുരക്ഷിതത്വവും അപകടപ്പെടുത്തുമാറ്, ബലപ്രയോഗം നടത്തുകയോ ബലപ്രയോഗഭീഷണി പുറപ്പെടുവിക്കുകയോ ചെയ്യുകയില്ലെന്നു്''2 സമ്മതിച്ചിരിക്കുന്നു. അങ്ങിനെ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളും സോവിയററ് യൂണിയനും ഏതൊരു തത്വത്തിന്നു വേണ്ടിയാണോ ഇത്രയും കാലമായി സമരം ചെയ്തിരുന്നത്, ഉഭയകക്ഷിക്കരാറുകളിലും ബഹുകക്ഷിക്കരാറുകളിലുമായി ഏതൊരു തത്വമുൾപ്പെടുത്തുവാൻ വേണ്ടിയാണൊ അവ വിജയകരമായി ശ്രമിച്ചിരുന്നതു്, ആ തത്വം നിയമപരമായി പ്രാബല്യത്തിൽ വന്നിരിക്കുന്നു. സാർവ്വദേശീയ ബന്ധങ്ങളിൽ ബലപ്രയോഗം നിരോധിക്കുന്നതിന്നും അണ്വായുധങ്ങളുടെ ഉപയോഗം സ്ഥിരമായി നിരോധിക്കുന്നതിന്നുമുള്ള 27-ാം ഐ. രാ. പൊതുസഭയുടെ പ്രമേയം ഇതിന്നു ദൃഷ്ടാന്തമാണു്.

യു. എസ്. എസ്. ആറും അമേരിക്കയും യോജിച്ചു് ഉറപ്പിച്ച തത്വങ്ങളോടു് യോജിച്ചുപോകാൻ മററു രാഷ്ട്രങ്ങൾ സന്നദ്ധത പ്രകടിപ്പിച്ചതിൽ സോവിയററ് കമ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രക്കമ്മിററിയും പ്രിസീഡിയവും മന്ത്രിസഭയും എൽ. ഐ. ബ്രഷ്നേവിൻെറ അമേരിക്കൻ സന്ദർശനഫലങ്ങളെ അധികരിച്ചംഗീകരിച്ച പ്രമേയങ്ങൾ വഴി സംതൃപ്തി പ്രകടിപ്പിച്ചിരിക്കുന്നു. ബലപ്രയോഗം നിരോധിക്കുവാനും അണുകയുദ്ധം പൊട്ടിപ്പുറപ്പെടുന്നതു് തടയാൻ സുശക്തമായ നടവടികളെടുക്കുവാനും ഇരുരാഷ്ട്രങ്ങളും യോജിച്ചു തീരുമാനിച്ചിട്ടുള്ളത് സാർവ്വദേശീയ സുരക്ഷിതത്വവും ശാശ്വതസമാധാനവും ഉറപ്പിക്കുന്നതിന്നു് ഏററവുമധികം പ്രധാനപ്പെട്ട ഒരു സംഗതിയാകുന്നു.

ഏററവും നവീനവും അപ്രതിരോധ്യവുമായ ആയുധങ്ങളുടെ ഉപയോഗം ഇനിയും പരിമിതപ്പെടുത്തുന്നതിലേക്കു പുതിയ നട

---

1. സോവിയററ്-അമേരിക്കൻ ഉച്ചകോടിസംഭാഷണത്തിൻെറ രേഖകൾ, ജൂൺ 1973, മോസ്കോ, പേജ്–53
2. മുൻപറഞ്ഞ രേഖ, പേജ്–53

വടികരം കൈക്കൊണ്ടിട്ടുണ്ട് സോവിയററ്-അമേരിക്കൻ നേതാക്കരം. ''തന്ത്രപ്രധാനമായ ആയുധങ്ങരം കൂടുതലായി പരിമിതപ്പെടുത്തുന്നതിന്നു വേണ്ടി കൂടിയാലോചന നടത്തുമ്പോരം സ്വീകരിക്കേണ്ട മൌലികതത്വ''ങ്ങരം നിർദ്ദേശിക്കുന്ന രേഖയിൽ ഒപ്പുവെച്ചുകൊണ്ട് രണ്ടു രാഷ്ട്രങ്ങളും സ്ഥിരമായ കരാറിന്നു വേണ്ടി ''സജീവമായ കൂടിയാലോചനകരം'' തുടന്നു നടത്താമെന്നും സമ്മതിക്കുകയുണ്ടായി. അങ്ങിനെ അത്തരം ആയുധങ്ങരം കർശനമായി നിയന്ത്രിക്കുന്നതിന്നും പിന്നീട് വെട്ടിക്കുറയ്ക്കുന്നതിന്നും ഫലപ്രദമായ നടവടികളെടുക്കുന്നതിന്ന് സ്ഥിരമായ കരാറുകളുണ്ടാക്കുവാൻ ഇരുരാജ്യങ്ങളും സമ്മതിച്ചു. പടക്കോപ്പു പരിമിതപ്പെടുത്തുന്നതിനെ സംബന്ധിച്ച രേഖയിൽ അവയുടെ അളവിനെ സംബന്ധിച്ചു മാത്രമല്ല പറയുന്നത്, അവയുടെ ഗുണാംശത്തെക്കുറിച്ചും അതിൽ പറയുന്നുണ്ടെന്നതാണ് പ്രത്യേകം ശ്രദ്ധേയമായിട്ടുള്ളതു്.

അണ്വായുധയുദ്ധം തടയുന്നതിന്നുള്ള കരാർ ''സോവിയററ്-അമേരിക്കൻ ബന്ധങ്ങളിൽ ചരിത്രപ്രധാനമായ ഒരു ഘട്ടത്തെയാണ് കുറിക്കുന്നതെന്നും സാർവ്വദേശീയ സുരക്ഷിതത്വത്തിൻെറ അടിത്തറയെ അത് ഗണ്യമായി ശക്തിപ്പെടുത്തുന്നുണ്ടെന്നും'' എൽ. ഐ. ബ്രഷ്നേവും ആർ. നിക്സനും കൂട്ടായി പുറപ്പെടുവിച്ച സംയുക്ത പ്രഖ്യാപനത്തിൽ പറഞ്ഞിരിക്കുന്നു.

സംഘർഷം ലഘൂകരിക്കുന്നതിന്നായി സോവിയററ് യൂണിയനും അമേരിക്കയും തമ്മിൽ നടത്തിയ കൂടിയാലോചനകളുടെ ഗുണഫലങ്ങളാണ് മേൽപ്പറഞ്ഞ സുപ്രധാനരേഖകളിലൊപ്പുവെച്ചതും സാർവ്വദേശീയ സ്ഥിതിഗതികരം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്നു് രണ്ടു രാജ്യങ്ങളും സഹകരിക്കാമെന്നു് അവയുടെ നേതാക്കരം സമ്മതിച്ചതും.

യൂറോപ്യൻ വൻകരയിലെ അനുകൂലമായ സംഭവികാസങ്ങരം വെച്ചുകൊണ്ട് സംയുക്തവിജ്ഞാപനത്തിൽ അവർ പ്രകടിപ്പിച്ച ആഗ്രഹം ഇരുരാഷ്ട്രങ്ങളും വീണ്ടും ഊന്നിപ്രസ്താവിക്കുകയുണ്ടായി. ''യൂറോപ്പിൽ സമാധാനപരമായ ബന്ധങ്ങരം ശക്തിപ്പെടുത്തുന്നതിന്നു് തങ്ങരം കൂട്ടായും പ്രത്യേകംപ്രത്യേകമായും ശ്രമങ്ങരം തുടരുമെന്നും യൂറോപ്പിൽ ശാശ്വതസമാധാനത്തിന്നുറപ്പു ലഭിക്കുകയെന്നതാണ് തങ്ങളുടെ നയങ്ങളുടെ പരമപ്രധാനമായ ലക്ഷ്യമെന്നും'' അവർ പ്രഖ്യാപിച്ചു.

എൽ. ഐ. ബ്രഷ്നേവ് അമേരിക്ക സന്ദർശിച്ചവേളയിൽ ഇരുരാഷ്ട്രങ്ങളും തമ്മിൽ പല മേഖലകളിലും സഹകരണം വളർത്തുന്നതു സംബന്ധിച്ചും വ്യാപിപ്പിക്കുന്നതുസംബന്ധിച്ചും ധാരണകളുണ്ടായിട്ടുണ്ട്. വ്യാപാരവും സാമ്പത്തികബന്ധങ്ങളും വിപുലപ്പെടുത്തുക, അണുശക്തി സമാധാനാവശ്യങ്ങരംക്കുപയോഗിക്കുക എന്നീ കാര്യങ്ങളും കൃഷി, ലോകസമുദ്രങ്ങളുടെ പര്യവേക്ഷണം, ഗതാഗതം എന്നീ മണ്ഡലങ്ങളും ഇതിൽപെടുന്നു. സഹകരണത്തിൻെറ വ്യാപ്തിയും ഗതിയും അവരൊപ്പിട്ട കരാറുകളിൽ നിർണ്ണയിച്ചിട്ടുണ്ട്; അതതുമേഖലകളിൽ സഹകരണം ഊട്ടിയുണ്ടാക്കുന്ന

തിന്നു് സംയുക്തസംഘടനകരം രൂപീകരിക്കാനും അവയിൽ വ്യവസ്ഥയുണ്ടു്.

എൽ. ഐ. ബ്രഷ്നേവിന്റെ അമേരിക്കൽ സന്ദർശനം വ്യത്യസ്ത സാമൂഹ്യവ്യവസ്ഥകളുള്ള രാജ്യങ്ങരം തമ്മിൽ സമാധാനത്തോടെ സഹവർത്തിയ്ക്കുകയെന്ന നയത്തിന്റെ മൂർത്തമായ പ്രകടനമാകുന്നു. സോവിയററ് യൂണിയൻ ഇടതടവില്ലാതെ തുടർന്നുവന്ന ഒരു നയമാണതു്. സി. പി. എസ്. യു. വിന്റെ 24-ാം കോൺഗ്രസ്സ് അംഗീകരിച്ച സമാധാനപരിപാടി ഫലപ്രദമായിത്തീരുന്നതിലേക്കുള്ള ഒരു പ്രധാന കാൽവയ്പായി അതിനെ പരിഗണിയ്ക്കാവുന്നതാണു്.

മോസ്ക്കോവിൽ നടന്ന സോവിയററ്-അമേരിക്കൻ ഉച്ചകോടി സമ്മേളനങ്ങളും അതെതുടർന്നു് ഒപ്പുവെച്ച കരാറുകളും എല്ലാ രാജ്യങ്ങളിലെ ജനങ്ങളും സർക്കാരുകളും സ്വാഗതം ചെയ്തിട്ടുണ്ടു്.

സോവിയററ് യൂണിയനും പശ്ചിമജർമ്മനിയും തമ്മിൽ 1970 ആഗസ്റ്റ് 12-ാംനു- മോസ്ക്കോവിൽ ഒപ്പുവെച്ച ഉടമ്പടിയും സമാധാനവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിൽ ഒരു പ്രധാന പങ്കു് വഹിക്കുന്നുണ്ടു്. 1972 ജൂലൈ 3-ാംനു- ബോൺഗവമ്മെണ്ടു് അതിനെ അംഗീകരിച്ചതോടെയാണു് ഉടമ്പടി ബലത്തിൽ വന്നതു്.

യൂറോപ്പിൽ സംഘഷം വദ്ധിപ്പിക്കാൻ സമാധാനപരമായ സഹവർത്തിത്വത്തിന്റെ ശത്രുക്കരം, യുദ്ധാനന്തരം പരഹരിയ്ക്കപ്പെടാതെ കിടന്നിരുന്ന പ്രശ്നങ്ങളെ ചൂഷണം ചെയ്തിരുന്നു. ഇത്തരം പ്രശ്നങ്ങളുടെ പരിഹരണത്തിന്നു് ഈ ഉടമ്പടി സാവ്വദേശീയമായ ഒരു അടിസ്ഥാനം സൃഷ്ടിച്ചു.

അതുപോലെ സോവിയററ് യൂണിയന്റെയും പശ്ചിമജർമ്മനിയുടെയും പരസ്പരനന്മയെ ലാക്കാക്കിയുള്ള സഹകരണത്തിന്നു് രാഷ്ട്രീയവും നിയമപരവുമായ അടിത്തറ പ്രദാനം ചെയ്യുന്നുണ്ടു് ഈ ഉടമ്പടി. ഇരുരാജ്യങ്ങളുടെയും താല്പര്യങ്ങളും യൂറോപ്പിൽ സമാധാനം സ്ഥാപിക്കുകയെന്ന ലക്ഷ്യവും ഇതുമൂലം സംരക്ഷിക്കപ്പെടുന്നു. അങ്ങിനെ രണ്ടാംലോകമഹായുദ്ധത്തിന്റെ അവസാനം തൊട്ടു് സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളും മററു പുരോഗമനശക്തികളും അനവരതം നടത്തിയ പോരാട്ടങ്ങളുടെ ഫലം ഉറപ്പിക്കുന്നതാണു് ഈ ഉടമ്പടിയിലെ വ്യവസ്ഥകരം. യൂറോപ്പിൽ സമാധാനവും സുരക്ഷിതത്വവും കൈവരിക്കുക, നിലവിലുള്ള സാവ്വദേശീയനിയമത്തിന്റെയും ഐ. രാ. ചാർട്ടറിന്റെയും അടിസ്ഥാനപ്രമാണങ്ങരം പാലിക്കുക എന്നീ ആവശ്യങ്ങരംക്കുവേണ്ടിയായിരുന്നു മേൽപ്പറഞ്ഞ സമരങ്ങരം നടത്തിയിരുന്നതു്.

സാവ്വദേശീയസമാധാനവും സംഘർഷലഘൂകരണവും തങ്ങളുടെ നയങ്ങളുടെ സുപ്രധാന ലക്ഷ്യമായി ഉടമ്പടിയിലൊപ്പുവെച്ച രാജ്യങ്ങരം കരുതിപ്പോരുന്നു.

രണ്ടാംലോകമഹായുദ്ധത്തെ തുടർന്നുണ്ടായ ഭൂപരവും രാഷ്ട്രീയവുമായ യാഥാത്ഥ്യങ്ങരം കണക്കിലെടുക്കുമ്പോരം പോളിഷ് ജനകീയ റിപ്പബ്ലിക്കിന്റെ പടിഞ്ഞാറൻ അതൃത്തിയും ജർമ്മൻ ജനാ

ധിപത്യറിപ്പബ്ളിക്കിൻെറയും ഫെഡറൽ ജർമ്മൻ റിപ്പബ്ളിക്കിൻെറയും ഇടയിലുള്ള അതിർത്തിയും തിട്ടപ്പെടുത്തുന്നതിന്ന് സോവിയററു യൂണിയനും പശ്ചിമജർമ്മനിയും തമ്മിൽ ഒരു ഉടമ്പടിയുണ്ടാക്കേണ്ടതുണ്ടായിരുന്നു. യുദ്ധാനന്തരസംഭവവികാസങ്ങളും അത്തരമൊരു ഉടമ്പടി ആവശ്യമാക്കിത്തീർത്തു. ഉടമ്പടിയിൽ അതിർത്തികളുടെ അലംഘനീയത എടുത്തു പറഞ്ഞിട്ടുള്ളതിനാൽ ഏതെങ്കിലും തരത്തിൽ ഭൂപരമായ അവകാശവാദങ്ങൾ പൊന്തിവരുന്നതിന്ന് സാദ്ധ്യത തീരെയില്ലാതാവുന്നു. എല്ലാ യൂറോപ്യൻ രാഷ്ട്രങ്ങളുടെയും സമാധാനകാംക്ഷികളായ രാജ്യങ്ങളുടെയും അഭിലാഷം അതുവഴി പൂർത്തീകരിക്കപ്പെടുന്നു.

സോവിയററ്യൂണിയനും പശ്ചിമജർമ്മനിയും തമ്മിലുണ്ടാക്കിയ ഉടമ്പടിക്ക് അടിസ്ഥാനപരമായ പ്രാധാന്യം നൽകുന്ന ചില വ്യവസ്ഥകൾ അതിലുണ്ട് എന്നതും എടുത്തുപറയേണ്ടതുണ്ട്. യൂറോപ്പിൻെറയോ ലോകത്തിൻെറയോ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന്നു ഇരു രാഷ്ട്രങ്ങളും തങ്ങളുടെ പരസ്പരബന്ധങ്ങൾ യു. എൻ. ചാർട്ടറിൻെറ ലക്ഷ്യങ്ങളുടെയും തത്വങ്ങളുടേയും അടിസ്ഥാനത്തിൽ വാർത്തെടുക്കണമെന്ന് അതു് നിർബ്ബന്ധിക്കുന്നുണ്ട്. അതിലും വിശേഷിച്ച്, സാർവ്വദേശീയ തക്കങ്ങൾ സമാധാനപരമായ മാർഗ്ഗങ്ങളിൽക്കൂടി മാത്രമെ പരിഹരിക്കാവൂ എന്നും ബലപ്രയോഗവും ബലപ്രയോഗ ഭീഷണിയും നിരോധിക്കണമെന്നുമുള്ള തത്വങ്ങളും അവ മുറുകെ പിടിക്കേണ്ടതുണ്ട്. യു. എസ്. എസ്. ആറും പശ്ചിമജർമ്മനിയും തമ്മിലുള്ള ബന്ധങ്ങളിൽ ബലപ്രയോഗം തിരസ്കരിച്ചതിൻെറ ഉദ്ദേശം യൂറോപ്പിലാകമാനം ഈ തത്വം പ്രചാരത്തിൽ വരുത്തുകയും സുശക്തമായി ഉറപ്പിക്കുകയും ചെയ്യുക എന്നതാകുന്നു. മാത്രമല്ല, അതുമൂലം യൂറോപ്പിലാകമാനം പരസ്പരവിശ്വാസവും ധാരണയും വളന്നുവരികയും ചെയ്യും. 1970 ആഗസ്റ്റ് 12–ാംനു- ഒപ്പുവെച്ച സോവിയററു്-പശ്ചിമജർമ്മൻ ഉടമ്പടി മററു രാഷ്ട്രങ്ങൾക്കെതിരായിട്ടുള്ളതല്ല; ഇരുരാജ്യങ്ങളും മററു രാഷ്ട്രങ്ങളുമായുണ്ടാക്കിയ ഉഭയകക്ഷിക്കരാറുകളേയും ബഹുകക്ഷിക്കരാറുകളേയും ഇതു ബാധിക്കുകയുമില്ല.

പോളണ്ടും പശ്ചിമജർമ്മനിയും തമ്മിൽ അതിർത്തിത്തക്കം അവസാനമായി പരിഹരിച്ചതു് യൂറോപ്യൻ സുരക്ഷിതത്വത്തിന്നു് സുപ്രധാനമായ ഒരു സംഭാവനയായി പരിണമിച്ചു. ഇരുകക്ഷികളും ഇപ്പോഴത്തെ അതിർത്തിയെ എക്കാലവും കാത്തുസൂക്ഷിക്കുമെന്നും അത് ഒരു കാരണവശാലും ലംഘിക്കുകയില്ലെന്നും ഉറപ്പിച്ചു പ്രഖ്യാപിച്ചു. തങ്ങൾക്കിടയിൽ ഭൂപരമായ അവകാശവാദങ്ങളൊന്നുമില്ലെന്നും ഭാവിയിലും അപ്രകാരം വാദമുന്നയിക്കുകയില്ലെന്നും ഇരു രാജ്യങ്ങളും വാഗ്ദത്തം ചെയ്തു.

ഓഡർ-നിസ്സെ അതിർത്തിരേഖയെ ഇരുരാജ്യങ്ങൾക്കുമിടയിലുള്ള അതിർത്തിയായി പോളിഷ് ജനകീയ റിപ്പബ്ലിക്കും ഫെഡറൽ ജർമ്മൻ റിപ്പബ്ളിക്കും അംഗീകരിക്കുന്നതായിരുന്നു ഉടമ്പടി. ഈ ഉടമ്പടിക്കു് ദൂരവ്യാപകമായ ഫലങ്ങളുണ്ട്; നിയമപരമാ

യി അവ വളരെ പ്രാധാന്യമർഹിക്കുന്നവയുമാണ്. ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം സാധാരണനിലയിലാക്കാൻ ഉടമ്പടി സഹായകമാണ്; ഇരു രാജ്യങ്ങൾക്കുമിടയിൽ നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കാനും എല്ലാ രംഗങ്ങളിലും ബന്ധങ്ങൾ വികസിപ്പിക്കാനും അതു സഹായിക്കും.

ജർമ്മൻ ഫെഡറൽ റിപ്പബ്ളിക്കും ജർമ്മൻ ജനാധിപത്യ റിപ്പബ്ളിക്കും തമ്മിൽ അംഗീകൃത സാർവ്വദേശീയ നിയമത്തിന്റെ അടിസ്ഥാനത്തിൽ തുല്യബന്ധങ്ങൾ സ്ഥാപിക്കുന്നതും ഇരുരാജ്യങ്ങളേയും ഐക്യരാഷ്ട്രസഭയിലംഗങ്ങളായി അംഗീകരിക്കുന്നതും ഇന്നത്തെ അടിയന്തിര കടമകളാണെന്നു് 24-ാംപാർട്ടി കോൺഗ്രസ്സിൽ കേന്ദ്രക്കമ്മിററി സമർപ്പിച്ച റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്നു.

യുദ്ധാനന്തര സംഭവവികാസങ്ങളുടെയും സോഷ്യലിസത്തിന്നനുകൂലമായി ശക്തികളുടെ ചേരിബന്ധയിലുണ്ടായിട്ടുള്ള മാററത്തിന്റെയും ഫലമായി ജമ്മൻ ജനാധിപത്യറിപ്പബ്ളിക്കിന്നു് ലോകരാഷ്ട്രങ്ങൾക്കിടയിലുള്ള സ്ഥാനം മെച്ചപ്പെടുത്തുകയെന്നതും യൂറോപ്യൻ സുരക്ഷിതത്വത്തിന്നു് ആവശ്യമാണ്.

ഈ സാഹചര്യത്തിൽ പശ്ചിമബർളിന്റെ കാര്യത്തിൽ ഉണ്ടായ ചതുഷ്ക്കക്ഷിക്കരാർ ശ്രദ്ധേയമാണ്. 1971 സെപ്റ്റംബർ 3-ാം നു- ഒപ്പുവെച്ച ആ കരാർ 1972 ജൂൺ 3-ാംനു- പ്രാബല്യത്തിൽ വന്നു. പ്രതികാരവ്യഗ്രരരായ പശ്ചിമജർമ്മൻ വൃത്തങ്ങൾ രാഷ്ട്രങ്ങൾക്കിടയിൽ ഗുരുതരമായ സംഘർഷാവസ്ഥ സൃഷ്ടിക്കുവാൻ പലപ്പോഴും ചൂഷണം ചെയ്തിട്ടുള്ളതും, ആപത്തുനിറഞ്ഞതുമായ സ്ഥിതിവിശേഷങ്ങളെ ഒഴിവാക്കാൻ ഈ കരാർമൂലം സാധിക്കുന്നു. ഫെഡറൽ ജർമ്മൻ റിപ്പബ്ളിക്കും ജർമ്മൻ ജനാധിപത്യ റിപ്പബ്ളിക്കും തമ്മിൽ അംഗീകൃത സാർവ്വദേശീയതത്വങ്ങളുടെ അടിസ്ഥാനത്തിൽ സാധാരണ ബന്ധങ്ങൾ പടുത്തുയർത്താൻ അനുകൂലസാഹചര്യമുണ്ടാക്കുന്ന മററു കരാറുകൾ താഴെ പറയുന്നവയാകുന്നു: പശ്ചിമജർമ്മനിയും പശ്ചിമബർളിനും തമ്മിൽ ഗതാഗതം തടസ്സംകൂടാതെ നിർവ്വഹിക്കുന്നതിന്നു് ജി. ഡി. ആർ. ഗവമ്മെണ്ടും എഫ്. ആർ. ജി. ഗവർമ്മെണ്ടും തമ്മിലുള്ള കരാർ; പശ്ചിമബർളിനിലെ സ്ഥിരതാമാസക്കാർക്കു് ജി. ഡി. ആറിലേക്കു് യാത്ര ചെയ്യുവാൻ സൌകര്യപ്പെടുത്തുന്നതിന്നു് ജി. ഡി. ആർ. ഗവർമ്മെണ്ടും പശ്ചിമബെർളിൻ സെനററും തമ്മിലുണ്ടാക്കിയ കരാർ; വലയിത പ്രദേശങ്ങളുടെ പ്രശ്നം ഭൂപ്രദേശം കൈമാറിക്കൊണ്ടു് പരിഹരിക്കുന്നതിന്നുവേണ്ടി ഇരുഗവർമ്മെണ്ടും തമ്മിലുണ്ടാക്കിയ കരാർ. സോവിയററ്-പശ്ചിമജർമ്മൻ ഉടമ്പടി പ്രാബല്യത്തിൽ വന്നതോടെ ഈ കരാറുകളെല്ലാം 1972 ജൂൺ 4-ാംതിയ്യതി ബലത്തിൽവന്നു.

എഫ്. ആർ. ജി. (പശ്ചിമജർമ്മനി) യും ജി. ഡി. ആറും (ജർമ്മൻ ജനാധിപത്യ റിപ്പബ്ലിക്ക്) തമ്മിലുള്ള മൌലികബന്ധങ്ങളെ സംബന്ധിക്കുന്ന ഉടമ്പടി 1973-ൽ നിലവിൽവന്നതോ

ടെ ഇരുജർമ്മൻ സ്റ്റേറ്റുകളും തമ്മിൽ സാധാരണബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്നതിലേക്ക് സുപ്രധാനമായ ഒരു നടപടി പൂർത്തിയായി. എഫ്. ആർ. ജി. യും ജി. ഡി. ആറും തമ്മിൽ സാധാരണ അയൽപക്കബന്ധങ്ങൾ സ്ഥാപിക്കുന്നതിന്റെ അടിസ്ഥാനം ഉടമ്പടിയിൽ വ്യക്തമായി പറയുന്നുണ്ട്. ഇരു സ്റ്റേറ്റുകളും തമ്മിൽ തുല്യതയോടെ വർത്തിക്കുമെന്നും ഐ. രാ. പ്രമാണത്തിലടങ്ങിയ ലക്ഷ്യങ്ങളും തത്വങ്ങളും ഇരുരാഷ്ട്രങ്ങൾക്കും മാർഗ്ഗദർശകങ്ങളായിരിക്കുമെന്നും, കരാറിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. പ്രത്യേകിച്ചും, എല്ലാ രാഷ്ട്രങ്ങളുടെയും തുല്യമായ പരമാധികാരം, സ്വാതന്ത്ര്യത്തിനോടും ഭൂപരമായ അപരിച്ഛിന്നതയോടുമുള്ള ബഹുമാനം, സ്വയം നിർണ്ണയാവകാശം, മനുഷ്യാവകാശങ്ങളെ മാനിക്കൽ, വിവേചനത്തെ അപലപിക്കൽ എന്നീ തത്വങ്ങളുടെ അടിസ്ഥാനത്തിൽ ഇരുരാജ്യങ്ങളും തമ്മിൽ സാധാരണ ബന്ധങ്ങൾ കൈവരുത്തണമെന്ന് ഉടമ്പടിയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എഫ്. ആർ. ജി. യും ജി. ഡി. ആറും ഐ. രാ. ചാർട്ടറനുസരിച്ച് പ്രവർത്തിക്കുമെന്നും തർക്കങ്ങൾ തികച്ചും സമാധാനപരമായ മാർഗ്ഗങ്ങളിലൂടെ പരിഹരിക്കുമെന്നും ബലപ്രയോഗവും ബലപ്രയോഗ ഭീഷണിയും ഒരിക്കലും സ്വീകരിക്കുകയില്ലെന്നും ഇരു രാഷ്ട്രങ്ങളും വാഗ്ദത്തം ചെയ്യുന്നുണ്ട്. ഇരുരാജ്യങ്ങൾക്കുമിടയിലുള്ള അതിർത്തികളെ തങ്ങൾ മാനിക്കുമെന്നും അതിർത്തികൾ അലംഘനീയമാണെന്നും അവർ അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നുണ്ട്. ആഭ്യന്തര–വിദേശനയങ്ങളെ സംബന്ധിച്ച് തങ്ങൾക്ക് സ്വതന്ത്രമായ നിലപാടെടുക്കാനുള്ള സ്വാതന്ത്ര്യത്തെ മാനിക്കുമെന്നും അവർ ഉറപ്പുനൽകുന്നുണ്ട്.

അതോടൊപ്പം ജി ഡി. ആറും എഫ്. ആർ. ജി. യും തമ്മിൽ പല മേഖലകളിലും സഹകരണം വിപുലപ്പെടുത്താനുള്ള സാദ്ധ്യതകൾ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അങ്ങിനെ ഉടമ്പടി രണ്ടു ജർമ്മൻ സ്റ്റേറ്റുകളിലെയും ജനങ്ങളുടെ സജീവ താൽപര്യങ്ങൾ കാത്തുരക്ഷിക്കുകയും സമാധാനവും അഖിലയൂറോപ്യൻ സഹകരണവും വളർത്തുകയും ചെയ്യുന്നു.

"യു. എസ് എസ്. ആറിന്റെ 50-ാംവാർഷിക"ത്തെ പുരസ്കരിച്ചുള്ള തന്റെ റിപ്പോർട്ടിൽ എൽ. ഐ. ബ്രെഷ്നേവ് പറഞ്ഞു: "നിലവിലുള്ള യൂറോപ്പിന്റെ അതിർത്തികളുടെ അലംഘനീയതക്ക് നിയമസാധുത നൽകുന്ന, യു. എസ്. എസ്. ആറും എഫ്. ആർ. ജി. യും തമ്മിലും പോളണ്ടും എഫ്. ആർ. ജി. യും തമ്മിലും ഉള്ള ഉടമ്പടികളും, പശ്ചിമബെർളിനെസ്സംബന്ധിച്ച ഏതാനും കരാറുകളും, ജി. ഡി. ആറും എഫ്. ആർ. ജി. യും തമ്മിലുള്ള ബന്ധങ്ങൾ നിശ്ചയിക്കുന്ന ഉടമ്പടിയും, ജി. ഡി. ആറിന്റെ നേരെ ഏർപ്പെടുത്തിയിരുന്ന നയതന്ത്രപരമായ ഉപരോധം അവസാനമായി തട്ടിത്തകർത്തതും — എല്ലാം സമാധാനത്തിന്റെയും സുരക്ഷിതതത്വത്തിന്റെയും പാതയിൽ യൂറോപ്പിന്റെ മുമ്പോട്ടുള്ള പ്രയാണത്തിൽ അതിപ്രധാനമായ കാൽവെപ്പുകളാണ്.

ഇതെല്ലാം ഏതെങ്കിലും ഒരു രാഷ്ട്രത്തിൻെറമാത്രം നേട്ടമല്ല; പ്രത്യുത, സാർവ്വദേശീയ ബന്ധങ്ങളിൽ യുക്തിക്കും യാഥാർത്ഥ്യ ബോധത്തിന്നും കൈവന്ന വമ്പിച്ച വിജയമാകുന്നു.''

80-ൽ പരം രാജ്യങ്ങളുമായി ഇപ്പോൾ ജി. ഡി. ആറിന്നു നയതന്ത്രബന്ധങ്ങളുണ്ട്; ലോകജനസംഖ്യയുടെ ഏതാണ്ട് നാലിലൊന്നുവരുമിത്. 1972-ൽ ജി. ഡി. ആറിനെ 'യുനൊസ്കോ'വിലും യൂറോപ്യൻ സാമ്പത്തികകമ്മീഷനിലും അംഗമായി ചേർത്തു. യു. എൻ. പൊതുസഭയുടെ 28-ാം സമ്മേളനത്തിൻെറ തീരുമാനമനുസരിച്ച് ജി. ഡി. ആറും, എഫ് ആർ. ജിയും ഐക്യരാഷ്ട്രസംഘടനയിൽ അംഗങ്ങളായിത്തീർന്നു.

സുരക്ഷിതതത്വത്തിന്നും സഹകരണത്തിന്നുമായുള്ള അഖിലയൂറോപ്യൻ സമ്മേളനത്തിൽ ജി. ഡി. ആർ. ഒരു തുല്യ പങ്കാളിയായി ചേർന്നു. ലോകരാഷ്ട്രങ്ങൾക്കിടയിൽ ജി. ഡി.ആർ.ൻെറ സ്ഥാനം ഉറപ്പിക്കാൻ കഴിഞ്ഞതു് സോഷ്യലിസ്റ്റ് സാർവ്വദേശീയവാദത്തിൻെറ പ്രകടനവും സഹോദര സോഷ്യലിസ്റ്റ്രാഷ്ട്രങ്ങളുടെ ലോകവ്യാപകമായ സംയുക്ത പ്രവർത്തനവും കാരണമാകുന്നു.

അങ്ങിനെ ഈ സംഭവവികാസങ്ങളെല്ലാം ചേർന്നു് സുരക്ഷിതതത്വത്തിന്നും സഹകരണത്തിന്നും വേണ്ടി ഒരു അഖില യൂറോപ്യൻ സമ്മേളനം വിളിച്ചുകൂട്ടുന്നതിന്നു വിലങ്ങായി നിന്ന പ്രതിബന്ധങ്ങളെ തട്ടിനീക്കി.

സുരക്ഷിതതത്വം, സഹകരണം എന്നിവ സംബന്ധിച്ച സമ്മേളനത്തിൻെറ ഒന്നാംഘട്ടം 1973 ജൂലൈ 3—6നു-കളിൽ ഹെൽസിങ്കിയിൽ ചേന്നു. 35 രാജ്യങ്ങളിൽനിന്നുള്ള (33 യൂറോപ്യൻ രാജ്യങ്ങളും അമേരിക്കയും കനഡയും) പ്രതിനിധികൾ അതിൽ സംബന്ധിച്ചു. യൂറോപ്യൻ സുരക്ഷിതതത്വത്തിന്നും യൂറോപ്യൻ രാജ്യങ്ങൾ തമ്മിലുള്ള ബന്ധങ്ങളെ നിർണ്ണയിക്കുന്നതിന്നുള്ള പ്രമാണങ്ങൾക്കും വേണ്ടി ഒരു പൊതുകരട്ട പ്രഖ്യാപനം സമ്മേളനത്തിൽ സോവിയററ് പ്രതിനിധിസംഘം അവതരിപ്പിച്ചു. ഈ രേഖയിൽ പറയുന്ന മൌലികപ്രമാണങ്ങൾ നടപ്പിൽവരുത്തിയാൽ രാഷ്ട്രങ്ങൾ തമ്മിൽ വഴക്കുകളുണ്ടാവുകയില്ലെന്നു മാത്രമല്ല അവസ്ഥ് സമാധാനത്തോടെ കഴിയുകയും ചെയ്യാം. പ്രസ്തുത പ്രമാണങ്ങൾ താഴെ പറയുന്നവയാണ്: തുല്യമായ പരമാധികാരം; ഐക്യരാഷ്ട്രചാർട്ടർഅനുസരിച്ച് രാഷ്ട്രങ്ങൾ തമ്മിൽ ബലപ്രയോഗമോ ബലപ്രയോഗഭീഷണിയോ അനുവദിക്കുകയില്ലെന്ന തത്വത്തിൻെറ അടിസ്ഥാനത്തിൽ അപ്രകാരം ബലപ്രയോഗമോ ബലപ്രയോഗഭീഷണിയോ ഉണ്ടാവുകയില്ലെന്ന വാഗ്ദാനം; അതിർത്തികളുടെ അലംഘനീയത; നിലവിലുള്ള അതിർത്തികൾക്കുള്ളിൽ എല്ലാ യൂറോപ്യൻ രാഷ്ട്രങ്ങളുടെയും ഭൂപരമായ അപരിച്ഛിന്നത; സാർവ്വദേശീയ പ്രശ്നങ്ങളുടെ സമാധാനമാർഗ്ഗത്തിലൂടെയുള്ള പരിഹാരം; മററു രാജ്യങ്ങളുടെ, ആഭ്യന്തരകാര്യങ്ങളിൽ കയ്യിടുകയില്ലെന്ന പ്രഖ്യാപനം വഴി മററു രാജ്യങ്ങളുടെ രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ

വിശ്വാസപ്രമാണങ്ങളോടുള്ള ബഹുമാനം; മനുഷ്യാവകാശങ്ങളോടും മൌലികസ്വാതന്ത്ര്യങ്ങളോടുമുള്ള ബഹുമാനം; സ്വന്തം ഭാവി നിർണ്ണയിക്കുന്നതിന്നും ഇഷ്ടമുള്ള സാമൂഹ്യവ്യവസ്ഥ തിരഞ്ഞെടുക്കുന്നതിന്നും ഗവർമ്മെണ്ടു് രൂപീകരിക്കുന്നതിന്നുമുള്ള രാഷ്ട്രങ്ങളുടെ അവകാശവും തുല്യതയോടെയുള്ള നിലനിൽപും; സാർവ്വദേശീയസമാധാനവും സുരക്ഷിതത്വവും നിലനിർത്തുന്നതിന്നു് രാജ്യങ്ങൾ തമ്മിൽ സഹകരണം; തുല്യമായ പരമാധികാരത്തിൻെറയും പരസ്പരം ഇടപെടാതിരിക്കുന്നതിൻെറയും അടിസ്ഥാനത്തിൽ രാഷ്ട്രങ്ങൾക്കിടയിൽ സാമ്പത്തികവും സാംസ്കാരികവും മററുമായ ബന്ധങ്ങൾ നേടിയെടുക്കൽ; സാർവ്വദേശീയനിയമപ്രകാരം ബാദ്ധ്യതപ്പെട്ട ചുമതലകൾ ബോധപൂർവ്വം പൂർത്തീകരിക്കൽ.

അഖിലയൂറോപ്യൻ സമ്മേളനത്തിലെ പങ്കാളികൾ യൂറോപ്യൻ സുരക്ഷിതത്വത്തിന്നുള്ള മേൽപ്പറഞ്ഞ പ്രമാണങ്ങൾ പ്രഖ്യാപിച്ചതു് യൂറോപ്യൻ വൻകരയിൽ സുരക്ഷിതത്വബോധം ശക്തിപ്പെടുത്താൻ സഹായകമാവുന്നതാണ്. സമ്മേളനത്തിൽ പങ്കെടുത്ത രാഷ്ട്രങ്ങൾ സമ്മതിച്ചപ്രകാരം അഖിലയൂറോപ്യൻ സമ്മേളനം മൂന്നുഘട്ടങ്ങളിലായി പ്രവർത്തനം മുമ്പോട്ടുകൊണ്ടുപോകാൻ തീരുമാനിച്ചു.

സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ ഒട്ടേറെകാലമായി ആവശ്യപ്പെട്ടുകൊണ്ടിരുന്ന അഖിലയൂറോപ്യൻ സുരക്ഷിതത്വ—സഹകരണസമ്മേളനം യൂറോപ്പിൻെറ ചരിത്രത്തിൽ ഒരു പുതിയ ഏടു് എഴുതിച്ചേർത്തു.

യു. എസ്. എസ്. ആറിൻെറ 50-ാം വാർഷികം ആഘോഷിക്കുന്നതിന്നു ചേർന്ന യോഗത്തിൽ പ്രസംഗിച്ചുകൊണ്ടു് എൽ. ഐ. ബ്രഷ്നേവ് പറഞ്ഞു: "യൂറോപ്പിൽ സമാധാനം സ്ഥാപിക്കുകയെന്നതു് മാനവരാശിയുടെയാകെ ഭാവിക്കു് വമ്പിച്ച പ്രാധാന്യമർഹിക്കുന്ന ഒരു പ്രശ്നമാകുന്നു. എക്കാലത്തും ഒരു അപകടകാരിയായ അഗ്നിപർവ്വതമായിരുന്ന യൂറോപ്പിന്നു് ഇനിയുമൊരു യുദ്ധത്തിന്നു് ഇറങ്ങിപ്പുറപ്പെടുക സാദ്ധ്യമല്ലാതാകുവാൻവേണ്ടി ഞങ്ങളുടെ എല്ലാ കഴിവും എല്ലാ ശക്തിയും ദൃഢനിശ്ചയവും എടുത്തു പ്രയോഗിച്ചുവരികയാണ്. യൂറോപ്പിലെ സംഭവഗതികളെ പിന്തിരിപ്പിക്കുന്നതിന്നുള്ള ശ്രമങ്ങൾ പിന്തിരിപ്പന്മാരും സൈനികമേധാവികളും പ്രതികാരമോഹികളും ഇനിയും കൈവെടിഞ്ഞിട്ടില്ലെന്നു് ഞങ്ങൾക്കു് നല്ലപോലെയറിയാം. പക്ഷെ അവരുടെ ശ്രമങ്ങൾ പരാജയപ്പെടും. വൻകരയിലെ ശക്തികളുടെ ബലാബലം സമാധാനത്തിന്നും സമാധാനപൂർവ്വകമായ സഹകരണത്തിന്നും അനുകൂലമാണ്. യൂറോപ്യൻ ജനതയുടെ ജീവിതത്തിൽനിന്നു് യുദ്ധങ്ങൾ തുടച്ചുനീക്കാൻ കഴിയുമെന്നു് ഞങ്ങൾ വിശ്വസിക്കുന്നു."

സോവിയററ് കമ്യൂണിസ്റ്റ് പാർട്ടിയുടെ 24-ാം കോൺഗ്രസ്സ് മുമ്പോട്ടുവെച്ച സമാധാനപരിപാടി നിരന്തരമായും പതറാതെയും നടപ്പാക്കിക്കൊണ്ടിരിക്കുകയാണെന്നു് സോവിയററ് വിദേശനയം വ്യക്തമാക്കുന്നുണ്ടു്; അതു് ലോകരംഗത്തു് ഇപ്പോഴും

സംഭവിച്ചുകൊണ്ടിരിക്കുന്ന വമ്പിച്ച പരിവർത്തനങ്ങൾക്ക് ഉത്തേജനം നൽകുന്നുമുണ്ട്. ഇതിന്റെ ഏററവും പ്രത്യക്ഷമായ ഒരു ദൃഷ്ടാന്തമാണ് സഖാവ് ബ്രഷ്നേവ്, 1972 മേയ്—ജൂൺ മാസങ്ങളിൽ പശ്ചിമജർമ്മനിയിലും അമേരിക്കയിലും ഫ്രാൻസിലും നടത്തിയ സന്ദർശനങ്ങൾ ലോകത്തെങ്ങും ഉളവാക്കിയ വമ്പിച്ച പ്രതികരണം. മാത്രമല്ല അദ്ദേഹത്തിന്റെ സന്ദർശനഫലങ്ങളെ സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ ജനങ്ങളും ലോകത്തെങ്ങുമുള്ള സമാധാനകാംക്ഷികളായ പുരോഗമനജനവിഭാഗങ്ങളും ഐകകണ്ഠ്യേന സ്വാഗതം ചെയ്തതും ഇതിന്റെ തെളിവാകുന്നു.

യാഥാർത്ഥ്യബോധത്തോടെയുള്ള സമീപനവും സന്മനോഭാവവും ഉണ്ടെങ്കിൽ ഏററവും സങ്കീർണ്ണമായ രാഷ്ട്രാന്തരപ്രശ്നങ്ങൾപോലും പരിഹരിക്കാൻ കഴിയുമെന്ന് അനുഭവം കാട്ടിത്തന്നിട്ടുണ്ട്.

പശ്ചിമജർമ്മനിയിലും അമേരിക്കയിലും ഫ്രാൻസിലും എൽ. ഐ. ബ്രഷ്നേവ് നടത്തിയ സന്ദർശനത്തിന്റെ ഫലങ്ങൾ സമാധാനപരമായ സഹവർത്തിത്വമെന്ന ലെനിന്റെ നയത്തിനുണ്ടായിട്ടുള്ള വമ്പിച്ച വിജയത്തെ കുറിക്കുന്നു. പ്രസ്തുതനയം ഇന്ന് ഏററവും നന്നായി പ്രകാശിപ്പിച്ചിട്ടുള്ളത് സി. പി. എസ്. യു. വിന്റെ 24-ാം കോൺഗ്രസ്സ് അംഗീകരിച്ച സമാധാന പരിപാടിയിലാകുന്നു.

ഇതെല്ലാമാണെങ്കിലും സമാധാനപരമായ സഹവർത്തിത്വമെന്ന തത്വം എല്ലായിടത്തും അംഗീകരിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നില്ലെങ്കിൽ സമാധാനത്തിന്ന് ഉറപ്പുവരുത്തുക സാദ്ധ്യമല്ല. ലോകസമാധാനകോൺഗ്രസ്സിന്റെ പ്രഖ്യാപനത്തിൽ പറയുന്നു: ''സമാധാനപരമായ സഹവർത്തിത്വമെന്നാൽ യുദ്ധമില്ലാത്ത അവസ്ഥയെന്നു മാത്രമല്ല അർത്ഥം; അത് എല്ലാ രാജ്യങ്ങൾക്കും സ്വാതന്ത്ര്യത്തോടുകൂടിയും പരമാധികാരത്തോടുകൂടിയും കഴിയുവാനുള്ള അവസരം നൽകുന്നു; അതിന്റെ അടിസ്ഥാനത്തിൽ സർവ്വതോമുഖമായ സഹകരണം വളർത്തുവാനും സമാധാനത്തിന്റെയും സാമൂഹ്യപുരോഗതിയുടേയും താല്പര്യങ്ങളെ മുൻനിർത്തി അനുഭവങ്ങൾ കൈമാറാനും കൂട്ടായ യത്നങ്ങൾ നടത്താനും രാഷ്ട്രങ്ങൾക്ക് കഴിയുന്നു.

''സമാധാനപരമായ സഹവർത്തിത്വം രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങളിൽ ബലപ്രയോഗത്തിന്ന് സ്ഥാനമില്ലാതാക്കുന്നു; തർക്കങ്ങളും അഭിപ്രായവ്യത്യാസങ്ങളും സമാധാനപരമായ വിവിധമാർഗ്ഗങ്ങളിലൂടെവേണം പരിഹരിക്കാനെന്നും അതു നിർബ്ബന്ധിക്കുന്നു. ഇതുകൊണ്ടാണ് സാർവ്വദേശീയ സുരക്ഷിതത്വത്തിന്ന് അതു് ഏററവും വിശ്വസിക്കത്തക്ക അടിത്തറയായി നിലകൊള്ളുന്നതു്.'' സമാധാനപരമായ സഹവർത്തിത്വം അനീതിയുമായി സമരസപ്പെട്ടുപോകുന്നതിന്ന് തുല്യമല്ലെന്ന് പ്രഖ്യാപനം പ്രത്യേകം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ആക്രമണങ്ങളെ ഫലപ്രദമായി എതിർത്തു തോല്പിക്കണമെന്നും രാഷ്ട്രീയവും സാമ്പത്തികവുമായ വിമോചനത്തിന്നും സാമൂഹ്യപുരോഗതിക്കും വേണ്ടി ആവശ്യമാ

യ എല്ലാ മാർഗ്ഗങ്ങളിലൂടെയും സമരംചെയ്യാൻ രാഷ്ട്രങ്ങൾക്കവകാശമുണ്ടെന്നും അതിലന്തർഭവിച്ചിട്ടുണ്ട്; അതുപോലെ പുറമേനിന്നുള്ള ഇടപെടൽകൂടാതെ സ്വന്തം ഭാവി നിർണ്ണയിക്കാൻ എല്ലാ രാജ്യങ്ങൾക്കും സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നും അത് അർത്ഥമാക്കുന്നു. അതുകൊണ്ടുതന്നെ നീതിയുക്തമായ സമാധാനത്തിലടങ്ങിയിരിയ്ക്കേണ്ട തത്വങ്ങളെ സംബന്ധിച്ച ജനങ്ങളുടെ താൽപര്യങ്ങളും അഭിപ്രായങ്ങളുമായി അതു പൊരുത്തപ്പെട്ടിരിക്കുന്നു.

ഒരു പുതിയ ലോകമഹായുദ്ധം സാമ്രാജ്യത്വത്തിൻെറ പരാജയത്തിൽ അവസാനിക്കുമെന്നും ''ആയിരം മടങ്ങ് ഉന്നതമായ സംസ്കാരം'' കൈവരിക്കുവാൻവേണ്ട സാഹചര്യം സൃഷ്ടിക്കുമെന്നും അതിനാൽ അതിനെയാരും ഭയപ്പെടേണ്ടതില്ലെന്നുമുള്ള മാവോവിൻെറ വാദംമൂലം സമാധാനതാല്പര്യങ്ങൾ അത്യന്തം അപകടത്തിലായിരിക്കുന്നു. മുന്നണിയെന്നോ പിൻനിരയെന്നോ വ്യത്യാസമില്ലാതെ, ശത്രുക്കളെന്നോ ശത്രുക്കളല്ലാത്തവരെന്നോ വ്യത്യാസംകൂടാതെ, എല്ലാ രാജ്യങ്ങളേയും തുടച്ചുനീക്കുന്നതും ലോകത്തിലെ ഏററവും വലിയ വ്യാവസായികകേന്ദ്രങ്ങളേയും സാംസ്കാരികകേന്ദ്രങ്ങളേയും ചുട്ടുകരിക്കുന്നതുമായ ഒരു യുദ്ധമായിരിക്കുമതെന്ന വസ്തുത നമുക്ക് യഥാർത്ഥത്തിൽ മറക്കാൻ കഴിയുമോ?

''സമാധാനം വെറും സുരക്ഷിതത്വത്തിൻെറ മാത്രം പ്രശ്നമല്ലെ''ന്ന് ലോകസമാധാനകോൺഗ്രസ്സിൽ പ്രസംഗിച്ചുകൊണ്ട് ലിയനിദ് ബ്രെഷ്നേവ് തറപ്പിച്ചു പറയുകയുണ്ടായി. ''ആധുനികസംസ്കാരത്തെ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ പരിഹരിയ്ക്കുന്നതിന്ന് അവശ്യം വേണ്ട ഒരു പ്രധാനോപാധിയാണതു്.'' ശാശ്വതസമാധാനത്തിന്നുള്ള സമരത്തിൻെറ അടിയന്തരകടമകൾ അദ്ദേഹം വിവരിച്ചുകാട്ടി.

എല്ലാററിലുമുപരി ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്ന സായുധസംഘട്ടനങ്ങൾ പരിഹരിക്കുന്നതിന്ന് ഉചിതവും നീതിയുക്തവുമായ നടപടികളെടുക്കുകയെന്നാണിതിനർത്ഥം.

യൂറോപ്പിലും പിന്നീട് ഏഷ്യയിലും കൂട്ടായ സുരക്ഷിതത്വത്തിന്നുവേണ്ട ഒരു വ്യവസ്ഥയുണ്ടാക്കുകയെന്നാണിതിനർത്ഥം; അങ്ങിനെ രാഷ്ട്രീയ-സൈനികബ്ലോക്കുകളായി ലോകരാഷ്ട്രങ്ങൾക്കിടയിൽ ഇന്നു കാണുന്ന ചേരിതിരിവ് ക്രമേണ ഇല്ലായ്മചെയ്യാൻ ഇതു സഹായിക്കുന്നു.

അണുവായുധങ്ങളുടേയും മററു പടക്കോപ്പുകളുടേയും പന്തയം അവസാനിപ്പിക്കുകയെന്നാണിതിനർത്ഥം.

രാഷ്ട്രങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ പരസ്പരം ഇടപെടാൻ ശ്രമിക്കാതെയും യാതൊരു വിവേചനവും കൂടാതെയും പൂർണ്ണമായ സമത്വത്തിൻെറയും പരസ്പരനന്മയുടെയും അടിസ്ഥാനത്തിൽ സാമ്പത്തികവും ശാസ്ത്രീയവും സാങ്കേതികവും സാംസ്കാരികവുമായ സഹകരണം വളർത്തിയെടുക്കുകയെന്നാണിതിനർത്ഥം.

കോൺഗ്രസ്സിൻെറ നടപടികളിൽ ലിയനിദ് ബ്രെഷ്നേവ് പങ്കെടുത്തതും അദ്ദേഹം അവിടെ ചെയ്ത പ്രസംഗവും ലോകമെങ്ങുമുള്ള ജനങ്ങളിൽ വലിയ താല്പര്യം ഉണർത്തിവിട്ടിട്ടുണ്ട്. ലിയനിദ് ബ്രെഷ്നേവിൻെറ പ്രസംഗത്തിൽ രാഷ്ട്രങ്ങളുടെ ഭാഗധേയത്തെ സംബന്ധിച്ച് ഉയർന്ന ചുമതലാബോധം പ്രകടമാക്കിയതു് കോൺഗ്രസ്സിൽ പങ്കെടുത്തു് സംസാരിച്ച പ്രതിനിധികൾ പ്രത്യേകം എടുത്തുകാട്ടുകയുണ്ടായി. ആ പ്രസംഗത്തിൽ ലോകത്തിലെ ഇന്നത്തെ സ്ഥിതിഗതികളുടെ പ്രഗത്ഭമായ വിശകലനം അടങ്ങിയിട്ടുണ്ടെന്നും ശാശ്വതസമാധാനം കൈവരുത്തുവാൻ ഫലപ്രദമായ മാർഗ്ഗം അതു ചൂണ്ടിക്കാട്ടിയിട്ടുണ്ടെന്നും അവർ എടുത്തുപറഞ്ഞു.

ഇന്നത്തെ കാലഘട്ടത്തിൽ യുദ്ധത്തിൻെറയും സമാധാനത്തിൻെറയും പ്രശ്നമാണ് മുഖ്യമായിട്ടുള്ളതു്; ഇന്നത്തെ മൗലികസംഘട്ടനകളുടെയെല്ലാം കേന്ദ്രബിന്ദുവും അതുതന്നെ.

## സോഷ്യലിസ്റ്റ് സാർവ്വദേശീയവാദം പ്രവർത്തനത്തിൽ

സമാധാനപരിപാടിയുടെ ശ്രദ്ധേയമായ ഒരു വശമെന്തെന്നാൽ അതു് സാമ്രാജ്യത്വത്തിൻെറ എല്ലാ ആക്രമണനടപടികൾക്കും കനത്ത തിരിച്ചടി നൽകുന്നുവെന്നതാണ്; അതോടൊപ്പം സംഘട്ടനമേഖലകൾ ഇല്ലായ്മചെയ്വാൻ അതു് സഹായമേകുകയും ചെയ്യുന്നു.

വിയററ്നാം യുദ്ധം അവസാനിപ്പിക്കുന്നതു് സമാധാനപരിപാടിയുടെ ഒരടിയന്തരകടമയായി പ്രഖ്യാപിക്കപ്പെട്ടു. തൊഴിലാളിവർഗ്ഗസാർവ്വദേശീയവാദമെന്ന ലെനിനിസ്റ്റ്പ്രമാണത്തിന്നു് നിരക്കുംവിധം സോവിയററ്ജനത വിയററ്നാം ജനതയെ സർവ്വപ്രകാരേണയും സഹായിക്കുകയെന്നതു് തങ്ങളുടെ സാർവ്വദേശീയവാദപരമായ കർത്തവ്യമായി കരുതിപ്പോന്നു.

വിയററ്നാമിൽ യുദ്ധമവസാനിപ്പിക്കുകയും സമാധാനം വീണ്ടെടുക്കുകയും ചെയ്യുന്നതുസംബന്ധിച്ച് 1973 ജനവരിയിൽ ഒപ്പുവെച്ച കരാർ എടുത്തുകാട്ടുന്നതു്, മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്തിൽ ഏററവും വിവാദപരവും സങ്കീർണ്ണവുമായ പ്രശ്നങ്ങൾ പോലും കൂടിയാലോചനയിലൂടെ പരിഹരിയ്ക്കാൻ കഴിയുമെന്ന വസ്തുതയാണ്. അങ്ങിനെ സാർവ്വദേശീയബന്ധങ്ങളിൽ സമചിത്തയയോടുകൂടിയതും യാഥാർത്ഥ്യബോധമുൾക്കൊള്ളുന്നതുമായ സമീപനത്തിന്നാണ് ഇപ്പോൾ മുൻതൂക്കമുള്ളതു്. ഇപ്പോളേതായാലും വിയററ്നാമിൽ ഒരുവിധം കാര്യങ്ങളൊതുങ്ങിക്കഴിഞ്ഞതോടെ ഇന്തോചീനയിലെ രാഷ്ട്രങ്ങൾ തമ്മിൽ ഇതുവരേയുണ്ടായിരുന്ന കുഴഞ്ഞുമറിഞ്ഞ ബന്ധങ്ങൾ പുതിയ രീതിയിൽ വളർന്നുവരേണ്ടതുണ്ട്. വിയററ്നാമിൻെറ കാര്യത്തിലുണ്ടായിട്ടുള്ള ഒത്തുതീർപ്പ് യുക്തിപരമായി നോക്കിയാൽ സമാധാനപരമായ സഹവർത്തിത്വ

ത്തിൻെറ അടിസ്ഥാനത്തിൽ വിയററ്നാം ജനാധിപത്യ റിപ്പ ബ്ലിക്കും അമേരിക്കയും തമ്മിൽ ബന്ധങ്ങഠം സ്ഥാപിക്കുവാനും നി ലനിർത്തിക്കൊണ്ടുപോകാനും വഴിയൊരുക്കേണ്ടതാണ്. വിയററ് നാം സമാധാനക്കരാറിൻെറ 21-ാം വകുപ്പനുസരിച്ച് വിയററ്നാം യുദ്ധത്തിൻെറ മുറിവുകഠം ഉണക്കാനും വിയററ്നാം ജനാധിപത്യ റിപ്പബ്ലിക്കിലും ഇന്തോചീനയിലാകെയും യുദ്ധാനന്തരപുനർനിർ മ്മാണം നിർവ്വഹിക്കുവാനും അമേരിക്ക സഹായിക്കേണ്ടതാണ്. ആക്രമണത്തിൻെറ ഫലമായി വിയററ്നാം ജനതയ്ക്കുണ്ടായിട്ടുള്ള നഷ്ടങ്ങഠംക്കും നാശത്തിന്നും അമേരിക്കയ്ക്കുള്ള ഉത്തരവാദിത്വം നിമിത്തമാണ് അവർക്ക് ഈ ബാദ്ധ്യതയേററെടുക്കേണ്ടിവ ന്നതു്.

വിയററ്നാമിനെസ്സംബന്ധിച്ച പാരീസ് സമ്മേളനം 1973 ഫിബ്രവരി-മാർച്ച് മാസങ്ങളിലായിട്ടാണ് നടന്നതു്. കരാറിൽ ഭാഗഭാക്കുകളായ നാലു രാഷ്ട്രങ്ങഠം അതിൽ സന്നിഹിതരായിരു ന്നു: വിയററ്നാം ജനാധിപത്യറിപ്പബ്ളിക്ക്, ദക്ഷിണവിയ ററ്നാം റിപ്പബ്ളിക്ക്, അമേരിക്ക, വിയററ്നാം റിപ്പബ്ളി ക്ക്. സോവിയററ് യൂണിയൻ, ചൈന, ബ്രിട്ടൻ എന്നീ രാജ്യ ങ്ങളും സാർവ്വദേശീയ നിയന്ത്രണക്കമ്മീഷനെ പ്രതിനിധീകരിക്കു ന്ന പോളണ്ടു്, ഹങ്കറി, കാനഡ, ഇന്തോനേഷ്യ എന്നീ രാജ്യങ്ങ ളും അതിൽ പങ്കുകൊണ്ടിരുന്നു. വിയററ്നാം യുദ്ധമവസാനിപ്പി ക്കുവാനും അവിടെ സമാധാനം വീണ്ടെടുക്കുവാനുമുള്ള കരാറിൻെറ 19-ാം വകുപ്പിൽ സമ്മേളനത്തിൻെറ കടമകഠം വ്യക്തമായി എടുത്തു പറഞ്ഞിട്ടുണ്ട്: ഒപ്പുവെച്ച കരാർ അംഗീകരിച്ച രേഖപ്പെടുത്തുക, യുദ്ധമവസാനിപ്പിക്കുന്നതിന്നു ഉറപ്പുവരുത്തുക, വിയററ്നാമിൽ സമാധാനം കാത്തുസൂക്ഷിക്കുക, വിയററ്നാം ജനതയുടെ മൗലിക മായ ദേശീയാവകാശങ്ങഠം മാനിക്കുകയുംസ്വയം നിർണ്ണയാവകാശ ത്തിന്നുള്ള ദക്ഷിണവിയററ്നാം ജനതയുടെ അവകാശമംഗീകരി ക്കുകയും ചെയ്യുക, ഇന്തോചീനയിൽ സമാധാനം വളർത്തുകയും അ തിൻെറ സംരക്ഷണത്തിന്നു് ഉറപ്പുവരുത്തുകയും ചെയ്യുക. വിയററ് നാം സമാധാനക്കരാറിൽ വ്യവസ്ഥചെയ്തതുപോലെ പുറമെനിന്നു് യാതൊരിടപെടലുംകൂടാതെ വിയററ്നാംജനതയ്ക്കു് തങ്ങളുടെ ഭാ വിനിർണ്ണയിക്കാൻ ആവശ്യമായ സാഹചര്യം സമ്മേളനം സൃഷ്ടി ച്ചുകൊടുത്തു.

സ്വാതന്ത്ര്യം, പരമാധികാരം, ഐക്യം, ദേശീയമായ അപ രിച്ഛിന്നത എന്നിങ്ങനെ വിയററ്നാം ജനതയുടെ മൗലികമായ ദേശീയാവകാശങ്ങളെ അംഗീകരിക്കുന്നതായിരുന്നു വിയററ്നാ മിനെ അധികരിച്ചുള്ള സാർവ്വദേശീയസമ്മേളനം പാസ്സാക്കിയ രേഖ. അങ്ങിനെ സോവിയററ്യൂണിയൻെറയും മററു സോഷ്യ ലിസ്റ്റ് രാഷ്ട്രങ്ങളുടെയും ലോകത്തെങ്ങുമുള്ള സമാധാനപ്രേമിക ളുടേയും പിന്തുണയോടെ ധീരരായ വിയററ്നാംജനത നേടിയ ചരിത്രപ്രധാനമായ വിജയത്തിന്നു് രേഖ ഔപചാരികമായ അംഗീകാരം നൽകി. ലാവോസിൽ സമാധാനം വീണ്ടെടുക്കുന്ന

തിന്നും ദേശീയമായ ഒത്തുതീർപ്പുണ്ടാക്കുന്നതിന്നുമുള്ള കരാറിന്നും തൃപ്തികരമായ സ്വാഗതമാണ് ലഭിച്ചതു്. ഈ രേഖയിൽ ബോം ബാക്രമണമടക്കം എല്ലാ ശത്രുതാനടപടികളും അവസാനിപ്പിക്കാനും, ദേശീയൈക്യത്തിന്റേതായ ഒരു പുതിയ താല്ക്കാലികകൂട്ടുകക്ഷിഭരണം രൂപീകരിക്കാനും വ്യവസ്ഥയുണ്ട്. ലാവോസ് ജനതയുടെ ദേശീയാഭിലാഷങ്ങൾ നിറവേററുന്നതിന്നു അതു് വഴി തെളിയിക്കുന്നുണ്ട്. സമാധാനപരവും, നിഷ്പക്ഷവും സ്വതന്ത്രവും, ജനാധിപത്യപരവും, ഏകീകൃതവും, വികസനോന്മുഖവുമായ ഒരു രാഷ്ട്രം കെട്ടിപ്പടുക്കുകയെന്നതാണവരുടെ ദേശീയലക്ഷ്യം.

ഇന്തോചീനയിൽ യുദ്ധം അവസാനിക്കുന്നതും അവിടെ സമാധാനം പുനഃസ്ഥാപിതമാകുന്നതും ഏഷ്യൻ വൻകരയിലെ സ്ഥിതിഗതികളെ വിധായകമായി സ്വാധീനിക്കും. ഏററവും ജനനിബിഡമായ ഈ ഭൂഭാഗം കഴിഞ്ഞ ദശകങ്ങളിൽ ജനകീയമുന്നേററങ്ങളുടേയും സംഘട്ടനങ്ങളുടേയും രക്തച്ചൊരിച്ചലുകളുടേയും രംഗമായിരുന്നു. ഏഷ്യൻരാഷ്ട്രങ്ങളുടെ സുരക്ഷിതത്വത്തിന്നു് ഉറപ്പു വരുത്തുവാൻ അവ തമ്മിൽ നല്ല അയൽപക്കബന്ധങ്ങൾ സ്ഥാപിക്കുകയാണ് വേണ്ടതു്. അതോടുകൂടി, രാഷ്ട്രങ്ങൾ തമ്മിൽ ബലപ്രയോഗം ഒഴിവാക്കുന്നതിന്റെയും, പരമാധികാരത്തെ മാനിക്കുന്നതിന്റെയും, അതിർത്തികളുടെ അലംഘനീയതയുടേയും, ആഭ്യന്തര കാര്യങ്ങളിലിടപെടാതിരിക്കുന്നതിന്റെയും, സമത്വത്തിന്റെയും പരസ്പരനന്മയുടെയും അടിസ്ഥാനത്തിൽ വിപുലമായ തോതിൽ സാമ്പത്തികവും മററു പ്രകാരത്തിലുള്ളതുമായ സഹകരണം വളർത്തിയെടുക്കുന്നതിന്റെയും അടിസ്ഥാനത്തിൽ ഒരു കൂട്ടരക്ഷാവ്യവസ്ഥ ഏർപ്പെടുത്തുന്നതും നന്നായിരിക്കും.

സമാധാനപരിപാടിയുടെ വിജയത്തിന്നുവേണ്ടിയുള്ള സോവിയററ് കമ്യൂണിസ്റ്റ് പാർട്ടിയുടെയും സോവിയററ് ഗവർമ്മെണ്ടിന്റെയും പ്രവത്തനത്തിന്നു് ലോകത്തിലെ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് കക്ഷികളും ബഹുജനപ്രസ്ഥാനങ്ങളും ഒററക്കെട്ടായി പിന്തുണ പ്രഖ്യാപിച്ചുകാണുന്നതിൽ 1973 ഏപ്രിൽ മാസം ചേർന്ന സി. പി. എസ്. യു. കേന്ദ്രക്കമ്മിററിയുടെ പ്ലീനറി യോഗം സന്തുഷ്ടി പ്രകടിപ്പിച്ചു. സി. പി. എസ്. യു. വിന്റെ 24-ാംകോൺഗ്രസ്സിനെത്തുടർന്നു് സോഷ്യലിസ്റ്റ്‌രാജ്യങ്ങളിലെ നേതാക്കന്മാർ തമ്മിൽ നടത്തിയ ഉഭയകക്ഷിയടിസ്ഥാനത്തിലും ബഹുകക്ഷിയടിസ്ഥാനത്തിലുമുള്ള സമ്മേളനങ്ങളുടെ ഫലമായി ലോകരംഗത്തു് സോഷ്യലിസ്റ്റ്‌രാജ്യങ്ങൾക്കുണ്ടായിട്ടുള്ള നേട്ടങ്ങൾ സുസ്ഥാപിതമാക്കുകയും കൂടുതൽ വളർത്തിയെടുക്കുകയും ചെയ്യുന്നതിന്നു് സോഷ്യലിസ്റ്റ്‌സമൂഹത്തിന്റെ കെട്ടുറപ്പു കൂടിയേ കഴിയൂ.

1973 ജൂലൈ 30-31 തിയ്യതികളിൽ ക്രിമിയയിൽ വെച്ചു നടന്ന സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളിലെ കമ്യൂണിസ്റ്റ്-വർക്കേഴ്സ് പാർട്ടിനേതാക്കന്മാരുടെ സൌഹാർദ്ദസമ്മേളനം ലോകരംഗത്ത് വന്നുകൊണ്ടിരിയ്ക്കുന്ന ഗുണപരമായ പരിവത്തനങ്ങൾ വ്യാപിപ്പിക്കുവാൻ അവർ അനവരതം യത്നിച്ചുകൊണ്ടിരിയ്ക്കുകയാണെന്ന വ

സ്കൂത ആവർത്തിച്ചുറപ്പിച്ചു. ക്രിമിയാസമ്മേളനത്തിൽ ചർച്ചചെയ്യപ്പെട്ട പ്രത്യേക വിഷയങ്ങളുടെ പരിധിയിൽ കവിഞ്ഞ പ്രാധാന്യം ആ സമ്മേളനത്തിന്നുണ്ടായിരുന്നു. സഹോദര സോഷ്യലിസ്റ്റ്രാഷ്ട്രങ്ങളിലെ പാർട്ടികളുടെ ഐക്യവും സഹകരണവും കൂടുതൽ സുദൃഢമാക്കുന്നതിൽ ആ സമ്മേളനം മുമ്പോട്ടുള്ള ഒരു കാൽവെയ്പായിരുന്നു. അങ്ങിനെ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ തമ്മിൽ കൂടുതൽ ഉറച്ച ഏകോപനം സാധിയ്ക്കാനതു വഴിവെച്ചു. അവ തമ്മിൽ നിലവിലുള്ള സാഹോദര്യസൌഹൃദത്തിന്റെ അടിസ്ഥാനത്തിൽ സമാധാനത്തിന്റെയും സാർവ്വദേശീയ സുരക്ഷിതത്വത്തിന്റെയും മൌലികതാല്പര്യങ്ങൾക്കനുയോജ്യമായ രാഷ്ട്രീയനയമാണ് അവ പിന്തുടരുന്നതു്; ലോകജനതയുടെ താല്പര്യവും അതുതന്നെയാണ്; അവ തങ്ങളുടെ ദേശീയ താല്പര്യങ്ങളേയും പൊതുവിൽ ലോകത്തിന്റെ താല്പര്യങ്ങളേയുമാണ് സംരക്ഷിക്കുന്നതു്; ഇതു് ചരിത്രഗതിയെ വലിയൊരളവുവരെ സ്വാധീനിയ്ക്കുന്നുമുണ്ടു്.

പ്രധാനപ്പെട്ട സാർവ്വദേശീയ പ്രശ്നങ്ങളെ സംബന്ധിച്ച അഭിപ്രായങ്ങൾ കൈമാറാനും തങ്ങളുടെ വിദേശനയം കൂട്ടായി ചർച്ച് ചെയ്യാനും അതിന്റെ അടിസ്ഥാനത്തിൽ കൂട്ടായി പ്രവർത്തനം സംഘടിപ്പിക്കാനും വേണ്ടി സോഷ്യലിസ്റ്റ് ലോകത്തിന്റെ നേതാക്കന്മാർ യോഗം ചേരുന്നതു് പതിവായിത്തീർന്നിരിക്കുന്നു.

സാർവ്വദേശീയ സ്ഥിതിഗതികളിൽ ഗണ്യമായ മാററങ്ങൾ വന്നിട്ടുണ്ടെന്നും അവ വിധായകമായവയാണെന്നും ക്രിമിയൻ സമ്മേളനത്തിൽ പൊതുവായ അഭിപ്രായഗതിയുണ്ടായി. വ്യത്യസ്ത സാമൂഹ്യ വ്യവസ്ഥകളുള്ള രാജ്യങ്ങൾ തമ്മിൽ സമാധാനത്തോടെ സഹവർത്തിയ്ക്കാമെന്ന തത്വത്തിന്നു് ലോകവ്യാപകമായി അംഗീകാരം സിദ്ധിച്ചതും, സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളും മുതലാളിത്ത രാഷ്ട്രങ്ങളും തമ്മിൽ പരസ്പരനന്മയുടെയടിസ്ഥാനത്തിലുള്ള സാമ്പത്തിക ബന്ധങ്ങൾ വികസിച്ചുവരുന്നതും, ലോകസമാധാനത്തിന്നും സാർവ്വദേശീയ സുരക്ഷിതത്വത്തിന്നും ശക്തികൂട്ടുവാൻ പുതിയ രചനാത്മകമായ നടപടികൾ കൈക്കൊള്ളുവാനുള്ള സാദ്ധ്യതകൾ വർദ്ധിച്ചതും പ്രസ്തുത അഭിപ്രായഗതിയ്ക്കു് അടിസ്ഥാനമായി നിലകൊള്ളുന്നുണ്ടു്. ഇതെല്ലാം സോഷ്യലിസത്തിന്റേതായ സമാധാനനയത്തിന്റെ പ്രത്യക്ഷവും സംശയരഹിതവുമായ ഫലമാകുന്നു. ഇക്കാര്യത്തിൽ താല്പര്യമുള്ള എല്ലാ രാഷ്ട്രങ്ങളും സാർവ്വദേശീയരംഗത്തു കൈവന്നിട്ടുള്ള പുരോഗമനപരമായ നേട്ടങ്ങളെ അരക്കിട്ടുറപ്പിക്കുന്നതിന്നു് സംയുക്തശ്രമങ്ങൾ നടത്തണമെന്നും ഈ വിഷയത്തിൽ ഉണ്ടാക്കിയ ഉടമ്പടികളും കരാറുകളും പ്രാവർത്തികമാക്കണമെന്നും ലോകസമാധാനം കാത്തുസൂക്ഷിക്കുകയെന്ന മുഖ്യ ലക്ഷ്യത്തിലേക്ക് ക്രമത്തിൽ നീങ്ങണമെന്നും സമ്മേളനം ഉറപ്പിച്ചു പ്രസ്താവിച്ചു.

ഈ ലക്ഷ്യം നേടാൻ സോഷ്യലിസ്റ്റ് രാജ്യങ്ങൾ സജീവമായി സഹകരിച്ചു പ്രവർത്തിക്കുമെന്നു് സമ്മേളനത്തിൽ ദൃഢമായി പ്രഖ്യാപിയ്ക്കപ്പെട്ടു; അതോടൊപ്പം സുരക്ഷിതത്വം, സഹകരണം

എന്നിവയ്ക്കു വേണ്ടി ചേരുന്ന അഖിലയൂറോപ്യൻ സമ്മേളനത്തിൻെറ വിജയത്തിന്നായി പ്രയത്നിയ്ക്കാൻ അവർ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തു.

യൂറോപ്യൻ രാഷ്ട്രങ്ങൾ തമ്മിൽ വിപുലവും ദീർഘകാലാടിസ്ഥാനത്തിലുമുള്ളതുമായ സാമ്പത്തികബന്ധങ്ങൾക്കു വേണ്ടിയാണ് സോഷ്യലിസ്റ്റ് രാജ്യങ്ങൾ നിലകൊള്ളുന്നതു്. വിവിധ പൊതുസംഘടനകൾക്കിടയിൽ എല്ലാ വിധത്തിലും വൻതോതിലുള്ള ബന്ധങ്ങൾ സ്ഥാപിക്കുവാനും അവയ്ക്കു് താല്പര്യമുണ്ടു്. സംസ്കാരം, വിനോദസഞ്ചാരം, കായികവിനോദങ്ങൾ എന്നീ രംഗങ്ങളിൽ ബന്ധങ്ങൾ വളർത്താനും അവ ഇഷ്ടപ്പെടുന്നുണ്ടു്.

ക്രിമിയാസമ്മേളനത്തിൻെറ രേഖകൾ ''പ്രാവദ''യിൽ (1973 ആഗസ്റ്റ് 1-ാംനു-) പ്രസിദ്ധപ്പെടുത്തിയിരുന്നതിൽ ഇങ്ങിനെ പറയുന്നു: ''സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ തത്വാധിഷ്ഠിതവും വർഗ്ഗപരവുമായ വിദേശനയമാണു് പിന്തുടരുന്നത്. സമാധാനവും സാർവ്വദേശീയ സുരക്ഷിതത്വവും ശക്തിപ്പെടുത്തുക, എല്ലാ രാജ്യങ്ങളിലേയും വൻകരകളിലേയും ജനതകളുടെ വിമോചനസമരങ്ങൾക്ക് പിന്തുണ നൽകുക, അവയുടെ സ്വാതന്ത്ര്യത്തിന്മേലും പരമാധികാരത്തിന്മേലുമുള്ള കയ്യേററങ്ങളെ എതിർത്തു തോല്പിക്കുക, സ്വന്തം ഇഷ്ടമനുസരിച്ച് ഭാവി നിർണ്ണയിക്കാനുള്ള അവയുടെ അവകാശത്തിന്മേലുള്ള തടസ്സം നീക്കുക—ഇതെല്ലാമാണു് ആ നയത്തിൻെറ ഘടകങ്ങൾ.''

പാരിസ് ഉടമ്പടി കൂടകീട തെററാതെ നടപ്പിൽ വരുത്തണമെന്ന വിയററ്നാം ജനാധിപത്യ റിപ്പബ്ളിക്കിൻെറയും ദക്ഷിണ വിയററ്നാമിലെ താല്ക്കാലിക വിപ്ലവഗവമ്മെണ്ടിൻെറയും നിലപാടിന്നു് ക്രിമിയാസമ്മേളനത്തിൽ പങ്കെടുത്ത രാഷ്ട്രങ്ങളെല്ലാം അചഞ്ചലമായി പിന്തുണ നൽകി. ഇന്തോചീനയിലെ ജനങ്ങൾക്ക് അവരുടെ ഭാവി നിർണ്ണയിക്കാനുള്ള അവസരം നൽകേണ്ടതുണ്ടു്. വിയററ്നാം ജനതയോടുള്ള സാർവ്വദേശീയ സഹഭാവം യോഗത്തിൽവെച്ച് പ്രഖ്യാപിക്കപ്പെട്ടു. വിയററ്നാം ജനാധിപത്യ റിപ്പബ്ലിക്കിന്നു് എല്ലാവിധ സഹായങ്ങളും സഹോദരനിർവ്വിശേഷമായ സഹകരണവും യോഗം വാഗ്ദാനം ചെയ്തു. ലോകത്തെല്ലാ രാജ്യങ്ങളെയും ഉൾപ്പെടുത്തുമാറു് സംഘർഷലഘൂകരണം വ്യാപിപ്പിക്കണമെന്നു് സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾക്കഭിപ്രായമുണ്ടു്. ഇതിന്നു്, ആദ്യമായും പ്രധാനമായും വേണ്ടതു്, സാമ്രാജ്യത്വ ആക്രമണങ്ങൾ മൂലം ഉണ്ടായിട്ടുള്ള സംഘട്ടനങ്ങൾ ഉടനടി പരിഹരിയ്ക്കുകയാണു്.

മദ്ധ്യപൌരസ്ത്യദേശത്തെ സംഘഷ്പൂണ്ണമായ സ്ഥിതിവിശേഷം അവസാനിപ്പിക്കുകയാണ് ഇതിലേററവും പ്രധാനപ്പെട്ട ഒരു കത്തവ്യം. അധിനിവിഷ്ട അറബിപ്രദേശങ്ങളിൽനിന്ന ഇസ്രേലി സേന പിൻമാറുകയും ആ പ്രദേശങ്ങളിലെ രാജ്യങ്ങളുടേയും ജനതകളുടേയും, കൂട്ടത്തിൽ പാലസ്തീനിലെ അറബിജനങ്ങളുടേയും, സ്വാതന്ത്ര്യവും ന്യായമായ അവകാശങ്ങളും അംഗീകരിക്കുകയും ചെയ്തുകൊണ്ട് ആ പ്രശ്നത്തിന്ന് പരിഹാരം കണ്ടേതീരൂ.

ആയുധപ്പന്തയമവസാനിപ്പിക്കുന്നതിന്നും പൊതുവും പൂണ്ണവുമായ നിരായുധീകരണത്തിന്നും വേണ്ടിയാണ് എക്കാലത്തും സോവിയററ് യൂണിയനും സോഷ്യലിസ്റ്റ് സമൂഹവും അടിയുറച്ചുനിന്നിട്ടുള്ളത്. രാഷ്ട്രീയമായ സംഘഷ്ലഘൂകരണം സൈനികരംഗത്തേയ്ക്കും വ്യാപിപ്പിക്കുകയെന്നതാണ് ഇതിന്നുള്ള മുഖ്യമായ നിർദ്ദേശം. ഇക്കാരണത്താലാണ് 1973 ഒക്ടോബറിൽ വിയന്നയിൽവെച്ച് മദ്ധ്യയൂറോപ്പിൽ പടക്കോപ്പുകളും സൈന്യങ്ങളും വെട്ടിക്കുറയ്ക്കണമെന്നാവശ്യപ്പെടുന്നതിന്ന് നടന്ന കൂടിയാലോചനകൾക്ക് സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ വലിയ പ്രാധാന്യം കല്പിക്കുന്നത്.

സംഘഷ്ലഘൂകരണവും സമാധാനപരമായ സഹകരണത്തിന്റെ വികാസവും എല്ലാവരുടെയും, എല്ലാ പുരോഗമന-സമാധാനകാംക്ഷികളുടെയും പിന്തുണയ്ക്കു പാത്രമായിട്ടുണ്ടെന്ന വസ്തുത മനസ്സിലാക്കുന്നതോടൊപ്പം ശീതയുദ്ധത്തിന്റെ ശൈലിയിൽ പ്രവർത്തിക്കുന്നവരും സാർവ്വദേശീയമായ സംഘഷ് ലഘൂകരണപ്രക്രിയയെ എതിർക്കുന്നവരും സൈനിക സജ്ജീകരണവും സൈനികച്ചിലവും വർദ്ധിപ്പിക്കാനാഹ്വാനം നൽകുന്നവരും ഇപ്പോഴുമുണ്ടെന്ന പരമാത്ഥം സമ്മേളനം ഊന്നിപ്പറഞ്ഞു. അതിനാൽ ഇത്തരം ശക്തികളുടെ നയത്തെ ചെറുക്കുന്നതിന്ന് നിരന്തരമായ നടപടികൾ സ്വീകരിക്കേണ്ടതത്യാവശ്യമാണെന്നും, ലോക പൊതുജനാഭിപ്രായത്തെ വഴി തെററിക്കാനും ജനങ്ങൾക്കിടയിൽ അവിശ്വാസവും ശത്രുതയും സൃഷ്ടിച്ചുവിടാനും സോഷ്യലിസത്തിന്റെ പദവിയേയും അന്തസ്സിനേയും അപകടപ്പെടുന്നതിന്നായി സംഘഷ്ലഘൂകരണത്തെ ചൂഷണം ചെയ്യുവാനും ഉള്ള അത്തരക്കാരുടെ ശ്രമങ്ങളെ എതിർത്തു തോല്പിക്കണമെന്നും സമ്മേളനം ഓർമ്മിപ്പിച്ചു.

സമ്മേളനത്തിൽ പങ്കെടുത്ത സഹോദരരാഷ്ട്രങ്ങളുടെ നേതാക്കന്മാർ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾക്കിടയിൽ എല്ലാവിധ സഹകരണവും പ്രോത്സാഹിപ്പിക്കണമെന്ന ആഗ്രഹം പ്രകടിപ്പിക്കുന്നതിൽ ഏകകണ്ഠമായിരുന്നു. സമാധാനത്തിന്നും സോഷ്യലിസ

ത്തിന്നും വേണ്ടി സാർവ്വദേശീയരംഗത്ത് തങ്ങളുടെ ശ്രമങ്ങൾ ഏകോപിപ്പിക്കണമെന്നും അവർ ഐകകണ്ഠ്യേന ആവശ്യപ്പെട്ടു.

ക്രിമിയാസമ്മേളനത്തിൻെറ ഫലങ്ങളിൽ സി. പി. എസ്. യു. കേന്ദ്രക്കമ്മിററിയുടെ പോളിററ് ബ്യൂറോ സംതൃപ്തി പ്രകടിപ്പിച്ചു. സഹോദരരാഷ്ട്രങ്ങൾ തമ്മിൽ എല്ലാവിധത്തിലും സഹകരണം ഊട്ടിവളർത്തുകയെന്നതു് സോവിയററ് വിദേശനയത്തിൻെറ പ്രധാന ലക്ഷ്യമാണെന്നു് അതു തറപ്പിച്ചുപറഞ്ഞു. സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടെ സാർവ്വദേശീയ ഐക്യം ഊട്ടിയുറപ്പിക്കുന്നതിന്നും സോഷ്യലിസ്റ്റ്-കമ്യൂണിസ്റ്റ് നിർമ്മാണപ്രവർത്തനങ്ങളിലും ശാശ്വതസമാധാനത്തിന്നുവേണ്ടിയുള്ള സമരത്തിലും അവർക്കിടയിൽ അടുത്ത സഹകരണം പ്രോത്സാഹിപ്പിക്കുന്നതിന്നും വേണ്ടി മററു കമ്യൂണിസ്റ്റ്-വർക്കേഴ്സ് പാർട്ടികളോടൊപ്പം സി. പി. എസ്. യു. വും തുടർന്നു യത്നിക്കുന്നതാണു്.

സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ നിർണ്ണയിക്കുന്ന തത്വങ്ങളിൽ ഏററവും പ്രധാനപ്പെട്ടതാണ് സോഷ്യലിസ്റ്റ് സാർവ്വദേശീയവാദം. മററു പ്രമാണങ്ങളുടെ ആവിഷ്കരണത്തെ സ്പർശിക്കുന്ന അടിസ്ഥാനപരവും മുഖ്യവുമായ പ്രമാണമാണതു്. പരമാധികാരത്തോടുള്ള പരസ്പരബഹുമാനവും പൂർണ്ണമായ സമത്വവും ആണു് സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങൾക്കടിത്തറയായി നിൽക്കുന്നത്. മുതലാളിത്ത വ്യവസ്ഥയിലന്തർലീനമായിട്ടുള്ള പരസ്പരവൈരുദ്ധ്യങ്ങൾ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങളിൽ കാണുകയില്ല. സോഷ്യലിസ്റ്റ് രാജ്യങ്ങൾ തമ്മിലുള്ള ബന്ധങ്ങളെ സംബന്ധിക്കുന്ന എന്തെങ്കിലും വിഷമതകളോ അഭിപ്രായവ്യത്യാസങ്ങളോ ഉണ്ടെങ്കിൽ അവ സോഷ്യലിസ്റ്റ് സാർവ്വദേശീയവാദത്തിൻെറ അടിസ്ഥാനത്തിൽ പരിഹരിക്കാൻ കഴിയുന്നതാണു്. സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾക്കിടയിലുള്ള ഐക്യത്തെ അവ തകരാറിലാക്കണമെന്നില്ല. എല്ലാതരത്തിലുമുള്ള പ്രതിവിപ്ലവത്തിൻെറയും അട്ടിമറിപ്രവർത്തനങ്ങളുടേയും നേരിട്ടല്ലാതെയുള്ള ആക്രമണങ്ങളുടേയും മുമ്പിൽ ഓരോ സോഷ്യലിസ്റ്റ് രാഷ്ട്രത്തിൻെറയും ലക്ഷ്യത്തെ സജീവമായി കൂട്ടിയിണക്കിക്കൊണ്ടുള്ള ലോകസോഷ്യലിസത്തിൻെറതായ താല്പര്യം എല്ലാ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ കാത്തുസൂക്ഷിക്കേണ്ടിയിരിക്കുന്നു.

പ്രസിഡണ്ട് സാൽവദോർ അല്ലെൻദേയുടെ നേതൃത്വത്തിലുള്ള ചിലിയിലെ നിയമവിധേയമായ പോപ്പുലർ യൂനിററി ഗവൺമെണ്ടിനെ ഫാസിസ്റ്റ് സായുധക്കയ്യേററം വഴി പുറമേനിന്നുള്ള

പിന്തിരിപ്പന്മാരും രാജ്യത്തിന്നകത്തുള്ള പിന്തിരിപ്പൻ ശക്തികളും ചേർന്നു് മറിച്ചിട്ടു. ഇതു് കാണിക്കുന്നതു് പുറത്തും അകത്തുമുള്ള പിന്തിരിപ്പൻ ശക്തികഠം ഏതുസമയത്തും പ്രത്യാക്രമണം നടത്താൻ ഒരുങ്ങിയിരിക്കുകയാണെന്നാണു്. പ്രതിവിപ്ലവപരമായ കയ്യേററങ്ങഠം വഴി സൈനികസർവ്വാധിപത്യഭരണം സ്ഥാപിക്കുവാനും ഭരണഘടന ചവിട്ടിമെതിക്കാനും പ്രാഥമികമായ മനുഷ്യാവകാശങ്ങളെ തോട്ടിലെറിയാനും പൊതുജനരോഷത്തെ ചോരയിൽ മുക്കിക്കൊല്ലാനും അവർക്കു് സങ്കോചമില്ലെന്നാണതു് കാണിക്കുന്നതു്.

സോവിയററു് വിദേശനയം എല്ലായ്പ്പോഴും വർഗ്ഗപരവും സോഷ്യലിസ്റ്റു് ഉള്ളടക്കത്തോടുകൂടിയതുമായിരുന്നിട്ടുണ്ടു്. സോഷ്യലിസ്റ്റു് സ്വഭാവത്തിന്നു് നിരക്കുന്നതാണു് അതിന്റെ സമാധാനവാഞ്ഛ. ലോകസമാധാനകോൺഗ്രസ്സിലെ പ്രതിനിധികളെ അഭിസംബോധനം ചെയ്തുകൊണ്ടു് ലിയനിഡ് ബ്രഷ്നേവ് പറഞ്ഞു:

''സോവിയററു് ജനതയിൽ നിങ്ങഠംക്കു് സദാ വിശ്വാസമർപ്പിക്കാം. അവരുടെ മഹത്തായ വിപ്ലവത്തിന്നുശേഷം ആദ്യവർഷങ്ങളിലും, സോഷ്യലിസ്റ്റു് നിർമ്മാണം നടത്തിവന്നിരുന്ന വർഷങ്ങളിലും, ഫാസിസത്തിന്നെതിരായ യുദ്ധത്തിന്റെ കാലത്തും, യുദ്ധാനന്തരകാലഘട്ടത്തിലും, ഇപ്പോഴും — എല്ലായ്പോഴും അവർ മനുഷ്യരാശിയുടെ താല്പര്യങ്ങഠംക്കുവേണ്ടിയുള്ള സമരത്തിന്റെ മുൻപന്തിയിൽനിന്നിട്ടുണ്ടു്; ഇനിയും തുടർന്നു നില്ക്കുകയും ചെയ്യും.''

ശാശ്വതസമാധാനം കൈവരുത്തുന്നതിന്നുവേണ്ടി കോൺഗ്രസ്സിലെ പ്രതിനിധികഠം നടത്തിയ ചർച്ചകളേയും അന്വേഷണങ്ങളേയും അഭിപ്രായപ്രകടനങ്ങളേയും ക്രോഡീകരിച്ചുകൊണ്ടുള്ള ഒട്ടേറെ രേഖകഠം സമ്മേളനം തയ്യാറാക്കി. രാഷ്ട്രങ്ങഠംക്കുവേണ്ടി ആ രേഖകഠം താഴെപറയുന്ന ആവശ്യങ്ങഠം ഉന്നയിക്കുകയുണ്ടായി:

— സാർവ്വദേശീയ സുരക്ഷിതത്വത്തിന്റെയും, രാഷ്ട്രങ്ങഠം തമ്മിൽ എല്ലാ മേഖലകളിലും പരസ്പരനന്മയെ ലാക്കാക്കിയുള്ള സഹകരണത്തിന്റെയും, ഭൂപരമായ അപരിച്ഛിന്നതയുടേയും, ദേശീയസ്വാതന്ത്ര്യത്തിന്റെയും, പരമാധികാരത്തിന്റെയും, എല്ലാ രാഷ്ട്രങ്ങളുടെയും നിയമപരമായ സമത്വത്തിന്റെയും, ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാതിരിക്കുന്നതിന്റെയും, ബലപ്രയോഗവും ബലപ്രയോഗഭീഷണിയും വർജ്ജിക്കുന്നതിന്റേയും അടിസ്ഥാനത്തിൽ സമാധാനപര

മായ സഹവത്തിത്വത്തിന്റെ തത്വങ്ങരം അംഗീകരിക്കുകയും പ്രാവത്തികമാക്കുകയും ചെയ്യുക;

— വംശീയവാദത്തിന്റെയും കൊളോണിയലിസത്തിന്റെയും പുത്തൻ കൊളോണിയലിസത്തിന്റെയും എല്ലാ പ്രകടരൂപങ്ങളേയും ഇല്ലായ്മചെയ്യുക;

— പൊതുവും സമ്പൂണ്ണവുമായ നിരായുധീകരണം; എല്ലാ സൈനികത്താവളങ്ങളെയും വിദേശസേനകളെയും പിൻവലിക്കൽ; എല്ലാ സൈനികക്കൂട്ടുകെട്ടുകളും റദ്ദാക്കൽ;

— അണുവായുധങ്ങളുടെ ഉപയോഗവും, നിർമ്മാണവും പരീക്ഷണവും സംഭരണവും നിയമവിരുദ്ധമാക്കുന്നതിന്നു് ഒരു സാവ്വദേശീയ കൺവെൻഷൻ അംഗീകരിക്കുക;

— എല്ലാപ്രകാരത്തിലുമുള്ള ആക്രമണം അവസാനിപ്പിക്കുകയും മററു രാജ്യങ്ങളുടെ ഭൂപ്രദേശം ബലപ്രയോഗംവഴി പിടിച്ചെടുക്കാനുള്ള ശ്രമങ്ങളവസാനിപ്പിക്കുകയും ചെയ്യുക;

— ഇപ്പോരം യുദ്ധാവശ്യങ്ങരംക്കായി വിനിയോഗിക്കുന്ന സമ്പത്തു്, ദാരിദ്ര്യവും അജ്ഞതയും രോഗങ്ങളും നിർമ്മാജ്ജനം ചെയ്യാൻ പ്രയോജനപ്പെടുത്തുക; കൂടുതൽ നല്ല വിദ്യാഭ്യാസസൌകര്യങ്ങളും ആരോഗ്യസൌകര്യങ്ങളും സാമൂഹ്യസേവനോപാധികളും ഏർപ്പെടുത്തുക;

— അനീതികരം അവസാനിപ്പിക്കുക; മനുഷ്യാവകാശങ്ങരം കൂടുതൽ ഫലപ്രദമായി സംരക്ഷിക്കുക;

— സ്വന്തം പ്രകൃതിവിഭവങ്ങരം കൈവശംവെക്കാനും നിയന്ത്രിക്കാനും, തങ്ങരംക്കു ശരിയെന്നു തോന്നുന്നവിധം സാമൂഹ്യവും സാമ്പത്തികവുമായ പരിഷ്ക്കാരങ്ങരം നടപ്പിലാക്കാനും എല്ലാ ജനതകരംക്കും അവകാശമുണ്ടായിരിക്കുക;

— സമാധാനം, സുരക്ഷിതത്വം, നീതി എന്നിവയ്ക്കു് ഉറപ്പുവരുത്തുന്നതിന്നു് ഐക്യരാഷ്ട്രസഭാതീരുമാനങ്ങരം നടപ്പിലാക്കുക.

ഈ ആവശ്യങ്ങളെല്ലാം ഐക്യരാഷ്ട്ര ചാർട്ടറിന്നും ബന്ദുങ്ങ്സമ്മേളനതത്വങ്ങരംക്കും അനുസൃതമാകുന്നു. ചേരിചേരാരാഷ്ട്രങ്ങരം അംഗീകരിച്ച തത്വങ്ങളും വ്യത്യസ്ത സാമൂഹ്യവ്യവസ്ഥകളുമുള്ള രാഷ്ട്രങ്ങളുടെ ഭരണാധിപന്മാർ ഒപ്പുവെച്ച സമാധാനക്കരാറുകളും പ്രഖ്യാപനങ്ങളും എല്ലാംതന്നെ ഈ ആവശ്യങ്ങരംക്കു് പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ടു്.


MG-23

സമാധാനം നിലനിൎത്തുന്നതിന്നും ശക്തിപ്പെത്തുടുന്നതിന്നും, അതുപോലെ മററു പ്രധാനപ്രശ്നങ്ങൾ പരിഹരിക്കുന്നതിന്നുംവേണ്ടി നടത്തിയിട്ടുള്ള സംയുക്തശ്രമങ്ങളുടെ ഫലമാണു് കോൺഗ്രസ്സ് അംഗീകരിച്ച രേഖകൾ. എല്ലാ രാഷ്ട്രങ്ങളുടെയും ഏകോപിതമായ സമീപനം ഇതിൽ പ്രതിഫലിച്ചിട്ടുള്ളതായികാണാം. അതുകൊണ്ടു് സാൎവ്വദേശീയസുരക്ഷിതത്വത്തിന്നും നിരായുധീകരണത്തിന്നും ദേശീയസ്വാതന്ത്ര്യത്തിന്നും സാൎവ്വദേശീയസഹകരണത്തിന്നും സമാധാനത്തിന്നുമുള്ള സമാധാനശക്തികളുടെ പ്രവൎത്തനത്തിന്നു് ഈ രേഖകൾ പൊതുവേദിയൊരുക്കുന്നതായിട്ടുവേണം കണക്കാക്കാൻ.

സമാധാനപരമായ സഹവർത്തനം, സോഷ്യലിസ്റ്റ് സാൎവ്വദേശീയവാദം എന്നീ തത്വങ്ങളും പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ള മററു നിയമപ്രമാണങ്ങളും സമാധാനത്തിൽ കഴിയാൻ രാഷ്ട്രങ്ങൾക്കുള്ള പാവനമായ അവകാശത്തെ സമൎത്ഥിക്കുകയും ഉയൎത്തിപ്പിടിക്കുകയും ചെയ്തുകൊണ്ടു് ഇന്നത്തെ ലോകത്തിന്റെ പുരോഗതിക്കു് വമ്പിച്ച സംഭാവന ചെയ്യുന്നു.

755

BRANCH LIBRARY
MAL[illegible]AT
DEVELOPMENT COMMITTEE



АПН